# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കൽപ്പറ്റ മുനിസിപ്പാലിറ്റി

# ഓഡിറ്റ് റിപ്പോർട്ട്

## 2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121

ഇ-മെയിൽ: dowyd.ksad@kerala.gov.in

ഫോൺ : 0493-6203672

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.-എം.3-119/2026

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121
തീയ്യതി: 10/03/2026
ഇ-മെയിൽ: dowyd.ksad@kerala.gov.in
ഫോൺ: 0493-6203672

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
കൽപ്പറ്റ മുനിസിപ്പാലിറ്റി

സർ,

വിഷയം : കൽപ്പറ്റ മുൻസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൽപ്പറ്റ മുൻസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 1-1, 1-25, 1-51 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്(ഉ.പ.സ)
2.ജോയിന്റ് ഡയറക്ടർ,തദ്ദേശസ്വയംഭരണ വകുപ്പ്,വയനാട്.
3.ഓഫീസ് കോപ്പി

നമ്പർ: കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.-എം.3-119/2026 തീയ്യതി: 10/03/2026

## വയനാട് ജില്ലയിലെ കൽപ്പറ്റ മുൻസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ കൽപ്പറ്റ മുൻസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 12-01-2026 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 62 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 28 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 31-01-2026 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ഒ കെ അഗസ്റ്റ്യൻ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 12-01-2026 | 31-01-2026 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 12-01-2026 | 31-01-2026 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. കെ. എം. നവാസ്, ഓഡിറ്റ് ഓഫീസർ

ശ്രീ. കെ. കെ. ബിന്ദു, ഓഡിറ്റ് ഓഫീസർ

ശ്രീ. പി. ഷാജി, അസി. ഓഡിറ്റ് ഓഫീസർ

ശ്രീ. മനോജ് കുമാർ വി. എൻ., അസി. ഓഡിറ്റ് ഓഫീസർ

ശ്രീമതി ഇന്ദു കെ. നായർ, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. വിപിൻ ചന്ദ്രൻ എം. ടി., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അഡ്വ.ടി.ജെ.ഐസക്ക് | ചെയർപേഴ്സൺ | 01-04-2024 | 31-03-2025 |
| ശ്രീ.അലി അസ്ഹർ എൻ കെ | സെക്രട്ടറി | 01-04-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| മുനവർ.കെ | അസിസ്റ്റൻറ് എഞ്ചിനീയർ | 01-04-2024 | 31-03-2025 |
| വിൻസെൻറ്.സി.എ | ക്ലീൻസിറ്റി മാനേജർ | 01-04-2024 | 31-05-2024 |
| ബിന്ദുമോൾ.എൻ | ക്ലീൻസിറ്റി മാനേജർ | 01-06-2024 | 25-09-2024 |
| സത്യൻ.കെ | ക്ലീൻസിറ്റി മാനേജർ | 26-09-2024 | 31-03-2025 |
| അഖിൽ.പി | കൃഷി ഓഫീസർ | 01-04-2024 | 09-12-2024 |
| ശാലിനി.കെ.വി | കൃഷി ഓഫീസർ | 10-12-2024 | 31-03-2025 |
| സജീവൻ.പി.ടി | പ്രിൻസിപ്പാൾ | 01-04-2024 | 31-03-2025 |
| രജനീകാന്ത്.എസ്.എസ് | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 31-03-2025 |
| ഷീബ മുല്ലപ്പള്ളി | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 31-03-2025 |
| മനോജ്.വിയ.ജെ | സീനിയർ വെറ്റിനറി സർജൻ | 01-04-2024 | 31-03-2025 |
| ഗീത.എൻ.പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2024 | 31-03-2025 |
| നിർമ്മൽ.എം.പി | എസ്.സി.ഡി.ഒ | 01-04-2024 | 31-03-2025 |
| ഡോ.മൊയ്തീൻ ഷാ.എം | മെഡിക്കൽ ഓഫീസർ - അലോപ്പതി | 01-04-2024 | 31-03-2025 |
| ഡോണ ജേക്കബ് | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 17-02-2025 |
| അനാമിക മരിയ ബാബു | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 18-02-2025 | 31-03-2025 |
| ഹസ്ന.സി.എച്ച് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 31-03-2025 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | Distress Relief Fund വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല- | 1-1-2 |
| 4 | റീകൺസിലിയേഷൻ - ചെക്കുകളുടെ വിശദാംശങ്ങൾ കെ സ്മാർട്ടിൽ ലഭ്യമല്ല. | 1-1-3 |
| 5 | റീ കൺസിലിയേഷൻ പത്രിക & ബാങ്ക് ബുക്ക് എന്നിവ ലഭ്യമല്ല | 1-1-4 |
| 6 | അക്കൗണ്ടുകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല. | 1-1-5 |
| 7 | ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തുന്നില്ല | 1-1-6 |
| 8 | Prior Period Items - ജേണൽ വൗച്ചറുകൾ സൂക്ഷിക്കുന്നില്ല | 1-1-7 |
| 9 | കൃത്യമായ ഇടവേളകളിൽ ഡിമാന്റ് എൻട്രികൾ നടത്തുന്നില്ല. | 1-1-8 |
| 10 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-9 |
| 11 | Capital Work In Progress -വർക്ക് ഷീറ്റ് ലഭ്യമല്ല | 1-1-10 |
| 12 | വാടക കുടിശ്ശിക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല. | 1-1-11 |
| 13 | ഫെസ്റ്റിവൽ അഡ്വാൻസ് - രജിസ്റ്ററും, വാർഷിക കണക്കും പൊരുത്തപ്പെടുന്നില്ല | 1-1-12 |
| 14 | രജിസ്റ്ററുകൾ ഹാജരാക്കിയില്ല | 1-1-13 |
| 15 | പദ്ധതി പൂർത്തീകരിച്ചിട്ടും മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല. | 1-1-14 |
| 16 | സ്റ്റേൽ ചെക്കുകൾ മുതൽക്കൂട്ടിയില്ല | 1-1-15 |
| 17 | ലൈബ്രറി സെസ്സ് അടവാക്കിയില്ല | 1-1-16 |
| 18 | വസ്തുനികുതി - വാർഷിക കണക്ക് പ്രകാരമുള്ള തുക ഡി.സി.ബി പത്രികയുമായി പൊരുത്തപ്പെടുന്നില്ല | 1-1-17 |
| 19 | License Fees For IFTEOS - രജിസ്റ്ററുകൾ ലഭ്യമല്ല | 1-1-18 |
| 20 | വാർഷിക കണക്ക് - ടാക്സ് റെമിഷൻ - രേഖകൾ ലഭ്യമല്ല | 1-1-19 |
| 21 | ബാധ്യത ഹെഡിലെ തുകകൾ അടവാക്കിയ വിവരം ലഭ്യമല്ല. | 1-1-20 |
| 22 | വാർഷിക കണക്കുകൾ സമയപരിധിക്കുള്ളിൽ സമർപ്പിച്ചില്ല | 1-1-21 |
| 23 | സസ്പെൻസ് അക്കൗണ്ട് ഹെഡ്ഡിൽ ഉൾപ്പെടുത്തിയ തുകയുടെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല | 1-1-22 |
| 24 | വായ്പയിനത്തിൽ B-5 ലെ തുക B-16 ലെ തുകയുമായി പൊരുത്തപ്പെടുന്നില്ല. | 1-1-23 |
| 25 | പ്രത്യേക ആവശ്യ ഗ്രാന്റുകൾക്ക് ബാങ്ക് അക്കൗണ്ട് സൂക്ഷിക്കുന്നില്ല | 1-1-24 |
| 26 | ബാലൻസ് ഷീറ്റിലെ ബി1 ഷെഡ്യൂൾ പ്രകാരമുള്ള ഇൻകം ഓവർ എക്സ്പെന്റിച്ചർ കെ സ്മാർട്ടിലെ വെർട്ടിക്കൽ സ്റ്റേറ്റ്മെന്റുമായി (Vertical Statement -B1)പൊരുത്തപ്പെടുന്നില്ല | 1-1-25 |
| 27 | ബജറ്റ് | 1-2 |

| | | |
|---|---|---|
| 28 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 29 | ഫണ്ട് വിനിയോഗം (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 1-4 |
| 30 | പദ്ധതി അവലോകനം | 1-5 |
| 31 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി | 1-6 |
| 32 | ക്ഷേമ പദ്ധതികൾ | 1-7 |
| 33 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 34 | ആഭ്യന്തരണ നിയന്ത്രണം | 1-9 |
| 35 | സുലേഖ സ്റ്റേറ്റ്മെന്റിൽ വ്യത്യാസം | 1-10 |
| 36 | K-Smart സംവിധാനം ഓഡിറ്റിന്റെ സുഗമമായ പ്രവർത്തനത്തെ ബാധിക്കുന്നു. | 1-11 |
| 37 | കൽപ്പറ്റ നഗരസഭയുടെ നികുതിയേതര വരുമാനം സംബന്ധിച്ച് | 1-12 |
| 38 | കൽപ്പറ്റ നഗരസഭയിലെ 2024-25 വർഷത്തെ ലേലം സംബന്ധിച്ച് | 1-13 |
| 39 | ബിൽഡിംഗ് പെർമിറ്റ് നൽകാത്ത കെട്ടിടത്തിന്റെ വസ്തുനികുതി ഈടാക്കി ലൈസൻസ് അനുവദിച്ചു. | 1-14 |
| 40 | കെട്ടിടങ്ങളുടെ നികുതി തെറ്റായി നിർണ്ണയിച്ചതുമൂലം നികുതി നഷ്ടം സംഭവിച്ചിട്ടുണ്ട് | 1-15 |
| 41 | കെ-സ്മാർട്ട് സോഫ്റ്റ്‌വെയർ പ്രകാരം വൻ തുക പിരിച്ചെടുക്കാൻ ശേഷിക്കുന്നു. | 1-16 |
| 42 | ടർഫിന്റെ നിർമ്മാണം യഥാസമയം കണ്ടെത്തി നടപടി സ്വീകരിച്ചില്ല | 1-17-1 |
| 43 | ടർഫിന് വസ്തു നികുതി ഈടാക്കാത്തകിനാൽ നഷ്ടം സംഭവിച്ചിട്ടുണ്ട് | 1-17-2 |
| 44 | പെർമിറ്റ് എടുക്കാതെ നഗരസഭയിൽ ടർഫ് പ്രവർത്തിക്കുന്നു | 1-17 |
| 45 | നഗരസഭാ പരിധിയിൽ പുഷ്പോത്സവം നടന്ന വകയിൽ ലഭ്യമാകേണ്ട വിനോദ നികുതി സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയിട്ടില്ല | 1-18 |
| 46 | ഗുണഭോക്തൃവിഹിതം സ്വീകരിച്ചതിൽ അപാകത | 1-19 |
| 47 | നഗരസഭ ഓഫീസിന് നെറ്റ് വർക്ക് സംവിധാനം ഏർപ്പെടുത്തൽ - വിനിയോഗ വിവരം നൽകാത്തതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 1-20 |
| 48 | യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാത്തതിന് കരാറുകാരിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല. | 1-21 |
| 49 | വെള്ളാരംകുന്ന് എഫ്.എസ്.ടി.പി മേൽക്കൂര മാറ്റിവെക്കൽ പ്രവൃത്തി- കേരള പൊതുമരാമത്ത് മാന്വൽ നിർദ്ദേശങ്ങൾ പാലിച്ചില്ല. | 1-22 |
| 50 | തെരുവ് വിളക്ക്-ആന്വൽ മെയിന്റൻസ് കോൺട്രാക്ട്-അപാകതകൾ | 1-23 |
| 51 | മുണ്ടേരിയിലെ കുട്ടികളുടെ പാർക്ക് നടത്തിപ്പിനായി നൽകിയെങ്കിലും പ്രവർത്തിക്കുന്നില്ല | 1-24 |
| 52 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി- ഓഡിറ്റ് നിരീക്ഷണങ്ങൾ | 1-25 |
| 53 | തുക നൽകി വർഷം പിന്നിട്ടിട്ടും ഡയാലിസിസ് കിറ്റുകൾ ലഭ്യമായിട്ടില്ല. | 1-26 |
| 54 | അതിദരിദ്രർക്കുള്ള പദ്ധതി-മരുന്നുകൾ ലഭ്യമായില്ല. | 1-27 |
| 55 | "ജനറൽ ആശുപത്രിക്ക് മരുന്ന് അനുബന്ധചെലവുകൾ "- മരുന്നുകൾ ലഭ്യമായിട്ടില്ല. | 1-28 |

| | | |
|---|---|---|
| 56 | തുക അനുവദിച്ചതും യഥാർത്ഥബില്ലുകളും തമ്മിൽ വ്യത്യാസം-തുക തടസ്സപ്പെടുത്തുന്നു | 1-29 |
| 57 | പെയിൻ & പാലിയേറ്റീവ് പദ്ധതികൾ-അത്യാവശ്യമരുന്നുകൾക്ക് തുക നൽകിയിട്ടും മരുന്നുകൾ ലഭ്യമായിട്ടില്ല. | 1-30 |
| 58 | " ഉന്നത വിദ്യാഭ്യാസമുള്ള വീട്ടമ്മമാർക്ക് മൽസര പരീക്ഷകൾക്ക് പിന്തുണയും പരിശീലനവും "- ന്യൂനതകൾ | 1-31 |
| 59 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. | 1-32 |
| 60 | സമഗ്ര ശിക്ഷ കേരളം - വിഹിതം നൽകൽ - മോണിറ്ററിംഗ് | 1-33 |
| 61 | കെട്ടിടങ്ങളുടെ ഡിജിറ്റൽ വിവര ശേഖരണം -ഓഡിറ്റ് നിരീക്ഷണങ്ങൾ | 1-34 |
| 62 | ടൗൺ ഹാൾ നിർമ്മാണം തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-35 |
| 63 | നഗരസഭയുടെ കീഴിലുള്ള വിവിധ സ്കൂളുകളിലേക്ക് വാങ്ങിയ ജംഗമ ആസ്തികളുടെ സമാഹരണം നഗരസഭയുടെ ജംഗമ വസ്തുക്കളുടെ ആസ്തി/ സ്റ്റോക്ക് രജിസ്റ്ററിലും രേഖപ്പെടുത്തിയിട്ടില്ല | 1-36 |
| 64 | PMAY -ലൈഫ് ഭവന പദ്ധതി ഭവനനിർമ്മാണം പൂർത്തിയാക്കാൻ അവശേഷിക്കുന്നു. | 1-37 |
| 65 | വാഹനം വാടക നൽകൽ- അപാകതകൾ | 1-38 |
| 66 | പഞ്ചിംഗ് മെഷീൻ ലഭിച്ചിട്ടില്ല. | 1-39 |
| 67 | ഈട്ടി മരം മുറിച്ച് മാറ്റിയത് കുപ്പാടിയിലുള്ള വനം വകുപ്പ് ഡിപ്പോയിലേക്ക് മാറ്റിയിട്ടില്ല | 1-40 |
| 68 | വയോമിത്രം പദ്ധതി-മരുന്ന് ലഭ്യമാകാത്തതിനാൽ പദ്ധതി നടത്തിപ്പിൽ വീഴ്ച. | 1-41 |
| 69 | പട്ടികജാതി വികസന ഓഫീസർ നടപ്പിലാക്കിയ ഭവന റിപ്പയർ, പഠനമുറി നിർമ്മാണം എന്നിവയിലെ അപാകതകൾ | 1-42 |
| 70 | ഫിഷ് മാർക്കറ്റ് മാലിന്യസംസ്കരണപ്ലാന്റ്-പ്രവർത്തിക്കുന്നില്ല. | 1-43 |
| 71 | Faecal Sludge Treatment Plant -പ്രവർത്തിക്കുന്നില്ല. | 1-44 |
| 72 | സെപ്റ്റേജ് മാലിന്യസംസ്കരണം-ലഭിക്കാനുള്ള മുഴുവൻ തുകയും ലഭിച്ചില്ല. | 1-45 |
| 73 | ഖരമാലിന്യസംസ്കരണം-കണക്കുകൾ സൂക്ഷിക്കുന്നില്ല. | 1-46 |
| 74 | കൽപ്പറ്റ നഗരസഭയുടെ ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളും കണക്കുസൂക്ഷിപ്പും | 1-47 |
| 75 | ഫെസ്റ്റിവൽ അഡ്വാൻസ് തിരികെ ലഭ്യമായില്ല. | 1-48 |
| 76 | ഹെൽത്ത് ഗ്രാന്റ് അവലോകനം | 1-49 |
| 77 | തൊഴിൽ നികുതി രജിസ്റ്ററുകൾ ഹാജരാക്കായിട്ടില്ല | 1-50 |
| 78 | വസ്തു നികുതി-വേക്കൻസി റെമിഷൻ - രേഖകളും രജിസ്റ്ററുകളും സൂക്ഷിച്ചിട്ടില്ല. | 1-51 |
| 79 | കെ-സ്മാർട്ട് സോഫ്റ്റ്‌വെയറിൽ വസ്തു നികുതി ഓഡിറ്റ് ചെയ്യുമ്പോളുള്ള പ്രയാസങ്ങൾ | 1-52 |
| ഭാഗം **2** | | |
| 1 | Septage Treatment Plant-ലഭിക്കാനുള്ള തുക ഈടാക്കിയിട്ടില്ല. | 2-1 |
| ഭാഗം **3** | | |

--- No Records Found ---

## ഭാഗം 4



| | | |
|---|---|---|
| 1 | മെഡിസെപ് | 4-1 |
| 2 | വാർഷിക കണക്ക് പരിശോധിച്ച വിവരം | 4-2 |
| 3 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-5 |
| 6 | വായ്പ / വായ്പാതിരിച്ചടവ് | 4-6 |
| 7 | സ്ഥിര നിക്ഷേപങ്ങൾ | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-10 |
| 11 | ഓഡിറ്റ് പ്രത്യാവലോകനം | 4-11 |
| 12 | തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം | 4-12 |



## അനുബന്ധം



| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | Abstract Of Annual Financial Statements |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1.കൽപ്പറ്റ മുനിസിപ്പാലിറ്റിയുടെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 28-11-2025 തീയതിയിലെ തീരുമാനം നമ്പർ 1/1/25 പ്രകാരം അംഗീകരിച്ച് 02-12-2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ് ചട്ടങ്ങൾ), കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭസ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി & എജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, നഗരപാലിക സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലികാ സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ സാക്ഷ്യപത്രം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കൽപ്പറ്റ മുനിസിപ്പാലിറ്റിയുടെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം:കൽപ്പറ്റ
തീയതി:10.03.2026

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം വയനാട്

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ എന്നിവ ഉണ്ടായിരിക്കേണ്ടതും ധനകാര്യ പത്രികകളിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഓഡിറ്റിന് സമർപ്പിച്ച 2024-25 വർഷത്തെ വാർഷിക കണക്കുകളോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിങ്ങ്

നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഇല്ല. സാമ്പത്തിക പത്രികയിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല. കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 57 അനുസരിച്ച് മാസാന്ത്യ ധനകാര്യ പത്രികയും തയ്യാറാക്കിയിട്ടില്ല.

## 1-1-2 Distress Relief Fund വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല-

ബാലൻസ് ഷീറ്റ് ബി-2 ഷെഡ്യൂൾ പ്രകാരം Distress Relief Fund ഇനത്തിൽ ബാധ്യത 12203/- രൂപയാണ്. എന്നാൽ Distress Relief Fund സൂക്ഷിക്കുന്ന അക്കൗണ്ടിൽ (RELIEF FUNDOCB 4235)18144/- രൂപ നീക്കിയിരിപ്പുണ്ട്. ബാങ്ക് അക്കൗണ്ടിലെ തുക വാർഷിക കണക്കിലെ ബി-2 ൽ ഉൾപ്പെടുത്താത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (22/22.01.2026) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 1-1-3 റീകൺസിലിയേഷൻ - ചെക്കുകളുടെ വിശദാംശങ്ങൾ കെ സ്മാർട്ടിൽ ലഭ്യമല്ല.

2024-25 വാർഷിക കണക്ക് പ്രകാരം B-17 ഷെഡ്യൂളിലെ ചുവടെ കൊടുക്കുന്ന അക്കൗണ്ടുകളിലെ റീ കൺസിലിയേഷൻ പത്രിക പ്രകാരമുള്ള വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | അക്കൗണ്ട് നമ്പർ | ഇനം | തുക (₹) |
|---|---|---|---|
| 1 | CFC BASIC AND TIED 1719 A/C No. 075701001719 | Cheques Issued But Not Presented Into Bank | 14,72,058 |
| 2 | EPOS Federal | Cheques Deposited But Not Collected- | 897 |
| | | Cheques Deposited But Not Collected(old) | 88,047 |
| 3 | OWN FUND SBI 10917 | Cheques Issued But Not Presented Into Bank | 1,32,97,246 |
| | | Directly Credited By Bank(Freeze) | 3,30,922 |
| | | Cheques Deposited But Not Collected- | 25,90,820.5 |
| | | Cheques Deposited But Not Collected(old) | 5,50,016 |

കെ സ്മാർട്ട് സോഫ്റ്റ്‌വെയറിലെ റിക്കൺസിലിയേഷൻ പത്രികയിൽ ഇത്തരത്തിൽ ആകെ തുകകൾ പരാമർശിച്ചിട്ടുണ്ടെങ്കിലും ചെക്ക് തിരിച്ചുള്ള വിവരങ്ങൾ ലഭ്യമല്ല. ആയതിനാൽ ഒരോ ചെക്കിന്റെയും വിശദാംശങ്ങൾ ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(18/19.01.2026) നൽകിയ മറുപടിയോടൊപ്പം ചെക്കിന്റെ വിശദാംശങ്ങൾ ഹാജരാക്കിയിട്ടുണ്ട്. എന്നാൽ ആയത് കെ-സ്മാർട്ട് ലോഗിനിൽ പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങൾ അക്കൗണ്ടന്റ് ലോഗിൻ, സെക്രട്ടറി ലോഗിൻ ,ഓഡിറ്റർ ലോഗിൻ എന്നിവയിൽ ലഭ്യമല്ല. റീകൺസിലേഷൻ റിപ്പോർട്ടിൽ അബ്സ്ട്രാക്ട് മാത്രമാണ് ലഭ്യമാകുന്നത് എന്നും ചെക്കുകളുടെ നമ്പർ, തുക, തീയതി എന്നിവ ലഭ്യമാകുന്നില്ല എന്നും മറുപടി നൽകിയിട്ടുണ്ട്. അപാകതകൾ IKM ന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് എന്ന് മറുപടി നൽകിയിട്ടുണ്ട്. ചെക്ക് തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാത്തതിനാൽ മേൽ പറഞ്ഞ ആകെ തുകകളുടെ കൃത്യത ഓഡിറ്റിൽ ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല. ആയതിനാൽ ചെക്ക് തിരിച്ചുള്ള തുകകളുടെ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-1-4 റീ കൺസിലിയേഷൻ പത്രിക & ബാങ്ക് ബുക്ക് എന്നിവ ലഭ്യമല്ല

2024-25 വാർഷിക കണക്ക് പ്രകാരം B-17 ഷെഡ്യൂളിലെ ചുവടെ കൊടുക്കുന്ന അക്കൗണ്ടുകളുടെ റീ കൺസിലിയേഷൻ പത്രികകൾ കെ സ്മാർട്ടിൽ ലഭ്യമല്ല.വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | അക്കൗണ്ട് നമ്പർ | B-17 പ്രകാരമുള്ള തുക (₹) |
|---|---|---|
| 1 | CB - 100097912 | 21,320 |
| 2 | SBoI - 67014688618 | 12,807 |
| 3 | 1801 - 100000050 | 2,09,754 |

| | | |
|---|---|---|
| 4 | 1801 - 100000107 | 1,00,000 |
| 5 | 1801 - 100000108 | 40,02,897 |
| 6 | 1801 - 100000186 | 8,724 |

റീകൺസിലിയേഷൻ പത്രികകൾ ഹാജരാക്കേണ്ടതാണ്.കൂടാതെ കെ സ്മാർട്ടിൽ നിന്നും ലഭിക്കുന്ന ബാങ്ക് ബുക്കുകളിൽ യാതൊരു രേഖപ്പെടുത്തലുകളും ഇല്ലാത്തതിനാൽ വാർഷിക കണക്ക് പ്രകാരമുള്ള തുകകളുടെ കൃത്യത ഉറപ്പു വരുത്തുന്നതിനുള്ള രേഖകൾ / അധിക വിവരങ്ങൾ എന്നിവ ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/19.01.2026)നൽകിയ മറുപടി ചുവടെ കൊടുക്കുന്നു.

1. ക്രമനമ്പർ ഒന്നിൽ സൂചിപ്പിച്ചിരിക്കുന്ന അക്കൗണ്ട് പോസ്റ്റ് ഓഫീസ് അക്കൗണ്ട് ആണ് എന്നും, ഈ അക്കൗണ്ട് സംബന്ധിച്ച വിവരങ്ങൾക്കായി പോസ്റ്റ് ഓഫീസ് കത്തിൽ നൽകിയപ്പോൾ അത്തരത്തിലുള്ള അക്കൗണ്ട് നിലവിലില്ല എന്ന മറുപടിയാണ് ലഭ്യമായത് എന്ന കത്തിന്റെ പകർപ്പ് ഹാജരാക്കിയിട്ടുണ്ട്.

2. ക്രമനമ്പർ രണ്ടിൽ പരാമർശിക്കുന്ന അക്കൗണ്ടിൽ 2024 -25 സാമ്പത്തിക വർഷത്തിൽ ഒരു വരവ് ചെലവുകളും ഉള്ളതായി സ്റ്റേറ്റ്മെന്റിൽ ഇല്ല. ഇത്തരത്തിൽ വരവു ചെലവുകൾ ഇല്ലാത്ത അക്കൗണ്ട് കെ സ്മാർട്ടിൽ റീ കൺസിലിയേഷൻ ചെയ്യാൻ സാധിക്കുകയില്ലാത്തതിനാൽ റീ കൺസിലിയേഷൻ പത്രിക ലഭ്യമല്ല എന്ന് മറുപടി നൽകിയിട്ടുണ്ട്

3. ക്രമനമ്പർ 3 4 5 6 എന്നിവയിൽ പരാമർശിച്ചിരിക്കുന്നത് ട്രഷറി അക്കൗണ്ടുകളാണ് എന്നും, ട്രഷറി അക്കൗണ്ടുകളുടെ സ്റ്റേറ്റ്മെന്റ് BIMS സോഫ്റ്റ്‌വെയറിൽ ലഭിക്കുന്നില്ലയെന്നും, 2024-25 സാമ്പത്തിക വർഷത്തിൽ ഈ അക്കൗണ്ടുകളിൽ വരവ് ചെലവുകൾ വന്നിട്ടില്ലാത്തതിനാൽ റീ കൺസിലിയേഷൻ ചെയ്യുന്നതിന് കെ സ്മാർട്ടിൽ സാധിച്ചിട്ടില്ലായെന്നും, പ്രസ്തുത അക്കൗണ്ടുകളുടെ വിവരങ്ങൾ ട്രഷറിയിൽ നിന്നും ലഭ്യമാക്കി റീ കൺസിലിയേഷൻ നടത്തി ഓഡിറ്റിന് ഹാജരാക്കുന്നതാണ് എന്നും മറുപടി നൽകിയിട്ടുണ്ട്.

വാർഷിക കണക്ക് പ്രകാരമുള്ള തുകകളുടെ കൃത്യത പരിശോധിക്കാൻ ആവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-1-5 അക്കൗണ്ടുകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല.

2024-25 വാർഷിക കണക്ക് പ്രകാരമുള്ള ചുവടെ കൊടുക്കുന്ന അക്കൗണ്ടുകൾ മുൻ വർഷങ്ങളിലെ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല.

2024-25 വാർഷിക കണക്ക് പ്രകാരമുള്ള അക്കൗണ്ട് ഹെഡുകൾ

| ക്രമ ന. | ഹെഡ് കോഡ് | ബാങ്ക് അക്കൗണ്ട് | റിമാർക്സ് |
|---|---|---|---|
| 1 | 4502101 | HEALTH GRANT INFRA – 7130995676 | ബാങ്ക് പാസ്സ് ബുക്ക് പ്രകാരം ടി അക്കൗണ്ടിൽ 01.04.2024 ൽ 2771579 രൂപ ഓപ്പണിംഗ് ബാലൻസുണ്ട്. |
| 2 | 4502101 | IB - 075701002443 | - |
| 3 | 4502101 | IB - 075701002446 | - |
| 4 | 4502101 | IB 7280249692 AMRUT | - |
| 5 | 4502101 | IEC100 2447 | - |
| 6 | 4502101 | IECTOILET1939 | - |

| | | | |
|---|---|---|---|
| 7 | 4502101 | SBI CURRENT ACCOUNT 40155084792 | ബാങ്ക് പാസ്സ് ബുക്ക് പ്രകാരം ടി അക്കൗണ്ടിൽ 01.04.2024 ൽ 54227/- രൂപ ഓപ്പണിംഗ് ബാലൻസുണ്ട്. |
| 8 | 4502101 | SIB 0536053000008607 | ബാങ്ക് പാസ്സ് ബുക്ക് പ്രകാരം ടി അക്കൗണ്ടിൽ 01.04.2024 ൽ 58341 രൂപ ഓപ്പണിംഗ് ബാലൻസുണ്ട്. |
| 9 | 4502201 | TEASURY PF 799010100367389 | GPG ഫണ്ട് |
| 10 | 4502201 | Treasury 799013000000533 | ട്രഷറി തനത് ഫണ്ട് |

മേൽ അക്കൗണ്ടുകൾ മുൻ വർഷങ്ങളിൽ വാർഷിക കണക്കിൽ ഉൾപ്പെടുത്താത്തതിന് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ക്രമനമ്പർ ഒന്നു മുതൽ എട്ട് വരെയുള്ള ബാങ്ക് അക്കൗണ്ടുകൾ 2023-24 സാമ്പത്തിക വർഷത്തെ വാർഷിക കണക്കിൽ ഉൾപ്പെടുത്താൻ മറന്നുപോയിരുന്നു എന്നും 2024- 25 വാർഷിക കണക്ക് തയ്യാറാക്കുമ്പോൾ ആയത് ഉൾപ്പെടുത്തുകയാണ് ഉണ്ടായത് എന്നുമാണ് അറിയിച്ചിട്ടുള്ളത് . ക്രമനമ്പർ 9, 10 എന്നീ ട്രഷറി അക്കൗണ്ടുകളിൽ 2023 -24 വർഷാവസാനം സീറോ ബാലൻസ് ആയിരുന്നതിനാൽ ധനകാര്യപത്രിയിലെ ബാലൻസ് ഷീറ്റിൽ കാണാതിരുന്നതെന്ന് മറുപടി നൽകിയിട്ടുണ്ട്. അപാകതകൾ ആവർത്തിക്കാതിരിക്കേണ്ടതാണ്.

## 1-1-6 ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം വസ്തുനികുതി, വാടക, എന്നീ ഇനങ്ങളിൽ കുടിശ്ശിക അവശേഷിക്കുന്നുണ്ട്. ഇവയ്ക്ക് ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്താത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (56/29.01.2026)ഇൻകം ആൻഡ് എക്സ്പെൻഡ് സ്റ്റേറ്റ്മെന്റിൽ വസ്തുനികുതി വാടക എന്നീ ഇനങ്ങളുടെ സെക്ഷനുകളിൽ നിന്നും വിവരങ്ങൾ ലഭ്യമാക്കി കുടിശ്ശികയ്ക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്. വരും വർഷങ്ങളിൽ വിവരങ്ങൾ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-1-7 Prior Period Items - ജേണൽ വൗച്ചറുകൾ സൂക്ഷിക്കുന്നില്ല

ഇൻകം & എക്സ്പെന്റിച്ചർ അക്കൗണ്ടിലെ ഹെഡ് ഓഫ് അക്കൗണ്ടിലെ 2801001 Prior Period Income-7,61,195, അക്കൗണ്ട് ഹെഡ് 2808001 Prior Period Expenses- 2,36,01,826 എന്നിവയുടെ തുകയുടെ വിശദാംശങ്ങളും, ജേണൽ വൗച്ചറുകളും ലഭ്യമാക്കാനാവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി-56/29.01.2026) 2023-24 വാർഷിക കണക്കിലെ റീകൺസിലിയേഷനിലെ അപാകതകൾ പരിഹരിക്കുന്നതിന് വേണ്ടി ചെയ്ത തുകകളാണ് ഈ ഹെഡുകളിൽ പ്രതിഫലിക്കുന്നത് എന്നും, വൗച്ചറുകളും വിശദാംശങ്ങളും സമർപ്പിക്കുന്നതാണ് എന്നും മറുപടി നൽകിയിട്ടുണ്ട്. ഇൻകം & എക്സ്പെന്റിച്ചർ അക്കൗണ്ടിൽ ചെലവ് ഭാഗത്ത് രേഖപ്പെടുത്തിയിരിക്കുന്ന മേൽ തുകകളെ സാധൂകരിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കാത്തതിനാൽ പ്രസ്തുത രേഖപ്പെടുത്തലുകൾ ഓഡിറ്റ് അംഗീകരിക്കുന്നില്ല. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതണ്.

## 1-1-8 കൃത്യമായ ഇടവേളകളിൽ ഡിമാന്റ് എൻട്രികൾ നടത്തുന്നില്ല.

ലെഡ്ജറുകളിൽ വർഷാരംഭത്തിലെ ഡിമാന്റ് എൻട്രി മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. തൻവർഷം വന്ന ഡിമാന്റിന്റെ (സപ്ലിമെന്ററി) വിവരങ്ങൾ ഇല്ല. ടി തുക തന്നെയാണ് വാർഷിക കണക്കിൽ ആകെ വരവുമായി രേഖപ്പെടുത്തിയിരിക്കുന്നത്. ഓഡിറ്റർ ലോഗിനിൽ ഡി സി ബി രജിസ്റ്ററുകൾ ലഭ്യമല്ലാത്തതിനാൽ നഗരസഭയ്ക്ക് തൻ വർഷം ലഭ്യമാകേണ്ടതും, ലഭിച്ചതും, കിട്ടാൻ അവശേഷിക്കുന്നതുമായ തുകകളുടെ വിശദാംശങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല. സെക്രട്ടറി ലോഗിനിൽ ലഭ്യമാണെങ്കിൽ റിപ്പോർട്ട് ഹാജരാക്കാനാവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വറി -56/29.01.2026) നിലവിൽ സെക്രട്ടറി ലോഗിനിലും ഡിസിബി രജിസ്റ്ററുകൾ ലഭ്യമല്ല എന്നും , ഓഡിറ്റർ ലോഗിനിലും സെക്രട്ടറി ലോഗിനിലും ഡിസിബി രജിസ്റ്ററുകൾ ലഭ്യമാക്കുന്നതിന് IKM ന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്. സപ്ലിമെന്ററി ഡിമാന്റുകൾ ഉൾപ്പെടുത്താത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-1-9 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

26/07/2011-ലെ സ.ഉ(കൈ) നം.152/11/എൽ.എസ്.ജി.ഡി. ഉത്തരവ് പ്രകാരം ആസ്തികളുടെ വർഗ്ഗീകരണവും

അക്കൗണ്ടിങ്ങും പൂർത്തിയായിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി തയ്യാറാക്കിയിട്ടില്ല. സ്ഥിര ആസ്തികളുടെ (ഭൂ ആസ്തി ഉൾപ്പെടെ) മൂല്യനിർണ്ണയ പ്രക്രിയ പൂർത്തിയായിട്ടില്ല. ആസ്തികളുടെ മൂല്യനിർണ്ണയം പൂർത്തിയായിട്ടില്ലാത്തതിനാൽ നഗരസഭയുടെ ആസ്തികളുടെ കൃത്യത ഉറപ്പാക്കാൻ സാധിക്കുന്നില്ല. ആസ്തികളുടെ കാൽക്കുലേഷൻ ഷീറ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിലെ ബി-09 ഷെഡ്യൂളിൽ ആസ്തിയായി രേഖപ്പെടുത്തിയിരിക്കുന്ന തുകകളുടെയും ബി-3 ഷെഡ്യൂളിൽ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനായി രേഖപ്പെടുത്തിയിരിക്കുന്ന തുകകളുടെയും കൃത്യത പരിശോധിക്കാൻ സാധിച്ചില്ല.ബാലൻസ് ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലുള്ള ആസ്തി രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (56/29.01.2026) സചിത്ര സോഫ്റ്റ്‌വെയർ കാലികമാക്കുന്ന മുറയ്ക്ക് ബാലൻസ് ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ വിവരങ്ങൾ ഓഡിറ്റ് മുമ്പാകെ ഹാജരാക്കുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്. രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-1-10 Capital Work In Progress -വർക്ക് ഷീറ്റ് ലഭ്യമല്ല

2024-25 ബാലൻസ് ഷീറ്റിൽ 4120101-Capital Work In Progress എന്ന ഹെഡിൽ 217410953/- രൂപ നീക്കിയിരിപ്പുണ്ട്. പാർട്ട് ബിൽ നൽകിയ മരാമത്ത് പ്രവൃത്തികളുടെ വിശദാംശങ്ങളും, ടി പ്രവർത്തികൾ പൂർത്തീകരിക്കാത്തതിന് വിശദീകരണവും നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (56/29.01.2026) ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് എന്ന ഹെഡിലെ നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ 2025- 26 വാർഷിക കണക്ക് തയ്യാറാക്കുന്ന സമയത്ത് കണ്ടെത്തി ഹാജരാക്കുന്നതാണ് എന്ന മറുപടി അംഗീകരിക്കുന്നില്ല. 2024-25 വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുള്ള ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രാം ആയി ഉൾപ്പെടുത്തിയ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-1-11 വാടക കുടിശ്ശിക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല.

നഗരസഭയുടെ കണക്ക് പ്രകാരം 2013-2014 സാമ്പത്തിക വർഷം മുതൽ 31.03.2024 തിയ്യതി വരെ ആന്വിറ്റി ഇനത്തിൽ ₹41,19,319 രൂപ കുടിശ്ശികയായി അവശേഷിക്കുന്നുണ്ട്(2023-24 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-26 കാണുക). മേൽ കുടിശ്ശിക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ഹാജരാക്കാനാവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി- 56/29.01.2026) 2024-25 വാർഷിക കണക്കിൽ ബിഒ ടി ബസ് സ്റ്റാൻഡിന്റെ ആന്വറ്റി ഇനത്തിൽ ലഭിക്കാനുള്ള കുടിശിക തുക ഉൾപ്പെടുത്തിയിട്ടില്ല എന്നും ടി സാമ്പത്തിക വർഷത്തിൽ ഈയിനത്തിൽ വരവ് വന്ന 14,92,493 രൂപ ലീസ് ഓൺ ലാൻഡ് (കറന്റ് ) എന്ന ഹെഡിൽ റസീപ്റ്റ് ചെയ്തിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്. മറുപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല. കുടിശ്ശിക തുക വാർഷിക കണക്കിൽ ഉൾപ്പെടുത്തേണ്ടതും, ഓരോ വർഷവും ഈ ഇനത്തിൽ കിട്ടാനുള്ള തുകയ്ക്ക് ഡിമാൻഡ് എൻട്രി നടത്തേണ്ടതുമാണ്. നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-1-12 ഫെസ്റ്റിവൽ അഡ്വാൻസ് - രജിസ്റ്ററും, വാർഷിക കണക്കും പൊരുത്തപ്പെടുന്നില്ല

2024 -25 വാർഷിക കണക്കിലെ ഫെസ്റ്റിവൽ അഡ്വാൻസ് വിവരങ്ങൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

| ഫെസ്റ്റിവൽ അഡ്വാൻസ് | നൽകിയത് | തിരികെ ലഭിച്ചത് |
|---|---|---|
| രജിസ്റ്റർ | 511000 | 487000 |
| വാർഷിക കണക്ക് (ട്രയൽ ബാലൻസ് ) | 566000 | 591800 |
| വ്യത്യാസം | -55000 | -1048000 |

വ്യത്യാസം വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (25/22.01.2026) താഴെ പറയും പ്രകാരം മറുപടി നൽകിയിട്ടുണ്ട്. ഫെസ്റ്റിവൽ അഡ്വാൻസ് നൽകിയത് രജിസ്റ്റർ പ്രകാരമുള്ള തുകയാണ് എന്നും, എന്നാൽ വാർഷിക കണക്കിലെ ഹെഡിൽ നഗരസഭയിലേക്ക് ട്രാൻസ്ഫറായി വന്ന ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും ഡിഡക്റ്റ് ചെയ്ത് മറ്റ് പഞ്ചായത്തുകളിലേക്ക് ( ഗ്രാമപഞ്ചായത്ത് -45000, ജില്ലാ പഞ്ചായത്ത് – 10000) നൽകിയ തുക കൂടി ഉൾപ്പെടുന്നു എന്നും മറുപടി നൽകിയിട്ടുണ്ട്. ഇതിന് പ്രത്യേക ഹെഡ് നിലവിൽ കെ സ്മാർട്ടിൽ ലഭ്യമല്ലാത്തതിനാലാണ് ഇത്തരത്തിൽ വ്യത്യാസം വന്നത്. ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ തിരികെ ലഭിച്ചത് രജിസ്റ്റർ പ്രകാരമുള്ള തുകയാണ്. എന്നാൽ വാർഷിക കണക്കിലെ ഹെഡിൽ 2024-25 തിരികെ ലഭിച്ച അഡ്വാൻസ് തുകയും ,2023-24 ലെ 70,000 രൂപയും മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് അടവാക്കേണ്ടതായ 42,000 രൂപയും ചേർന്നതാണ്.

കൽപ്പറ്റ മുനിസിപ്പാലിറ്റിയിൽ നിന്ന് ഫെസ്റ്റിവൽ അഡ്വാൻസ് വാങ്ങിയവരുടെയും മറ്റ് തദ്ദേശസ്ഥാപനങ്ങളിൽ നിന്ന് വാങ്ങിയവരുടെയും സാലറിയിൽ നിന്നുള്ള ഡിഡക്ഷൻ ഒരേ ഹെഡിൽ രേഖപ്പെടുത്തിയതിനാൽ ആണ് രജിസ്റ്ററും, വാർഷിക കണക്കും തമ്മിൽ വ്യത്യാസപ്പെട്ടിരിക്കുന്നത്. ടി അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചറിയിക്കേണ്ടതാണ്.

## 1-1-13 രജിസ്റ്ററുകൾ ഹാജരാക്കിയില്ല

ചുവടെ കൊടുക്കുന്ന രജിസ്റ്ററുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

| ക്രമ നം | രജിസ്റ്റർ | വാർഷിക കണക്ക് പ്രകാരമുള്ള തുക |
|---|---|---|
| 1 | വായ്പ | 117967943 (B5) |
| 2 | ഡെപ്പോസിറ്റ് രജിസ്റ്റർ | 13347125.99(B7) |
| 3 | അഡ്വാന്സ് രജിസ്റ്റർ - റവന്യൂ (ഹെഡ് കോഡ് 3504101) | 5465327(B8) |
| 4 | തൊഴിൽ നികുതി (ഡിമാന്റ് ) | 17764467 (I-1) |
| 5 | വിനോദ നികുതി (ഡിമാന്റ് ) | 2118622(I-1) |
| 6 | കെട്ടിട നിർമ്മാണ പെർമിറ്റ് (കളക്ഷൻ) | 5650873(I-4) |
| 7 | ടെണ്ടർ ഫോം (കളക്ഷൻ) | 795893(I-5) |
| 8 | ലൈസൻസ് രജിസ്റ്റർ (ഡിമാന്റ് ) | 3318100(I-4) |

രജിസ്റ്ററുകൾ ഓഡിറ്റിന് ഹാജരാക്കാനവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി-27/22.01.2026) മറുപടി ലഭ്യമാക്കിയിട്ടില്ല. രജിസ്റ്ററുകൾ / ഡി.സി.ബി പത്രികകൾ ഓഡിറ്റിന് പരിശോധിക്കുന്നതിന് പര്യാപ്തമായ രീതിയിൽ തയ്യാറാക്കി ഹാജരാക്കേണ്ടതാണ്.

## 1-1-14 പദ്ധതി പൂർത്തീകരിച്ചിട്ടും മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല.

അഡ്വാൻസ് രജിസ്റ്റർ പ്രകാരം ചുവടെ കൊടുക്കുന്ന തരത്തിൽ നൽകിയ മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല.

| ക്രമ നം | ഹെഡ് കോഡ് | ഏജൻസി / സ്ഥാപനം | തുക / തീയതി |
|---|---|---|---|
| 1 | 4604001-Advance To Suppliers | IRTC – വെള്ളാരംകുന്ന് ട്രീറ്റ്മെന്റ് പ്ലാന്റ് | 13,30,000/ 07.10.2021 |
| 2 | 4605002 -Advance To Implementing Agencies | ഡയറക്ടർ , COST FORD- ഗ്യാസ് ക്രിമിറ്റോറിയം | 1053000/ 29.04.2015 |
| | | | |

| | | | |
|---|---|---|---|
| | | ഡയറക്ടർ , COST FORD- ഗ്യാസ് ക്രിമിറ്റോറിയം | 500000/ 17.08.2016 |
| | | KWA – S Bathery- ഗ്രഡലായി അങ്കണവാടി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 8000/ 13.10.2017 |
| | | KWA – S Bathery-ഫാത്തിമ പാലം – പൈപ്പ് ലൈൻ മാറ്റഇ സ്ഥാപിക്കുന്നത്. | 494099/ 24.03.2025 |
| 3 | 4605003 - Advance To Implementing Officers | കൽപ്പറ്റ വെൽനെസ്സ് സെന്റർ | 5,00,000/ 13.01.2024 |
| | | എമിലി വെൽനെസ്സ് സെന്റർ | 5,00,000/ 13.01.2024 |
| 4 | 4606001 - Electricity Deposits | 01.4.2016 ലെ മുൻബാക്കി | 9,875/ |
| | | സ്ട്രീറ്റ് ലൈറ്റ് | 1,38,493/ 10.03.2017 |
| | | സ്ട്രീറ്റ് ലൈറ്റ് ഇൻസ്റ്റാൾ | 4,00,000/ 20.03.2023 |
| 5 | 4606099- Other Deposits With External Agencies | KWA – S Bathery-ഫാത്തിമ പാലം – പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്നത്. | 98,000/ 31.03.2024 |
| 6 | 4605004 - Temporary Advances For Official Purposes | വിശദാംശങ്ങൾ ലഭ്യമല്ല | 32851400 |

തുകകൾ ക്രമീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങളും, വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (26/22.01.2026) 2025-26 വർഷത്തെ വാർഷിക ധനകാര്യ പത്രിക തയ്യാറാക്കുമ്പോൾ അഡ്വാൻസുകൾ ക്രമീകരിച്ച് അറിയിക്കുന്നതാണെന്ന് മറുപടി അംഗീകരിക്കുന്നില്ല. മുൻകൂർ ക്രമീകരിച്ചതിന്റെ വിവരങ്ങൾ ഹാജരാക്കേണ്ടതാണ്.

## 1-1-15 സ്റ്റേൽ ചെക്കുകൾ മുതൽക്കൂട്ടിയില്ല

2024-25 വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് B8 ഷെഡ്യൂളിൽ 3508001- Liability In Respect Of Stale Cheque എന്ന ഹെഡിൽ 49,73,212 രൂപ നീക്കിബാക്കിയുണ്ട്. ഹാജരാക്കിയ രജിസ്റ്റർ പ്രകാരം മേൽ തുകയിൽ മൂന്ന് വർഷ കാലാവധി കഴിഞ്ഞ 46,60,307 രൂപയുടെ സ്റ്റേൽ ചെക്കുകളുണ്ട്. ആയവ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാത്തതിന് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (23/22.01.2026) മൂന്നുവർഷ കാലാവധി കഴിഞ്ഞ സ്റ്റേൽ ചെക്കുകൾ മുൻസിപ്പാലിറ്റി ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതിനായി ജേണൽ എൻട്രി വരുത്തി ജേണൽ അപ്രൂവനായി സമർപ്പിച്ചിട്ടുണ്ട് എന്ന് മറുപടി നൽകിയിട്ടുണ്ട്. കാലാവധികഴിച്ച സ്റ്റേൽചെക്കുകൾ മുതൽകൂട്ടിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-1-16 ലൈബ്രറി സെസ്സ് അടവാക്കിയില്ല

2024-25 വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് B8 ഷെഡ്യൂളിൽ 3503001 - Government And Other Dues Payable - Library Cess Payable എന്ന ഹെഡിൽ 58,38,295.3 രൂപ നീക്കിബാക്കിയുണ്ട് . 1989 ലെ കേരളഗ്രന്ഥശാലാ ആക്ട് വകുപ്പ് 48(1) പ്രകാരം നിശ്ചിത തുക വസ്തു നികുതിയോടൊപ്പം ഈടാക്കി സംസ്ഥാന ലൈബ്രറി കൗൺസിലിന് നൽകേണ്ടതാണ്. തുക 3 മാസത്തിനുള്ളിൽ ഒടുക്കിയില്ലെങ്കിൽ 2% പിഴ ഈടാക്കാവുന്നതും ആയതിൽ സെക്രട്ടറിയും പ്രസിഡന്റും ബാധ്യസ്ഥരുമാണ്. ലൈബ്രറി സെസ് ഇനത്തിൽ സ്വരൂപിച്ച തുക നാളിതുവരെ ലൈബ്രറി കൗൺസിലിലേക്ക് ഒടുക്ക് വരുത്തിയിട്ടില്ലായെങ്കിൽ വിശദീകരണം നൽകാനാവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി - 24/22.01.2026)മറുപടി നൽകിയിട്ടില്ല. തുക അടവാക്കി വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

## 1-1-17 വസ്തുനികുതി - വാർഷിക കണക്ക് പ്രകാരമുള്ള തുക ഡി.സി.ബി പത്രികയുമായി പൊരുത്തപ്പെടുന്നില്ല

വസ്തുനികുതി ഇനത്തിൽ വാർഷിക കണക്ക് പ്രകാരമുള്ള തുക കെ-സ്മാർട്ട് പ്രകാരമുള്ള ഡി.സി.ബി പത്രികയുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| വസ്തുനികുതി - തൻവർഷം - (1) | വാർഷിക കണക്ക് (2) | ഡി.സി.ബി (3) | വ്യത്യാസം (2)-(3) |
|---|---|---|---|
| ഡിമാന്റ് (ലൈബ്രറി സെസ്സ് ഇല്ലാതെ) | 52115704 | 52116352 | -648 |
| കളക്ഷൻ (ലൈബ്രറി സെസ്സ് ഇല്ലാതെ) | 37554335.5 | 43018638.5 | -5464303 |
| ബാലൻസ് (ലൈബ്രറി സെസ്സ് ഉൾപ്പെടെ) | 7783984.5 | 9178144.5 | -1394160 |
| വസ്തുനികുതി - കുടിശ്ശിക | | | |
| ഡിമാന്റ് (ലൈബ്രറി സെസ്സ് ഉൾപ്പെടെ) | 45807635 | 42683586.02 | 3124048.98 |
| കളക്ഷൻ(ലൈബ്രറി സെസ്സ് ഇല്ലാതെ) | 17587830 | 33422180 | -15834350 |
| ബാലൻസ് (ലൈബ്രറി സെസ്സ് ഉൾപ്പെടെ) | 7703926 | 9433164.77 | -1729238.77 |

ഡി.സി.ബി പത്രിക പ്രകാരമുള്ള വിവരങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്താത്തതിന് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (53/28.01.2026) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയും, അനുബന്ധ രേഖകളും ഹാജരാക്കേണ്ടതാണ്.

## 1-1-18 License Fees For IFTEOS - രജിസ്റ്ററുകൾ ലഭ്യമല്ല

വാർഷിക കണക്കിലെ ഇൻകം & എക്സ്പെൻഡീച്ചർ അക്കൗണ്ട്, റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട് പ്രകാരം License Fees For IFTEOS എന്നയിനത്തിൽ ഡിമാന്റും , കളക്ഷനും 3318100/- രൂപയാണ്. ട്രയൽ ബാലൻസ് പ്രകാരം 66500/- രൂപ ഈയിനത്തിൽ ഓപ്പണിംഗ് ബാലൻസ് ഉണ്ട്.2024-25 ൽ 3504101 - Advance Collection Of Revenues എന്ന ഹെഡിൽ 1541455/- രൂപ റവന്യൂ ഇനങ്ങളിൽ അഡ്വാൻസ് ലഭിച്ചിട്ടുണ്ട്.ടി ഹെഡിന്റെ ലെഡ്ജറിൽ ടി തുകകൾ ഏത് ഇനങ്ങളിൽ ലഭിച്ചതാണെന്ന് വ്യക്തമല്ല. കെ സ്മാർട്ട് ഓഡിറ്റർ ലോഗിനിൽ ലൈസൻസ് കളക്ഷൻ രജിസ്റ്റർ ലഭ്യമാണ്. പ്രസ്തുത രജിസ്റ്ററിൽ തൻവർഷം ലഭ്യമായ ലൈസൻസ് ഫീസിൽ 2024-25 മുതൽ 5 വർഷത്തേക്ക് മുൻകൂറായി ലൈസൻസ് ഫീസ് ഈടാക്കിയതിന്റെ വിവരങ്ങളും ഉൾപ്പെടുന്നു. കൂടാതെ കെ-സ്മാർട്ടിൽ വാർഡ് അടിസ്ഥാനത്തിലോ, നഗരസഭാടിസ്ഥാനത്തിലോ ഡി.സി.ബി റിപ്പോർട്ട് ഓഡിറ്റർ ലോഗിനിൽ ലഭ്യമല്ല.

സെക്രട്ടറി / സെക്ഷൻ ലോഗിനിൽ ഡി.സി.ബി റിപ്പോർട്ട് ലഭ്യമാണെങ്കിൽ ആയത് ഹാജരാക്കുകയും , ഓഡിറ്റർ ലോഗിനിൽ ആയത് പരിശോധിക്കുന്നതിനുള്ള പ്രിവിലേജ് അനുവദിച്ചു തരുന്നതിനും, 3504101 - Advance Collection Of Revenues എന്ന ഹെഡിൽ ലഭിച്ച അഡ്വാൻസ് ലൈസൻസ് ഫീസിന്റെ വിവരങ്ങൾ സെക്രട്ടറി / സെക്ഷൻ ലോഗിനിൽ ലഭ്യമാണെങ്കിൽ ആയത് ഹാജരാക്കുന്നതിനും,ഓഡിറ്റർ ലോഗിനിൽ ആയത് പരിശോധിക്കുന്നതിനുള്ള പ്രിവിലേജ് അനുവദിച്ചു തരുന്നതിനും, മാനുവൽ ലൈസൻസ് ഡിമാന്റ്, കളക്ഷൻ, ബാലൻസ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിൽ ആയത് ഓഡിറ്റിന് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (57/29.01.2026) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-1-19 വാർഷിക കണക്ക് - ടാക്സ് റെമിഷൻ - രേഖകൾ ലഭ്യമല്ല

2024-25 വാർഷിക കണക്കിലെ ഇൻകം & എക്സിപെന്റീച്ചർ അക്കൗണ്ടിൽ ചുവടെ കൊടുക്കുന്ന തരത്തിൽ തുക പരാമർശിച്ചിട്ടുണ്ട്.

| | ഇൻകം & എക്സിപെന്റീച്ചർ അക്കൗണ്ട് | | ലെഡ്ജർ പ്രകാരമുള്ള തുക | | |
|---|---|---|---|---|---|
| ക്രമ നം | ഹെഡ് കോഡ് | തുക | ജേണൽ നമ്പർ | തുക | റിമാർക്സ് |
| 1 | 1109001- Tax Remission & Refund - Property Tax(General) | -20982274 | J-M120100-25000544 - 311.3.2025 Receivables For Property Taxes (Arrears) | -15669637 | Vacancy Remission , Stay And Excemption Amount Of Arrear As Per IKM KSMART Report |
| | | | J-M120100-25000541 - | -5312637 | Vacancy Remission , Stay And Excemption |

| | | | | | |
|---|---|---|---|---|---|
| | | | 31.03.2025 Rent Receivable From Buildings (Current) | | Amount Of Arrear As Per IKM KSMART Report |
| 2 | 1109002 - Tax Remission & Refund - Service Cess | -2098228 | J-M120100-25000554-31.03.2025 Receivables For Service Cess (Current) | -531264 | REMISSION , EXCEMPTION AND STAY AMOUNT AS PER IKM KSMART DCB REPORT |
| | | | J-M120100-25000556 - Receivables For Service Cess (Arrears) | -1566964 | REMISSION , EXCEMPTION AND STAY AMOUNT AS PER IKM KSMART DCB REPORT |

ഇത്തരത്തിൽ ജേണൽ ചെയ്യുന്നതിനാധാരമായ IKM റിപ്പോർട്ട്, ജേണൽ ചെയ്ത തുകകളുടെ വിശദാംശങ്ങൾ, കെട്ടിടങ്ങളുടെ വിവരങ്ങൾ എന്നിവ ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (9/19.01.2026) ലഭ്യമാക്കിയ മറുപടി ചുവടെ കൊടുക്കുന്നു.

ഐ.കെ.എം ലഭ്യമാക്കിയ ഡി.സി.ബി പത്രിക പ്രകാരമാണ് വാർഷിക കണക്ക് തയ്യാറാക്കിയത്. വസ്തുനികുതി , വേക്കൻസി റെമിഷൻ, പ്രോസിക്യൂഷൻ , സ്റ്റേ, കൗൺസിൽ ഡിസിഷൻ തുടങ്ങിയവ വഴി നികുതി ഒഴിവാക്കപ്പെട്ടവയുടെ കണക്കുകളുടെ തരം തിരിച്ചുള്ള തുക IKM നൽകിയ പ്രകാരമുള്ള വസ്തുനികുതിയുടെ ഡി.സി.ബി പത്രികയിൽ ലഭ്യമല്ല. വേക്കൻസി റെമിഷൻ, പ്രോസിക്യൂഷൻ, സ്റ്റേ, കൗൺസിൽ ഡിസിഷൻ, നികുതി ഒഴിവാക്കപ്പെട്ടവ, മുൻവർഷ കളക്ഷനിൽനിന്നുള്ള അഡ്ജസ്റ്റ് മെന്റ് എന്നിവയിൽ ഉൾപ്പെട്ട ഒരോ കെട്ടിടങ്ങളുടെയും വിശദാംശങ്ങളും, വസ്തു നികുതിയുടെ വിശദാംശങ്ങളും സംബന്ധിച്ച രജിസ്റ്ററുകൾ കെ സ്മാർട്ടിൽ ലഭ്യമല്ല. നഗരസഭ ഇത്തരത്തിലുള്ള രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.ഇത്തരത്തിൽ ടാക്സ് റെമിഷൻ നടത്തിയതിന് ഭരണസമിതി അംഗീകാരം നൽകിയതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മറുപടിയിൽ പരാമർശിച്ച കെ സ്മാർട്ടിലെ ടി തുകകളുടെ ആധികാരികത രജിസ്റ്ററുകളുമായി ചേർത്ത് പരിശോധിക്കാൻ സാധിച്ചിട്ടില്ല. (കൂടുതൽ വിവരങ്ങൾക്ക് ഖണ്ഡിക 1-51 കാണുക)

## 1-1-20 ബാധ്യത ഹെഡിലെ തുകകൾ അടവാക്കിയ വിവരം ലഭ്യമല്ല.

2024-25 വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് B8 ഷെഡ്യൂളിൽ ചുവടെ കൊടുക്കുന്ന തുകകൾ ബാധ്യതയായി കാണിച്ചിട്ടുണ്ട്.

| ക്രമ നം | ഹെഡ് കോഡ് | തുക |
|---|---|---|
| 1 | 3501002-Contractors Control Account | 3,03,346 |
| 2 | 3501106-Contribution To Central Pension Fund Payable | 1,43,75,104 |
| 3 | 3501302-Employers Liabilities - EPF | -40925 |
| 4 | 3502018 -Recoveries Payable-Audit Recovery | 67894 |
| 5 | 3501108 - Provident Fund Payable | 1143610 |
| 6 | 3501099 -Other Creditors Controll Account | 518661 |

ക്രമ നമ്പർ 3 ലെ ഹെഡിൽ (3501302-Employers Liabilities - EPF) നെഗറ്റീവ് ബാലൻസ് (-40925) വന്നതിന് വിശദീകരണവും, മേൽ പറഞ്ഞ മറ്റ് തുകകൾ അതത് സ്ഥാപനങ്ങളിൽ / ഏജൻസികളിൽ ഒടുക്ക് വരുത്തിയതിന്റെ വിവരം ഹാജരാക്കുന്നതിനും, നിലവിലും തുകകൾ ഒടുക്ക് വരുത്തിയിട്ടില്ലെങ്കിൽ കാരണം വിശദീകരിക്കാനുമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (22/22.01.2026) )മറുപടി ലഭ്യമാക്കിയിട്ടില്ല.

മറുപടി ലഭ്യമാക്കേണ്ടതും, 3501302-Employers Liabilities - EPF എന്ന ഹെഡിൽ നെഗറ്റീവ് ബാലൻസ് വന്നതിന് വിശദീകരണവും അനുബന്ധ രേഖകളും ഹാജരാക്കേണ്ടതാണ്.

## 1-1-21 വാർഷിക കണക്കുകൾ സമയപരിധിക്കുള്ളിൽ സമർപ്പിച്ചില്ല

കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമ പ്രകാരം സാമ്പത്തിക വർഷം അവസാനിച്ച് നാല് മാസത്തിനുള്ളിൽ വാർഷിക കണക്കുകൾ ഓഡിറ്റിനായി സമർപ്പിക്കേണ്ടതാണ് ( കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 1994- വകുപ്പ് 9 , ഉപവകുപ്പ്

1 ). എന്നാൽ നഗരസഭ വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടുള്ളത് 01-12-2025 നാണ്. ഇത്തരത്തിൽ വാർഷിക കണക്കുകൾ സമർപ്പിക്കുന്നതിന് കാലതാമസം വന്നതിന് വിശദീകരണം നൽകേണ്ടതാണ്.

## 1-1-22 സസ്പെൻസ് അക്കൗണ്ട് ഹെഡ്ഡിൽ ഉൾപ്പെടുത്തിയ തുകയുടെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല

ബാലൻസ് ഷീറ്റ് B1 ഷെഡ്യൂൾ അക്കൗണ്ട് ഹെഡ്ഡ് 3109002 പ്രകാരം Suspense ഇനത്തിൽ 16,39,651/- രൂപ മുൻസിപ്പൽ ഫണ്ട് ഇനത്തിൽ കാണിച്ചിട്ടുണ്ട്. വിവിധ അക്കൗണ്ടുകൾ റിക്കൺസീലിയേഷൻ നടത്തുമ്പോൾ തിരിച്ചറിയാൻ കഴിയാത്തതായി കാണുന്ന തുകകളാണ് ഈ അക്കൗണ്ടിലേക്ക് മാറ്റുന്നതെന്ന് സെക്രട്ടറി അറിയിച്ചു. എന്നാൽ ആയതിന്റെ രേഖകളും വിശദാംശങ്ങളും ലഭ്യമാക്കിയിട്ടില്ല. ഇത്തരത്തിലുള്ള തുക മുൻസിപ്പൽ ഫണ്ട് എന്ന ഷെഡ്യൂളിൽ ഉൾപ്പെടുത്തിയതിന് ആധാരമായ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ ഹാജരാക്കിയിട്ടില്ല. സർക്കാർ മാർഗ്ഗനിർദ്ദേശം, തുകകൾ ക്രമീകരിച്ചതിന്റെ വിവരം എന്നിവ ഹാജരാക്കേണ്ടതാണ്.

## 1-1-23 വായ്പയിനത്തിൽ B-5 ലെ തുക B-16 ലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

വാർഷിക കണക്കിലെ ബാലൻഷീറ്റ് ഷെഡ്യൂൾ ബി-5 പ്രകാരം വായ്പയിനത്തിൽ നീക്കിബാക്കി 117967943രൂപയും, ബി-16 പ്രകാരം (കോഡ് - 4401001) Prepaid Programme Expense എന്ന ആസ്തിയായി 84136849 രൂപയുമാണ് . ഇവ തമ്മിൽ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ 33831094 രൂപയുടെ വ്യത്യാസമുണ്ട്. വ്യത്യാസത്തിന് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-1-24 പ്രത്യേക ആവശ്യ ഗ്രാന്റുകൾക്ക് ബാങ്ക് അക്കൗണ്ട് സൂക്ഷിക്കുന്നില്ല

ഐ.സി.ഡി.എസ് പ്രോജക്ടുകൾക്ക് കേന്ദ്രവിഹിതമായി ലഭിക്കുന്ന തുക തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ച് ചെലവഴിക്കുന്ന രീതിയാണ് സ്വീകരിച്ചിട്ടുള്ളത്. പ്രത്യേക ആവശ്യത്തിന് ലഭിക്കുന്ന തുക പ്രത്യേകം അക്കൗണ്ടുകളിൽ നിക്ഷേപിക്കേണ്ടതാണ്. തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ള പ്രത്യേക ആവശ്യ ഗ്രാന്റ് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്. ബാങ്കിൽ നിക്ഷേപിച്ചിട്ടുള്ള പ്രത്യേക ആവശ്യ ഗ്രാന്റിന് ലഭിക്കുന്ന പലിശ ആയതിൽ തന്നെ ബാധ്യതയായി രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ വിവിധ ഫണ്ടുകൾ ഒരു അക്കൗണ്ടിൽ സൂക്ഷിക്കുന്നതിനാൽ ഇനം തിരിച്ച് ലഭിച്ച പലിശ കണ്ടെത്താൻ സാധിക്കില്ല.

## 1-1-25 ബാലൻസ് ഷീറ്റിലെ ബി1 ഷെഡ്യൂൾ പ്രകാരമുള്ള ഇൻകം ഓവർ എക്സ്പെന്റിച്ചർ കെ സ്മാർട്ടിലെ വെർട്ടിക്കൽ സ്റ്റേറ്റ്മെന്റുമായി (Vertical Statement -B1)പൊരുത്തപ്പെടുന്നില്ല

ബാലൻസ് ഷീറ്റിലെ ബി1 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിട്ടുള്ള Execss Of Income Over Expenditure തുകയിൽ ₹2,62,174/- യുടെ വ്യത്യാസം

| | |
|---|---|
| Opening Balance (Trial Balance) | 61302291 |
| Gross Surplus/Deficit Of Income Over Expenditure After Prior Period Items(I&E ) | -18667692 |
| ബി1 ഷെഡ്യൂളിൽ ഉൾപ്പെടുത്തേണ്ടിയിരുന്ന തുക (A) | 42634599 |
| ബി1 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയ തുക (B) | 42372425 |
| Difference (A-B) | 262174 |

വ്യത്യാസത്തിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-2 ബജറ്റ്

കൽപ്പറ്റ മുനിസിപ്പാലിറ്റിയുടെ 2024-25 ലെ ബജറ്റ് നഗരസഭാ കൗൺസിലിന്റെ 28.03.2024 ലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 146704361 |
| വരവ് | 605578500 |
| ആകെ | 752282861 |
| ചെലവ് | 698413900 |
| നീക്കിയിരിപ്പ് | 53868961 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 146704361 |
| വരവ് | 256908852 |
| ആകെ | 403613213 |
| ചെലവ് | 223214150 |
| നീക്കിയിരിപ്പ് | 180399063 |

## 1-4 ഫണ്ട് വിനിയോഗം (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ | - | 0 | 0 | 51292287 | -51292287 |
| വികസന ഫണ്ട്- എസ്.സി.പി | - | 0 | 0 | 9340864 | -9340864 |
| വികസന ഫണ്ട്- ടി.എസ്.പി | - | 0 | 0 | 15993958 | -15993958 |
| മെയിന്റനൻസ്, റോഡ് | - | 0 | 0 | 11042569 | -11042569 |
| മെയിന്റനൻസ്, നോൺ-റോഡ് | - | 0 | 0 | 16098731 | -16098731 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ബേസിക് ഗ്രാന്റ് | 0 | 0 | 0 | 21358089 | -21358089 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – ടൈഡ് ഫണ്ട് | 0 | 0 | 0 | 15538677 | -15538677 |

ഫണ്ടുകളുടെ വരവ് പൂജ്യമായിട്ടാണ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉള്ളത് .ഹാജരാക്കിയ Appropriation Control Register ൽ നഗരഭയ്ക്ക് ലഭിച്ച അലോട്ട്മെന്റ് വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുമില്ല.സെക്രട്ടറി ലഭ്യമാക്കിയ ഫണ്ട് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ | - | 51959160 | 51959160 | 51292287 | 666873 |
| വികസന ഫണ്ട്- എസ്.സി.പി | - | 10303000 | 10303000 | 9340864 | 962136 |
| വികസന ഫണ്ട്- ടി.എസ്.പി | - | 18311000 | 18311000 | 15993958 | 2317042 |
| മെയിന്റനൻസ്, റോഡ് | - | 15128000 | 15128000 | 11042569 | 4085431 |
| മെയിന്റനൻസ്, നോൺ-റോഡ് | - | 23598000 | 23598000 | 16098731 | 7499269 |
| സെൻട്രൽ ഫിനാൻസ് | 513939 | 16717891 | 21857283 | 21358089 | 499194 |

| | | | | | |
|---|---|---|---|---|---|
| കമ്മീഷൻ ബേസിക് ഗ്രാന്റ് | | | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – ടൈഡ് ഫണ്ട് | 9211573 | 9733953 | 18945526 | 15538677 | 3406849 |

ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഫണ്ടുകളുടെ അലോട്ട്മെന്റ വിവരങ്ങൾ ലഭ്യമാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവ് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ (എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2024-25 | 459 | 339485030 | 309 | 180377076 | 0 | 150 | 67.3% |

നിർവഹിച്ച പ്രോജക്ടുകളുടെ ശതമാനവും (67%) ചെലവഴിച്ച ആകെ തുകയുടെ ശതമാനവും(53%)വളരെ കുറവാണ് എന്നത് ഗൗരവപൂർവം വിലയിരുത്തേണ്ടതാണ്. ആകെ വകയിരുത്തിയ 33.94 കോടി രൂപയിൽ 15.91 കോടി രൂപയുടെ പ്രോജക്ടുകൾ നിർവഹിക്കാനായില്ല എന്നത്, അത്രയും തുകയുടെ ഗുണഫലങ്ങൾ നഗരസഭയിലെ പൊതുസമൂഹത്തിന് ലഭ്യമായില്ല എന്ന വസ്തുത വ്യക്തമാക്കുന്നു. ഫണ്ട് ലാപ്സാവാൻ ഇടവരുത്താതെ , ലഭ്യമായ തുക പൂർണമായും പ്രയോജനപ്പെടുത്തുന്നതിന് പ്രായോഗിക ക്രമീകരണങ്ങൾ നടത്തേണ്ടതാണ്.

## 1-6 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 47032 | 3141595 | 3188627 | 451848 | 2736779 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 15300000 | 15300000 | 15300000 | |

ക്യാഷ് ബുക്ക് പ്രകാരമുള്ള വിവരങ്ങളാണ് ഖണ്ഡികയിൽ ഉൾപ്പെടുത്തിയത്. ടി തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. (ഭരണ ചെലവുകൾ – വരവ് – R – 11 – 25,00,000, ചെലവ് I-14-533214).

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 3385800 | 134 |
| വിധവാ പെൻഷൻ | 28683600 | 1206 |
| വാർദ്ധക്യകാലപെൻഷൻ | 44707900 | 2056 |
| വികലാംഗപെൻഷൻ | 7272700 | 301 |
| അവിവാഹിത പെൻഷൻ | 798400 | 32 |
| വിവാഹ ധനസഹായം | 60000 | 2 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.01.2026 തീയ്യതിയിൽ ഉച്ചയ്ക്ക് 02:20 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 10048/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരണ നിയന്ത്രണം

നിലവിൽ കെ സ്മാർട്ട് സോഫ്റ്റ് വെയർ മുഖേനയാണ് നഗരസഭയിൽ ഫയൽനീക്കം നടത്തുന്നത്. സോഫ്റ്റ്വെയർ പൂർണ്ണമായും പ്രവർത്തനസജ്ജമല്ലാത്തതിനാലും ജീവനക്കാർക്ക് കെ സ്മാർട്ട് സോഫ്റ്റ് വെയർ സംബന്ധിച്ച് വേണ്ടത്ര പരിശീലനവും പരിചയവും ഇല്ലാത്തതിനാൽ ഫയൽ സൂക്ഷിപ്പിൽ വീഴ്ച വന്നിട്ടുണ്ട്. എല്ലാ രേഖകളും കെ സ്മാർട്ട് സോഫ്റ്റ് വെയറിൽ അപ് ലോഡ് ചെയ്യുന്നതിൽ വീഴ്ച വരുന്നുണ്ട്

ഏതൊരു സ്ഥാപനത്തിന്റെയും സുഗമമായ നടത്തിപ്പിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം ആവശ്യമാണ്. നഗരസഭ സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററുകൾ, ഫയലുകൾ, മിനിട്സുകൾ തുടങ്ങിയവ പരിശോധിച്ചതിൽ നിന്നും

നഗരസഭയിൽ ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തുന്നതിന് കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണെന്ന് കാണുന്നു. ജീവനക്കാരുടെ ജോലി വിഭജനം നടത്തി ,സമഗ്രമായ ഓഫീസ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ സ്റ്റാഫ് മീറ്റിംഗ് ചേരുന്നതിലും, വിഷയങ്ങൾ ചർച്ച ചെയ്യുന്നതിലും കാര്യക്ഷമമായ ഇടപെടലുകൾ നടത്തിയതായി കാണുന്നില്ല. ഹെൽത്ത് വിഭാഗത്തിൽ ജോലിവിഭജനരേഖപ്രകാരമുള്ള പ്രവർത്തനങ്ങളുടെ മോണിട്ടറിംഗ് നടത്തുന്നതിന്റെ രേഖകൾ സൂക്ഷിച്ചിട്ടില്ല.

പൊതു ഭരണം മെച്ചപ്പെടുത്തുന്നതിന് ശുപാർശ നൽകേണ്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മേൽകാര്യങ്ങളിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തിയിട്ടില്ല. നികുതിപിരിവ് അവലോകനം ചെയ്യുകയോ,വരവിനങ്ങളുടെ പിരിവ് കാര്യക്ഷമമാക്കാനുള്ള ശുപാർശകൾ നൽകുന്നതിനോ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി ശ്രദ്ധിച്ചിട്ടില്ല.മാലിന്യസംസ്കരണ പ്ലാന്റിലെ ജൈവവളം വിൽക്കുന്നതിലൂടെ വരുമാനവർദ്ധനവ് നേടുന്നതിനും ശ്രദ്ധിച്ചിട്ടില്ല. സ്റ്റാൻഡിംഗ് കമ്മിറ്റി പദ്ധതി നിർദ്ദേശങ്ങൾ നൽകുക എന്നതിൽ കവിഞ്ഞ് പദ്ധതി നടത്തിപ്പ് മോണിട്ടറിംഗ് നടത്തിയതായി പോലും രേഖപ്പെടുത്തിയിട്ടില്ല.

വൗച്ചറുകൾ ക്രമപ്രകാരം സൂക്ഷിച്ചിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും വിതരണ വിവരങ്ങൾ രേഖപ്പെടുത്തുന്നത് കൃത്യമല്ല. ടെലഫോൺ ബില്ലുകൾ , വൈദ്യുത ചാർജ്ജ് അടവാക്കുന്ന ബില്ലുകൾ എന്നിവയിൽ ചെറിയ തോതിൽ പിഴ അടവാക്കുന്നതായി കാണുന്നു. ആയത് ഒഴിവാക്കേണ്ടതാണ്. മാസ്റ്റർ ഇൻകംബൻസി രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ഫർണിച്ചറുകൾക്കും ഇലക്ട്രോണിക്സ് ഉപകരണങ്ങൾക്കും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.വാർഷികകണക്കുകൾ തയ്യാറാക്കിയതിൽ ചില അപാകതകൾ നിലനിൽക്കുന്നു.ആയത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഓഡിറ്റ് റിപ്പോർട്ടുകളിൻമേൽ സമയബന്ധിതമായി തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 സുലേഖ സ്റ്റേറ്റ്മെന്റിൽ വ്യത്യാസം

നിർവഹണോദ്യോഗസ്ഥരുടെ പ്രോജക്ട് നടത്തിപ്പ് സംബന്ധിച്ച് ഓഡിറ്റിന് ഹാജരാക്കിയ സുലേഖ സ്റ്റേറ്റ്മെന്റിലെ ചെലവുകളും യഥാർത്ഥ ചെലവുകളും തമ്മിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ട് | നിർവഹണോദ്യോഗസ്ഥൻ | സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് | യഥാർത്ഥ ചെലവ് |
|---|---|---|---|---|---|
| 1 | 105/25 | അതിദാരിദ്ര്യം-മരുന്നുവാങ്ങൽ | മെഡിക്കൽ ഓഫീസർ ഗവ.ഹോസ്പിറ്റൽ | 0 | 83456 |
| 2 | 196/25 | കൈത്താങ്ങ് | മെഡിക്കൽ ഓഫീസർ ഗവ.ഹോസ്പിറ്റൽ | 41960 | 200000 |
| 3 | 628/25 | അർബുദരോഗത്തെ കണ്ടുപിടിക്കുന്നതിനുള്ള സ്ക്രീനിംഗ് | മെഡിക്കൽ ഓഫീസർ ഗവ.ഹോസ്പിറ്റൽ | 205000 | 0 |

യഥാർത്ഥ ചെലവ് സുലേഖ സോഫ്റ്റ്വെയറിൽ കാണാത്തതിനാൽ നഗരസഭയുടെ പദ്ധതിനിർവഹണം സംബന്ധിച്ചുള്ള കണക്കുകൾ യഥാർത്ഥമാണോ എന്ന് വ്യക്തമല്ല. വിശദീകരണവും യഥാർത്ഥ ചെലവുകണക്കുകളും ഹാജരാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നമ്പർ-37/23.01.26 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-11 K-Smart സംവിധാനം ഓഡിറ്റിന്റെ സുഗമമായ പ്രവർത്തനത്തെ ബാധിക്കുന്നു.

കെ.സ്മാർട്ട് സോഫ്റ്റ് വെയറിൽ ഓഡിറ്റ് നിർവഹിക്കുന്നതിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.
1) 2024-25വർഷത്തെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ കെ-സ്മാർട്ടിൽ ലഭ്യമല്ല.

2) സുലേഖ, സാംഖ്യ, സകർമ്മ തുടങ്ങിയ വിവിധ സേവന ഡാറ്റകൾ കെ-സ്മാർട്ടിലേക്ക് Synchronise ചെയ്തിട്ടുണ്ടെങ്കിലും ആയത് കൃത്യമായിട്ടാണോ ഉൾപ്പെടുത്തപ്പെട്ടതെന്ന് തുടക്ക കാലഘട്ടത്തിൽ തന്നെ പരിശോധിക്കപ്പെടേണ്ടതുണ്ട്. എന്നാൽ നഗരസഭാ തലത്തിൽ അത്തരത്തിലുള്ള ഒരു പ്രാഥമിക പരിശോധന, Cross Checking എന്നിവ നടന്നിട്ടില്ല. ആയതിനാൽ തന്നെ വിവിധ വരവ് ഇനങ്ങളുടെയും കുടിശ്ശികകളുടേയും മുൻബാക്കിയായി ചേർത്തിരിക്കുന്ന തുകകൾ സംശയാസ്പദമാണ്.

3)ഗ്രാന്റ് രസീപ്റ്റ്, ലേല വരവുകൾ തുടങ്ങിയ വിവിധ വരവിനങ്ങൾ പരിശോധിക്കുന്നതിന് ഓഡിറ്റർ ലോഗിനിൽ സൗകര്യമേർപ്പെടുത്തിയിട്ടില്ല. കെ-സ്മാർട്ടിലൂടെ നഗരസഭ പ്രസ്തുത വരവുകൾ രേഖപ്പെടുത്തുന്നതിനാൽ അനുബന്ധ

രജിസ്റ്ററുകളും രേഖകളും എഴുതി സൂക്ഷിക്കുന്നില്ല.

4)നിലവിൽ EPOS, EPAY മുഖേന സ്വീകരിക്കുന്ന തുകകൾ IKM വഴിയാണ് നഗരസഭയ്ക്ക് ലഭ്യമാകുന്നത്. നഗരസഭയിൽ വരവ് വന്ന തീയതിയിൽ തുകകൾ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ബാങ്കിൽ ക്രെഡിറ്റാകുന്നില്ല. 2 ദിവസത്തിനു ശേഷമാണ് നിലവിലും തുകകൾ ബാങ്കിൽ ക്രെഡിറ്റാകുന്നത്. ഓഡിറ്റർ ലോഗിനിലുള്ള Epay Disbursement Report ൽ തുക Disburse ചെയ്ത തീയതി ക്രമത്തിലാണ് റിപ്പോർട്ടുകൾ ലഭ്യമാകുന്നത്. കൂടാതെ ഡേ ബുക്ക് പ്രകാരം ഒരു ദിവസം രസീറ്റ് ചെയ്യപ്പെട്ട മുഴുവൻ തുകകളുടെയും വിവരങ്ങൾ പ്രസ്തുത ദിവസത്തെ കെ-സ്മാർട്ടിലെ Epay Detailed Report ൽ ലഭ്യമാക്കിയിട്ടില്ല. ഡേ ബുക്ക് പ്രകാരം ഒരു ദിവസം രസീറ്റ് ചെയ്യപ്പെട്ടതിന്റെ ക്രമത്തിൽ Disbursement Report ലഭ്യമാകുന്നില്ല.

5)കെ സ്മാർട്ടിൽ പ്രതിമാസ റീ കൺസിലിയേഷൻ നടത്തിയിട്ടില്ല. നിലവിൽ ബാങ്കിൽ നിന്നും ലഭ്യമാകുന്ന PDF ഫോർമാറ്റിലുള്ള സ്റ്റേറ്റ്മെന്റ് എക്സൽ ഫോർമാറ്റിലേക്ക് മാറ്റി കെ സ്മാർട്ടിൽ അപ് ലോഡ് ചെയ്താണ് റീ കൺസിലേഷൻ നടത്തുന്നത്. ഇത്തരത്തിൽ അപ് ലോഡ് ചെയ്യുന്ന ബാങ്ക് സ്റ്റേറ്റമെന്റ് സെക്രട്ടറി ലോഗിനിലും, ഓഡിറ്റർ ലോഗിനിലും ലഭ്യമാകുന്നില്ല.

6) ചെക്ക്/ഡി.ഡി തുകയായി മാറിയതിന്റെ വിവരങ്ങൾ നിലവിൽ കെ-സ്മാർട്ട് സോഫ്റ്റ്‌വെയറിൽ ഓഡിറ്റർ ലോഗിനിൽ ലഭ്യമല്ല. കെ-സ്മാർട്ടിലെ Cheque Received Register ൽ Date Of Clearance എന്ന കോളം നൽകിയിട്ടുണ്ടെങ്കിലും ആയതിൽ ചെക്ക് പണമായി മാറിയ തീയതി രേഖപ്പെടുത്തിയിട്ടില്ല.

7)കെ-സ്മാർട്ടിലെ Cheque Issued Register ൽ Date Of Clearance എന്ന കോളം നൽകിയിട്ടുണ്ടെങ്കിലും ആയതിൽ ചെക്ക് പണമായി മാറിയ തീയതി രേഖപ്പെടുത്തിയിട്ടില്ല.

8)കെ-സ്മാർട്ട് ഓഡിറ്റേഴ്സ് ലോഗിൻ യൂസർ മാന്വൽ ലഭ്യമാക്കാത്തതിനാൽ ഓഡിറ്റിന് ആവശ്യമായ വിവരങ്ങൾ കണ്ടെത്തുന്നതിൽ ബുദ്ധിമുട്ട് നേരിടുന്നുണ്ട്.

9) ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്, സെൻട്രൽ ഫണ്ട്, പ്ലാൻ എക്സ്പെന്റിച്ചർ റിപ്പോർട്ട് എന്നിവ കെ-സ്മാർട്ടിൽ ലഭ്യമല്ല.

10) വസ്തു നികുതി ഓഡിറ്റ്

I) നിലവിൽ കെ-സ്മാർട്ട് സോഫ്റ്റ്‌വെയറിൽ ഫീൽഡ് കളക്ഷൻ റിപ്പോർട്ടും അസസ്മെന്റ് രജിസ്റ്ററുകളും മാത്രമാണ് വസ്തു നികുതി പരിശോധനയ്ക്ക് ലഭ്യമാകുന്നത് ആയത് തന്നെ വാർഡ് തലത്തിലുള്ളത് മാത്രമാണ് ലഭ്യമായിട്ടുള്ളത്. നഗരസഭയുടെ കൺസോളിഡേറ്റഡ് ഫീൽഡ് കളക്ഷൻ റിപ്പോർട്ട് ലഭ്യമല്ല.

Ii) ന്യൂ ബിൽഡിങ്ങ് രജിസ്റ്റർ (ഒരു സാമ്പത്തിക വർഷം നഗരസഭയിൽ നിലവിൽ വന്ന കെട്ടിടങ്ങളുടെ വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ) കെ-സ്മാർട്ടിൽ ലഭ്യമല്ല.

Iii) നികുതി ഒഴിവാക്കി നൽകിയ കെട്ടിടങ്ങളുടെ കൺസോളിഡേറ്റഡ് വിവരങ്ങൾ കെ സ്മാർട്ട് സോഫ്റ്റ്‌വെയറിൽ ഓഡിറ്റിന് ലഭ്യമാകുന്നില്ല.

Iv) പൊളിച്ച് നീക്കിയ കെട്ടിടങ്ങളുടെ രജിസ്റ്റർ കെ-സ്മാർട്ടിൽ ലഭ്യമല്ല.

V) വേക്കൻസി റെമിഷൻ അനുവദിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ ലഭ്യമല്ല.

11) ലൈസൻസ് പരിശോധന

ലൈസൻസ് ഡിമാന്റ്-കളക്ഷൻ- ബാലൻസ് രജിസ്റ്റർ ലഭ്യമല്ല-(കെ സ്മാർട്ട് സോഫ്റ്റ്‌വെയറില് ലൈസന്സ് കളക്ഷൻ രജിസ്റ്റർ മാത്രമാണ് ലഭ്യമായിട്ടുള്ളത്)

12) തൊഴിൽ നികുതി പരിശോധന

I) ട്രേഡേഴ്സ്/ഇൻസ്റ്റിറ്റ്യൂഷണൽ തൊഴിൽ നികുതി ഡി.സി.ബി രജിസ്റ്റർ ഓഡിറ്റിന് ലഭ്യമായിട്ടില്ല

Ii) ജീവനക്കാരുടെ തൊഴിൽ നികുതി ഡി.സി.ബി രജിസ്റ്റർ ലഭ്യമല്ല

## 1-12 കൽപ്പറ്റ നഗരസഭയുടെ നികുതിയേതര വരുമാനം സംബന്ധിച്ച്

2024-25 സാമ്പത്തിക വർഷത്തെ നികുതിയേതര വരുമാനങ്ങൾ സംബന്ധിച്ച് അപാകതകൾ താഴെപറയുന്നു.

1. 2024-25 വർഷത്തിൽ DCB രജിസ്റ്റർ പ്രകാരം തൻവർഷ വാടക കുടിശ്ശിക 7,82,992/- രൂപയാണ്. തൻവർഷം വാടക കുടിശ്ശികയാകാനുള്ള സാഹചര്യവും മുൻവർഷങ്ങളിലെ വാടക കുടിശ്ശിക സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. മേൽ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

2. നഗരസഭയുടെ വാടക ലഭിക്കേണ്ടുന്ന 5 കടമുറികൾ യഥാസമയം ലേലം ചെയ്യാതെ ഒഴിഞ്ഞുകിടക്കുന്നതുമൂലം ധനനഷ്ടം ഉണ്ടാകുന്നതായി കാണുന്നു.

| കടമുറി നമ്പർ | ഒഴിവ് |
|---|---|
| 9/475 (നിഷ) | 2024 ഒക്ടോബർ വരെ |
| 10/247(2) (നൌഷിദ.പി.എം) | 2024 സെപ്തംബർ മുതൽ |
| 10/247(9) | വർഷങ്ങളായി ഒഴിവ് |

| | |
|---|---|
| 7/278(2) | വർഷങ്ങളായി ഒഴിവ് |
| 10/235 | ഓഗസ്റ്റ് 2024 വരെ ഒഴിവ് |

3. കംഫർട്ട് സ്റ്റേഷൻ ലേലത്തിന്റെ വരവായി 4,64,444/- രൂപ ലഭിച്ചിട്ടുണ്ട്. 30.09.2024 ന് 1,54,074/-, 26.12.2024 ന് 1,54,074/-, 13.03.2025 ന് 1,56,296/- എന്നിങ്ങനെ 3 ഇൻസ്റ്റാൾമെന്റുകളായാണ് ലഭ്യമാക്കിയിട്ടുള്ളത്. രേഖകൾ പരിശോധിച്ചതിൽ ഈയിനത്തിൽ കരാർ പ്രകാരം 4,38,888/-രൂപയും നഗരസഭാ തീരുമാനപ്രകാരം 4,62,222/- രൂപയുമാണ് രേഖപ്പെടുത്തിയതായി കാണുന്നത്. കൂടാതെ 13/03/2025 ന് ലഭ്യമായ 1,56,296/- രശീത് പ്രകാരം 2025-26 വർഷത്തെ വരവായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. വരവിന്റെ കൃത്യത ബോധ്യപ്പെടുത്തേണ്ടതും വിവിധ രേഖകളിൽ വ്യത്യസ്തമായ തുക രേഖപ്പെടുത്തിയതിന് കാരണം അറിയിക്കേണ്ടതുമാണ്.

4. വാടക കുടിശ്ശിക ഇനത്തിൽ 2024-25 വർഷത്തിൽ 4,81,625/- രൂപ ലഭിക്കാനുണ്ട്. രേഖകൾ പ്രകാരം 2020-21 മുതൽക്കുള്ള വാടക താഴെ ചേർത്തിരിക്കുന്ന രീതിയിൽ പിരിച്ചെടുക്കാനുള്ളതായി കാണുന്നു.

| മുറി നമ്പർ | സ്ഥാപനം | കുടിശ്ശിക വർഷം | തുക | ആകെ |
|---|---|---|---|---|
| 10/230 | ഐ.ടി.ഡി.പി ഓഫീസ് | 2020-21 | 30265 | |
| | | 2021-22 | 76272 | |
| | | 2022-23 | 80076 | |
| | | 2023-24 | 84084 | 270697 |
| 12/103 ക്യൂ | ഫാത്തിമ ചൊക്ലി | 2023-24 | 7717 | 7717 |
| 13/270 | എ.ഇ.ഒ. വൈത്തിരി | 2021-22 | 32955 | |
| | | 2022-23 | 83052 | |
| | | 2023-24 | 87204 | 203211 |
| | ആകെ | | | 481625 |

വാടക കുടിശ്ശികയാകാനുള്ള സാഹചര്യം അറിയിക്കേണ്ടതും നഗരസഭയുടെ പ്രസ്തുത വരുമാനം എത്രയും വേഗത്തിൽ പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

5. കൽപ്പറ്റ പുതിയ ബസ് സ്റ്റാൻഡ് BOT ഇനത്തിൽ ലഭിക്കേണ്ട ആന്വിറ്റി കൃത്യമായി പിരിച്ചെടുക്കുന്നില്ല. കൽപ്പറ്റ ബസ് ടെർമിനൽ കമ്പനി 17/12/2024 ന് സമർപ്പിച്ച കത്ത് പ്രകാരം 1/11/2016 മുതൽ 1/4/2023 വരെ കരാർ പ്രകാരം അടക്കാനുള്ള തുക 62,17,150/- രൂപയാണെന്നും നാളിതുവരെ 57,24,657/- രൂപ ഒടുക്കിയിട്ടുണ്ടെന്നും 31/03/2024 ന് 4,92,493/- രൂപ കുടിശ്ശികയിനത്തിൽ ഒടുക്കാനുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നഗരസഭ ഓഡിറ്റിന് ലഭ്യമാക്കിയ കണക്കുകൾ പ്രകാരം 31/03/2024 വരെ 47,24,657/- രൂപയാണ് ലഭിച്ചിട്ടുള്ളത്. 10,00,000/- രൂപയുടെ വ്യത്യാസത്തിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

6. 2024-25 വർഷത്തിൽ ആന്വിറ്റിയിനത്തിൽ 14,92,493/- രൂപ ലഭിച്ചിട്ടുണ്ട്. കൽപ്പറ്റ പുതിയ ബസ് സ്റ്റാൻഡ് BOT വരവ് സംബന്ധിച്ച ഒരു രജിസ്റ്റർ നാളിതുവരെ എഴുതി സൂക്ഷിക്കാത്തതിനാൽ വിവിധ ഇനങ്ങളിൽ ലഭിക്കേണ്ടത്, ലഭിച്ചത്, ലഭിക്കാൻ ബാക്കി എന്നിവ കൃത്യമായി മനസ്സിലാക്കാൻ സാധിക്കുന്നില്ല. ഉദാഹരണത്തിന് 2018-19 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2/11/2020 ന് നഗരസഭാ സെക്രട്ടറി എ2-1174/2020 നമ്പരായി കമ്പനിക്ക് അയച്ച കത്തിൽ ആന്വിറ്റി, പ്രീ ഓപ്പറേറ്റീവ് ചെലവുകൾ, ഫൈൻ എന്നീയിനങ്ങളിലായി 15,52,576/-രൂപ ഒടുക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. നഗരസഭയിൽ ലഭ്യമായ വരവു വിവരങ്ങളിൽ ആന്വിറ്റി ഇനം മാത്രമെ പ്രതിപാദിച്ചതായി കാണുന്നുള്ളൂ. ആയതിനാൽ കൽപ്പറ്റ പുതിയ ബസ് സ്റ്റാൻഡ് BOT വരവ് സംബന്ധിച്ച ഒരു രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതും വരവ് സംബന്ധിച്ച വിവിധ ഇനങ്ങളും, കരാർ പ്രകാരം ലഭിക്കേണ്ട തുകയും , ലഭിച്ച തുകയും മറ്റും വ്യക്തമാക്കി അധികാരികൾ സാക്ഷ്യപ്പെടുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

17/01/2026, 19/01/2026 എന്നീ തീയതികളിൽ എൻക്വയറി നമ്പർ യഥാക്രമം 8/2024-25, 13/2024-25 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-13 കൽപ്പറ്റ നഗരസഭയിലെ 2024-25 വർഷത്തെ ലേലം സംബന്ധിച്ച്

കൽപ്പറ്റ നഗരസഭയുടെ അധീനതയിലുള്ള ലേലം ചെയ്തു നൽകുന്ന മുറികളിൽ 2024-25 വർഷത്തിൽ ഒഴിവു വന്ന 10/247/1, 9, 11, 7/278/2 എന്നീ മുറികളിലേക്ക് 15/7/2024 ന് ലേലം നടത്തി. ഇവയിൽ യഥാക്രമം ശ്രീമതി നിഷ സി. കെ., ശ്രീമതി മിനിമോൾ, ശ്രീമതി നിത്യ ആർ.ജി., ശ്രീമതി രഞ്ജന ശശി എന്നിവരുടെ പേരിലാണ് ലേലം സ്ഥിരീകരിച്ച് നൽകിയത്. എന്നാൽ പ്രസ്തുത മുറികളിൽ 10/247/1, 10/247/11 എന്നീ മുറികൾ മാത്രമാണ് കരാറിലേർപ്പെട്ട് ഏറ്റെടുത്ത് കച്ചവടം ആരംഭിച്ചത്. ബാക്കിയുള്ള 10/247/9, 7/278/2 എന്നിവ 31.01.2025 വരെ കരാറിലേർപ്പെട്ടതായോ നിരത ദ്രവ്യം കണ്ടുകെട്ടി പുനർലേലം ചെയ്തതായോ കാണുന്നില്ല. 15/7/2024 ന് ലേലം നടന്ന മേൽ കടമുറികൾക്ക്

കരാറിലേർപ്പെടാൻ 19/09/2024 ന് കത്തയച്ചതായി കാണുന്നത്. തുടർന്ന് 8/11/2024 ന് ഓർമ്മക്കുറിപ്പ് അയയ്ക്കുകയും 23/12/2024 ലെ 2/24 നമ്പർ സ്റ്റാൻഡിംഗ് കമ്മിറ്റി തീരുമാനപ്രകാരം 10 ദിവസം കൂടി അനുവദിക്കുന്നതിനുള്ള കത്ത് 6/1/2025 ന് അയയ്ക്കുകയും ചെയ്തു. പുനർലേലത്തിനുള്ള സെക്ഷൻ കുറിപ്പ് 28.01.2025 ന് സമർപ്പിച്ചതായി കെ-സ്മാർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 31.01.2025 ലെ 1/25 നമ്പർ തീരുമാനപ്രകാരമാണ് നിരതദ്രവ്യം കണ്ടുകെട്ടി ലേലം ചെയ്യുന്നതിന് തീരുമാനമെടുത്തത്. 2024-25 വർഷത്തിൽ പുനർലേലം നടത്തിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

കേരള മുനിസിപ്പാലിറ്റി നിയമം, 1994 പ്രകാരവും ലേല നടപടിക്രമങ്ങൾ പ്രകാരവും ലേലം സ്ഥിരീകരിച്ച് 14 ദിവസത്തിനകം കരാറിലേർപ്പട്ടില്ലെങ്കിൽ ആദ്യം ലേലം സ്ഥിരീകരിച്ച ആളുടെ നഷ്ടോത്തരവാദിത്തത്തിൽ പുനർലേലം നടത്തേണ്ടതാണ്. 15/7/2024 ന് ആദ്യ ലേലം നടത്തിയ കടമുറികൾ 8 മാസം കഴിഞ്ഞും പുനർലേലം നടത്താത്തതിനാൽ നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുണ്ട്. യഥാസമയം നടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് 30/1/26 ന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 61/24-25) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-14 ബിൽഡിംഗ് പെർമിറ്റ് നൽകാത്ത കെട്ടിടത്തിന്റെ വസ്തുനികുതി ഈടാക്കി ലൈസൻസ് അനുവദിച്ചു.

കൽപ്പറ്റ നഗരസഭയിലെ 25-ാം (തുർക്കി) വാർഡിലെ 25/298, 25/300, 25/301, 25/302, 25/303, 25/304, 25/305 എന്നീ കടമുറികളുൾപ്പെടുന്ന കെട്ടിടം സഞ്ചയ ഫോറം നമ്പർ 6 പ്രകാരം പൊളിച്ച് പുതുക്കി പണിതതാണ്. പഴയ കെട്ടിടം ഓടുമേഞ്ഞതും 26 വർഷം പഴക്കമുള്ളതുമാണ്. ബിൽഡിംഗ് പെർമിറ്റ് മാനദണ്ഡങ്ങൾ പാലിക്കാത്തതിനാലും ക്രമവൽകരണത്തിന് അപേക്ഷ ലഭിക്കാത്തതിനാലും 23-24 വർഷത്തിൽ പുതുക്കി പണിത പ്രസ്തുത കെട്ടിടത്തിന് പെർമിറ്റ് അനുവദിക്കുകയോ ക്രമവൽക്കരിക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ തന്നെ പ്രസ്തുത കെട്ടിടം അനധികൃത നിർമ്മാണം എന്ന കാറ്റഗറിയിൽപ്പെടുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1. രേഖകൾ പ്രകാരം പൊളിച്ചുമാറ്റപ്പെടുന്നതിനു മുമ്പത്തെ പഴയ കെട്ടിടത്തിന്റെ 25/300, 25/301, 25/304, 25/305 എന്നീ 4 മുറികളുടെ ഉടമസ്ഥാവകാശം ശ്രീമതി ആനിയമ്മ പുന്നൂസ്, ഉണ്ടുപറമ്പിൽ, കൽപ്പറ്റ എന്നവരുടെ പേരിലും 25/298, 25/302, 25/303 എന്നീ മുറികളുടെ ഉടമസ്ഥാവകാശം ശ്രീമതി സാജിത തുർക്കി എന്നവരുടെ പേരിലുമാണ്.

2. പ്രസ്തുത കെട്ടിടത്തിലെ പഴയ കെട്ടിടമുറി നമ്പരുകളായ 25/304, 25/305 എന്നിവയ്ക്ക് 9/7/2024 തീയതിയിൽ രശീതി നമ്പർ RM-120100-24007345 പ്രകാരം നഗരസഭ 2025-26 വരെയുള്ള വസ്തു നികുതി സ്വീകരിച്ചിട്ടുണ്ട്.

3. 2024-25 വർഷത്തിൽ 25/304, 25/305 എന്നിവയിൽ ശ്രീ മാത്യു ടി പുന്നൂസിന്റെ പേരിൽ RM-120100-24007345 നമ്പരിൽ 6/9/2024ന് മൊബൈൽ അനുബന്ധ സാമഗ്രികൾ വിൽപ്പനയ്ക്കായി 'സതേൺ കമ്മ്യൂണിക്കേഷൻ' എന്ന പേരിൽ ലൈസൻസ് അനുവദിച്ചിട്ടുണ്ട്. 25/301 റൂമിൽ 2025-26 വർഷത്തിൽ ഫ്രൂട്ടോ എന്ന സ്ഥാപനത്തിന് ശ്രീ മാത്യു ടി പുന്നൂസിന്റെ പേരിൽ ഫ്രൂട്ട്സ് ഷോപ്പിന് ലൈസൻസും അനുവദിച്ചിട്ടുണ്ട്. 25/302 റൂമിൽ 2025-26 വർഷത്തിൽ ബി.എം.സി ഇന്നൊവേഷൻസ് എന്ന സ്ഥാപനത്തിന് ശ്രീ ബിജു തോമസിന്റെ പേരിൽ മൊബൈൽ ഷോപ്പിന് ലൈസൻസ് അനുവദിച്ചിട്ടുണ്ട്.

4. കൽപ്പറ്റ നഗരസഭയെ സംബന്ധിച്ച ബിൽഡിംഗ് പെർമിറ്റ്, റെഗുലറൈസേഷൻ എന്നിവ സഞ്ചയ, കെ-സ്മാർട്ട്, ലഭ്യമാക്കിയ രേഖകൾ എന്നിവ പരിശോധിച്ചതിൽ ബിൽഡിംഗ് പൊളിക്കുന്നതിനുള്ള അപേക്ഷ, പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള അപേക്ഷ , അനുമതി / നിരാകരണം , പുതിയ കെട്ടിടം നിർമ്മിച്ചതു പ്രകാരമുള്ള കെട്ടിട ക്രമവൽകരണ അപേക്ഷ / അനുമതി /നിരാകരണം എന്നിവ ലഭ്യമല്ല.

5. പൊളിച്ചു നീക്കിയ പ്രസ്തുത കെട്ടിടത്തിലെ മേൽ മുറികൾക്ക് 18/12/2025 ന് PTBC-05728356-2025 , PTBC-05728403-2025 , PTBC-05728432-2025 , PTBC-05728316-2025 എന്നീ നമ്പരുകൾ പ്രകാരം 16.09.2025 ൽ കാലികമാക്കിയ ഡാറ്റ പ്രകാരം 18/12/2025 ന് കൽപ്പറ്റ നഗരസഭ സെക്രട്ടറി ബിൽഡിംഗ് സർട്ടിഫിക്കറ്റുകൾ നൽകിയിട്ടുണ്ട്.

6. അനധികൃതമായ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയതിന് പ്രസ്തുത കെട്ടിട ഉടമകൾക്ക് നോട്ടീസ് അയച്ചതായി രേഖകൾ ലഭ്യമല്ല.

29.01.2026 ന് നഗരസഭയുടെ എഞ്ചിനീയറിംഗ് വിഭാഗം ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ സ്ഥലപരിശോധന നടത്തിയതിൽ പഴയ ഓടുമേഞ്ഞ കെട്ടിടത്തിന്റെ സ്ഥാനത്ത് താഴത്തെ നിലയിൽ 4 കടമുറികളും മുകളിലത്തെ നിലയിൽ 4 കടമുറികളുമടങ്ങുന്ന പുതിയ 2 നില കോൺക്രീറ്റ് കെട്ടിടവുമാണുള്ളത്. പ്രസ്തുത കെട്ടിടത്തിന്റെ ടെറസിലേക്ക് കയറാൻ നിലവിൽ സ്റ്റെയർ കേസില്ല. കെട്ടിടനിർമ്മാണ ചട്ടങ്ങൾ പാലിച്ചുകൊണ്ട് മുകളിലത്തെ നിലയിലേക്ക് സ്റ്റെയർകേസ് നിർമ്മിക്കാൻ വശങ്ങളിലോ പുറകുവശത്തോ സ്ഥലമില്ല. ഫുട്ട് പാത്തിൽ നിന്നും കെട്ടിടനിർമ്മാണ ചട്ടങ്ങൾ പ്രകാരമുള്ള നിശ്ചിത അകലം പാലിക്കാതെ ഫുട്ട്പാത്തിനോട് ചേർന്നാണ് കെട്ടിടം നിർമ്മിച്ചിട്ടുള്ളത്. 25/298, 25/302, 25/301 എന്നിങ്ങനെ വസ്തു നികുതി സ്വീകരിച്ചതായ കടമുറികളിൽ നഗരസഭയുടെ ലൈസൻസോടെ വിവോ മൊബൈൽ ഷോപ്പ്,

പന്തലായനി ടെക്സ്റ്റൈൽസ്, ഫ്രൂട്ടോ ഫ്രൂട്ട് ഷോപ്പ് എന്നിവ പ്രവർത്തിക്കുന്നുണ്ട് .

മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ അടിയന്തിരമായി കക്ഷികൾക്ക് എതിരെ ബിൽഡിംഗ് റൂൾസ് ലംഘനത്തിന് നിയമാനുസൃതമായ നടപടികൾ സ്വീകരിച്ചറിയിക്കേണ്ടതാണ്.

## 1-15 കെട്ടിടങ്ങളുടെ നികുതി തെറ്റായി നിർണ്ണയിച്ചതുമൂലം നികുതി നഷ്ടം സംഭവിച്ചിട്ടുണ്ട്

22.03.2023 ലെ സ.ഉ.(കൈ) നം.77/2023/LSGD ഉത്തരവ് പ്രകാരം, 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പരിഷ്കരണ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം, 31.03.2023 വരെ നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങൾക്ക് തുടർവർഷം 5% വർദ്ധനവും, 01.04.2023 മുതലുള്ള നികുതി നിർണ്ണയത്തിന് പുതിയ നിരക്കുമാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. സ.ഉ.(അച്ചടി) നം.25/2023/LSGD/05.04.2023 നം. ഉത്തരവിലെ നിരക്കുകൾ പ്രകാരം, നഗരസഭ നികുതി നിരക്കുകൾ അന്തിമമായി വിജ്ഞാപനം ചെയ്തിട്ടുണ്ട്.

01.04.2023 -ന് ശേഷം നികുതി നിർണ്ണയിക്കപ്പെട്ട ലോഡ്ജ് ഹോട്ടൽ ഉൾപ്പെടെയുള്ള മറ്റ് പ്രത്യേക ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് പുതുക്കിയ നികുതി നിരക്ക് നിശ്ചയിച്ചിട്ടുണ്ടെങ്കിലും, താഴെ പറയുന്ന കെട്ടിടങ്ങൾക്ക് പാർപ്പിടാവശ്യം- സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ എന്ന നിരക്കിലാണ് നിശ്ചയിച്ചിട്ടുള്ളത്.ഉദാഹരണങ്ങൾ താഴെ നൽകുന്നു.

1) കദീജ, ഫാത്തിമ എന്നിവരുടെ ഉടമസ്ഥതയിലുള്ള 8/420 1 A മുതൽ 24വരെ യുള്ള കെട്ടിടത്തിന് 300 ച.മീ മുകളിൽ വിസ്തീർണമുള്ള ലോഡ്ജ് ഹോട്ടൽ ഉൾപ്പെടെയുള്ള മറ്റ് പ്രത്യേക ആവശ്യങ്ങൾക്കുള്ള കെട്ടിടത്തിന് ₹84 രൂപ നിരക്കിന് പകരം ₹16.80 രൂപ നിരക്കായ 300 ച.മീ മുകളിൽ വിസ്തീർണമുള്ള പാർപ്പിടാവശ്യം- സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ ,ഹോം സ്റ്റേ എന്ന നിരക്കിൽ നികുതി കണക്കാക്കിയതുമൂലം ഉണ്ടായ നഷ്ടം കണക്കാക്കിയത് ചുവടെ ചേർക്കുന്നു.

| സി.നം (A) | കെട്ടിട നം (B) | നികുതി നിർണയിച്ച കാലഘട്ടം | വിസ്തീർണം (C) | കണക്കാക്കിയ അടിസ്ഥാന നികുതി -16.8/ച.മീ നിരക്കിൽ (D) | വർദ്ധനവ് (ശതമാനത്തിൽ) (E) | വർദ്ധനവ് (തുക) (F) | കിഴിവ് (ശതമാനത്തിൽ) (G) | കിഴിവ് (തുക) (H) | ആകെ (I) | ലൈബ്രറി സെസ്സ് (J) | സർവീസ് സെസ്സ് | ആകെ നികുതി ( സെസ്സ് അടക്കം) (K) | കണക്കാക്കേണ്ടിയിരുന്ന നികുതി -84/ച.മീ നിരക്കിൽ (സെസ്സ് ഉൾപ്പെടെ) (L) | വാർഷിക നികുതിയിലെ വ്യത്യാസം (M) |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 8/420 A1 | 2024-25 ഒന്നാം അർദ്ധ വർഷം | 32.52 | 547 | 0 | 0 | 0 | 0 | 547 | 28 | 55 | 630 | 3142 | 2512 |
| 2 | 18/420 (2) | 2024-25 ഒന്നാം അർദ്ധ വർഷം | 34.89 | 587 | 0 | 0 | 0 | 0 | 587 | 30 | 59 | 676 | 3371 | 2695 |
| 3 | 18/420 (3) | 2024-25 ഒന്നാം അർദ്ധ വർഷം | 35.76 | 601 | 0 | 0 | 0 | 0 | 601 | 31 | 61 | 693 | 3455 | 2762 |
| 4 | 18/420 (4) | 2024-25 ഒന്നാം അർദ്ധ വർഷം | 34.33 | 577 | 0 | 0 | 0 | 0 | 577 | 29 | 58 | 664 | 3317 | 2653 |
| 5 | 18/420 (5) | 2024-25 ഒന്നാം അർദ്ധ വർഷം | 34.34 | 577 | 0 | 0 | 0 | 0 | 577 | 29 | 58 | 664 | 3318 | 2654 |
| 6 | 18/420 (6) | 2024-25 | 35.76 | 601 | 0 | 0 | 0 | 0 | 601 | 31 | 61 | 693 | 3455 | 2762 |
| 7 | 18/420 (7) | 2024-25 | 34.89 | 587 | 0 | 0 | 0 | 0 | 587 | 30 | 59 | 676 | 3371 | 2695 |
| 8 | 18/420 (8) | 2024-25 | 32.52 | 547 | 0 | 0 | 0 | 0 | 547 | 28 | 55 | 630 | 3142 | 2512 |
| 9 | 18/420 (9) | 2024-25 | 32.52 | 547 | 0 | 0 | 0 | 0 | 547 | 28 | 55 | 630 | 3142 | 2512 |
| 10 | 18/420 (10) | 2024-25 | 34.89 | 587 | 0 | 0 | 0 | 0 | 587 | 30 | 59 | 676 | 3371 | 2695 |
| 11 | 18/420 (11) | 2024-25 | 35.76 | 601 | 0 | 0 | 0 | 0 | 601 | 31 | 61 | 693 | 3455 | 2762 |
| 12 | 18/420 (13) | 2024-25 | 34.34 | 577 | 0 | 0 | 0 | 0 | 577 | 29 | 58 | 664 | 3318 | 2654 |
| 13 | 18/420 (14) | 2024-25 | 35.76 | 601 | 0 | 0 | 0 | 0 | 601 | 31 | 61 | 693 | 3455 | 2762 |

| | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 14 | 18/420 (15) | 2024-25 | 34.89 | 587 | 0 | 0 | 0 | 0 | 587 | 30 | 59 | 676 | 3371 | 2695 |
| 15 | 18/420 (16) | 2024-25 | 32.52 | 547 | 0 | 0 | 0 | 0 | 547 | 28 | 55 | 630 | 3142 | 2512 |
| 16 | 18/420 (17) | 2024-25 | 35.29 | 593 | 0 | 0 | 0 | 0 | 593 | 30 | 60 | 683 | 3410 | 2727 |
| 17 | 18/420 (18) | 2024-25 | 37.65 | 633 | 0 | 0 | 0 | 0 | 633 | 32 | 64 | 729 | 3637 | 2908 |
| 18 | 18/420 (19) | 2024-25 | 38.53 | 648 | 0 | 0 | 0 | 0 | 648 | 33 | 65 | 746 | 3722 | 2976 |
| 19 | 18/420 (20) | 2024-25 | 37.1 | 624 | 0 | 0 | 0 | 0 | 624 | 32 | 63 | 719 | 3584 | 2865 |
| 20 | 18/420 (21) | 2024-25 | 37.1 | 624 | 0 | 0 | 0 | 0 | 624 | 32 | 63 | 719 | 3584 | 2865 |
| 21 | 18/420 (22) | 2024-25 | 38.52 | 648 | 0 | 0 | 0 | 0 | 648 | 33 | 65 | 746 | 3722 | 2976 |
| 22 | 18/420 (23) | 2024-25 | 37.65 | 633 | 0 | 0 | 0 | 0 | 633 | 32 | 64 | 729 | 3637 | 2908 |
| 23 | 18/420 (24) | 2024-25 | 35.29 | 593 | 0 | 0 | 0 | 0 | 593 | 30 | 60 | 683 | 3410 | 2727 |
| ആകെ | | | | 13667 | 0 | 0 | 0 | 0 | 13667 | 697 | 1378 | 15742 | 78531 | 62789 |

2) ഫാത്തിമ സിത്താര എന്നിവരുടെ ഉടമസ്ഥതയിലുള്ള 8/438 A മുതൽ A3 വരെ യുള്ള കെട്ടിടത്തിന് 300 ച.മീ താഴെ വിസ്തീർണമുള്ള ലോഡ്ജ് ഹോട്ടൽ ഉൾപ്പെടെയുള്ള മറ്റ് പ്രത്യേക ആവശ്യങ്ങൾക്കുള്ള കെട്ടിടത്തിന് ₹84 രൂപ നിരക്കിന് പകരം ₹13.65 രൂപ നിരക്കായ 300 ച.മീ താഴെ വിസ്തീർണമുള്ള പാർപ്പിടാവശ്യം- സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ ,ഹോം സ്റ്റേ എന്ന നിരക്കിൽ നികുതി കണക്കാകിയതുമൂലം ഉണ്ടായ നഷ്ടം കണക്കാക്കിയത് ചുവടെ ചേർക്കുന്നു.

| സി.നം (A) | കെട്ടിടനം (B) | നികുതി നിർണയിച്ച കാലഘട്ടം | വിസ്തീർണം (C) | കണക്കാക്കിയ അടിസ്ഥാന നികുതി -13,65/ച.മീ നിരക്കിൽ (D) | വർദ്ധനവ് (ശതമാനത്തിൽ) (E) | വർദ്ധനവ് (തുക) (F) | കിഴിവ് (ശതമാനത്തിൽ) (G) | കിഴിവ് (തുക) (H) | ആകെ (I) | ലൈബ്രറി സെസ്സ് (J) | സർവീസ്സെസ്സ് | ആകെ നികുതി( സെസ്സ് അടക്കം (K) | കണക്കാക്കേണ്ടിയിരുന്ന നികുതി -84/ച.മീ നിരക്കിൽ (സെസ്സ് ഉൾപ്പെടെ) (L) | വാർഷിക നികുതിയിലെ വ്യത്യാസം (M) |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 8/438 A | 2024-25 ഒന്നാം അർദ്ധ വർഷം | 98.29 | 1342 | 0 | 0 | 0 | 0 | 1342 | 68 | 135 | 1545 | 9496 | 7951 |
| 2 | 8/438 A1 | 2024-25 ഒന്നാം അർദ്ധ വർഷം | 48.38 | 661 | 0 | 0 | 0 | 0 | 661 | 34 | 67 | 762 | 4674 | 3912 |
| 3 | 8/438 A2 | 2024-25 ഒന്നാം അർദ്ധ വർഷം | 48.38 | 661 | 0 | 0 | 0 | 0 | 661 | 34 | 67 | 762 | 4674 | 3912 |
| 4 | 8/438 A3 | 2024-25 ഒന്നാം അർദ്ധ വർഷം | 48.38 | 661 | 0 | 0 | 0 | 0 | 661 | 34 | 67 | 762 | 4674 | 3912 |
| ആകെ | | | | 3325 | 0 | 0 | 0 | 0 | 3325 | 170 | 336 | 3831 | 23518 | 19687 |

3) ഹാഷിയാന എന്നിവരുടെ ഉടമസ്ഥതയിലുള്ള 25/886 A മുതൽ A7 വരെ യുള്ള കെട്ടിടത്തിന് 300 ച.മീ താഴെ വിസ്തീർണമുള്ള ലോഡ്ജ് ഹോട്ടൽ ഉൾപ്പെടെയുള്ള മറ്റ് പ്രത്യേക ആവശ്യങ്ങൾക്കുള്ള കെട്ടിടത്തിന് ₹84 രൂപ നിരക്കിന് പകരം ₹13.65 രൂപ നിരക്കായ 300 ച.മീ താഴെ വിസ്തീർണമുള്ള പാർപ്പിടാവശ്യം- സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ ,ഹോം സ്റ്റേ എന്ന നിരക്കിൽ നികുതി കണക്കാകിയതുമൂലം ഉണ്ടായ നഷ്ടം കണക്കാക്കിയത് ചുവടെ ചേർക്കുന്നു.

| സി.നം (A) | കെട്ടിടനം (B) | നികുതി നിർണയിച്ച കാലഘട്ടം | വിസ്തീർണം (C) | കണക്കാക്കിയ അടിസ്ഥാന നികുതി -13.65/ച.മീ നിരക്കിൽ (D) | വർദ്ധനവ് (ശതമാനത്തിൽ) (E) | വർദ്ധനവ് (തുക) (F) | കിഴിവ് (ശതമാനത്തിൽ) (G) | കിഴിവ് (തുക) (H) | ആകെ (I) | ലൈബ്രറി സെസ്സ് (J) | സർവീസ്സെസ്സ് | ആകെ നികുതി( സെസ്സ് അടക്കം (K) | കണക്കാക്കേണ്ടിയിരുന്ന നികുതി -84/ച.മീ നിരക്കിൽ (സെസ്സ് ഉൾപ്പെടെ) (L) | വാർഷിക നികുതിയിലെ വ്യത്യാസം (M) |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 25/886 A | 2024-25 ഒന്നാം അർദ്ധ വർഷം | 91.81 | 1254 | 20 | 251 | 0 | 0 | 1505 | 76 | 126 | 1707 | 8869 | 7162 |
| 2 | 25/886 A1 | 2024-25 ഒന്നാം അർദ്ധ വർഷം | 90.16 | 1231 | 20 | 247 | 0 | 0 | 1478 | 74 | 124 | 1676 | 8710 | 7034 |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 3 | 25/886 A 2 | 2024-25 ഒന്നാം അർദ്ധ വർഷം | 90.81 | 1240 | 20 | 248 | 0 | 0 | 1488 | 75 | 124 | 1687 | 8773 | 7086 |
| 4 | 25/886 A 3 | 2024-25 ഒന്നാം അർദ്ധ വർഷം | 90.4 | 1234 | 20 | 247 | 0 | 0 | 1481 | 75 | 124 | 1680 | 8733 | 7053 |
| 5 | 25/886 A 4 | 2024-25 ഒന്നാം അർദ്ധ വർഷം | 37.51 | 513 | 20 | 103 | 0 | 0 | 616 | 31 | 52 | 699 | 3624 | 2925 |
| 6 | 25/886 A 5 | 2024-25 ഒന്നാം അർദ്ധ വർഷം | 45.15 | 617 | 20 | 124 | 0 | 0 | 741 | 38 | 62 | 841 | 4362 | 3521 |
| 7 | 25/886 A 6 | 2024-25 ഒന്നാം അർദ്ധ വർഷം | 42.64 | 583 | 20 | 117 | 0 | 0 | 700 | 35 | 59 | 794 | 4120 | 3326 |
| 8 | 25/886 A 7 | 2024-25 ഒന്നാം അർദ്ധ വർഷം | 38.93 | 532 | 20 | 107 | 0 | 0 | 639 | 32 | 54 | 725 | 3761 | 3036 |
| ആകെ | | | | 7204 | 160 | 1444 | 0 | 0 | 8648 | 436 | 725 | 9809 | 50952 | 41143 |

4) ജോർജ്ജ്,ജോയി എന്നിവരുടെ ഉടമസ്ഥതയിലുള്ള 14/491 (10) മുതൽ 14/491 (14) വരെ യുള്ള കെട്ടിടത്തിന് 300 ച.മീ മുകളിൽ വിസ്തീർണമുള്ള ലോഡ്ജ് ഹോട്ടൽ ഉൾപ്പെടെയുള്ള മറ്റ് പ്രത്യേക ആവശ്യങ്ങൾക്കുള്ള കെട്ടിടത്തിന് ₹84 രൂപ നിരക്കിന് പകരം ₹16.8 രൂപ നിരക്കായ പാർപ്പിടാവശ്യം- സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ ,ഹോം സ്റ്റേ എന്ന നിരക്കിൽ നികുതി കണക്കാകിയതുമൂലം ഉണ്ടായ നഷ്ടം കണക്കാക്കിയത് ചുവടെ ചേർക്കുന്നു.

| സി.നം (A) | കെട്ടിടനം (B) | നികുതി നിർണയിച്ച കാലഘട്ടം | വിസ്തീർണം (C) | കണക്കാക്കിയ അടിസ്ഥാന നികുതി -16.8/ ച.മീ നിരക്കിൽ (D) | വർദ്ധനവ് (ശതമാനത്തിൽ) (E) | വർദ്ധനവ് (തുക) (F) | കിഴിവ് (ശതമാനത്തിൽ) (G) | കിഴിവ് (തുക) (H) | ആകെ (I) | ലൈബ്രറി സെസ്സ് (J) | സർവീസ്സെസ്സ് | ആകെ നികുതി( സെസ്സ് അടക്കം (K) | കണക്കാക്കേണ്ടിയിരുന്ന നികുതി -84/ച.മീ നിരക്കിൽ (സെസ്സ് ഉൾപ്പെടെ) (L) | വാർഷിക നികുതിയിലെ വ്യത്യാസം (M) |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 14/491 (10) | 2024-25 ഒന്നാം അർദ്ധ വർഷം | 162.58 | 2732 | 20 | 547 | 0 | 0 | 3279 | 164 | 274 | 3717 | 15706 | 11989 |
| 2 | 14/491 (11) | 2024-25 ഒന്നാം അർദ്ധ വർഷം | 358.53 | 6024 | 35 | 2109 | 0 | 0 | 8133 | 407 | 603 | 9143 | 34634 | 25491 |
| 3 | 14/491 (12) | 2024-25 ഒന്നാം അർദ്ധ വർഷം | 358.96 | 6031 | 35 | 2111 | 0 | 0 | 8142 | 408 | 604 | 9154 | 34676 | 25522 |
| 4 | 14/491 (13) | 2024-25 ഒന്നാം അർദ്ധ വർഷം | 358.53 | 6024 | 35 | 2109 | 0 | 0 | 8133 | 407 | 603 | 9143 | 34634 | 25491 |
| 5 | 14/491 (14) | 2024-25 ഒന്നാം അർദ്ധ വർഷം | 358.96 | 6031 | 35 | 2111 | 0 | 0 | 8142 | 408 | 604 | 9154 | 34676 | 25522 |
| ആകെ | | | | 26842 | | 8987 | 0 | 0 | 35829 | 1794 | 2688 | 40311 | 154326 | 114015 |

2024-25 സാമ്പത്തിക വർഷങ്ങളിൽ മുകളിൽ സൂചിപ്പിച്ച കെട്ടിടങ്ങളിൽ നിന്ന് മാത്രം വസ്തു നികുതിയിനത്തിൽ ആകെ (62789+19687+41143+114015)=2,37,634 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.ഇപ്രകാരം നികുതി നഷ്ടമുണ്ടായതിന്റെ ഏതാനം ഉദാഹരണങ്ങൾ മാത്രമാണ് മുകളിൽ സൂചിപ്പിച്ചിട്ടുള്ളത്. കെട്ടിടങ്ങളുടെ നികുതി കെട്ടിടങ്ങളുടെ ഉപയോഗക്രമം അനുസരിച്ച് കൃത്യമായി നിർണയിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (എൻക്വയറി നം:15/19.01.2026 ) ന് മറുപടിയിൽ ക്രമ നം.1,2,4 എന്നീ കെട്ടിടങ്ങൾ തെറ്റായി നിർണ്ണയിച്ചതാണെന്നും നികുതി പുനർനിർണ്ണയിച്ച് നികുതി ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട് .കെ സ്മാർട്ട് സോഫ്റ്റ്‌വെയർ പരിശോധിച്ച് 2024-25 സാമ്പത്തിക വർഷത്തിന് ശേഷം നികുതി നിർണയിച്ച എല്ലാ കെട്ടിടങ്ങളുടെയും നികുതി നിർണയത്തിന്റെ കൃത്യത ഉറപ്പ് വരുത്തി നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 കെ-സ്മാർട്ട് സോഫ്റ്റ്‌വെയർ പ്രകാരം വൻ തുക പിരിച്ചെടുക്കാൻ ശേഷിക്കുന്നു.

കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 539(1) പ്രകാരം മുനിസിപ്പാലിറ്റിക്ക് കിട്ടേണ്ട ഏതെങ്കിലും തുകയുടെ കാര്യത്തിൽ

വ്യവഹാരം ആദ്യം നടത്താവുന്നതോ ശിക്ഷാനടപടി ആദ്യം ആരംഭിക്കാവുന്നതോ ജപ്തി ആദ്യം ചെയ്യാമായിരുന്നതോ ആയ തീയതി മുതൽ മൂന്ന് കൊല്ലം കഴിഞ്ഞതിന് ശേഷം യാതൊരു ജപ്തിയും ചെയ്യുകയോ യാതൊരു വ്യവഹാരവും നടത്തുകയോ യാതൊരു ശിക്ഷാനടപടിയും ആരംഭിക്കുകയോ ചെയ്യാൻ പാടുള്ളതല്ല.

കെ-സ്മാർട്ടിൽ നിന്ന് ഒരു നിശ്ചിത ദിവസം ലഭ്യമാകുന്ന വസ്തു നികുതിയുടെ ഫീൽഡ് കളക്ഷൻ റിപ്പോർട്ടിൽ നിലവിൽ ഓരോ വാർഡിലും മേൽ തീയതിയിൽ നടപ്പ് സാമ്പത്തിക വർഷം കുടിശ്ശികയടക്കം എത്ര തുക നികുതിയായി പിരിഞ്ഞ് കിട്ടാനുണ്ടെന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാണ്. റിപ്പോർട്ട് തീയതിയിലെ ഓരോ സാമ്പത്തിക വർഷത്തെ കുടിശ്ശികയും പ്രത്യേകമായി ഈ റിപ്പോർട്ടിൽ നിന്ന് അറിയാൻ സാധിക്കും. കൽപ്പറ്റ മുനിസിപ്പാലിറ്റിയിലെ 21/01/2026 തീയതിയിലെ ഫീൽഡ് കളക്ഷൻ റിപ്പോർട്ട് പരിശോധിച്ചതിൽ നിന്ന് 2024-25 സാമ്പത്തിക വർഷം വരെ 1,21,11,315.5 രൂപ വസ്തുനികുതിയിനത്തിൽ പിരിച്ചെടുക്കാനുള്ളതായും (സഞ്ചയ സോഫ്റ്റ്‌വെയറിൽ സസ്പെക്ട് ചെയ്ത കെട്ടിട ഡിമാന്റുകൾ ഒഴികെയുള്ള തുകയാണ് നിലവിൽ കെ-സ്മാർട്ടിൽ ലഭ്യമാകുന്നത്.) ആയതിൽ തന്നെ 8199057.50 രൂപ (2021-22 സാമ്പത്തിക വർഷം വരെയുള്ള കുടിശ്ശിക) കാലഹരണപ്പെട്ടതായും കാണുന്നു. വിശദവിവരങ്ങൾ താഴെ നൽകുന്നു.

| | 2005-06 | 2006-07 | 2007-08 | 2008-09 | 2009-10 | 2010-11 | 2011-12 | 2012-13 | 2013-14 | 2014-15 | 2015-16 | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 | 2023-24 | 2024-25 | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| Ward1 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1386 | 1386 | 1389 | 2051 | 2530 | 2908 | 3455 | 4060 | 7135 | 10153 | 165253 | 218394 | 420100 |
| WARD 2 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 292 | 285 | 493 | 2044 | 2776 | 3126 | 3239 | 3454 | 4304 | 6024 | 15288 | 28097 | 69422 |
| WARD 3 | 323 | 324 | 324 | 324 | 324 | 324 | 324 | 162 | 816 | 838 | 905 | 2986 | 4095 | 5327 | 7749 | 9770 | 11533 | 12559 | 22484 | 73963 | 155454 |
| WARD 4 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 415 | 660 | 650 | 498 | 3681 | 3531 | 7125 | 12970 | 15557 | 17943 | 34026 | 68589 | 165645 |
| WARD5 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 106 | 1076 | 1101 | 1126 | 1760 | 7105 | 13478 | 21865 | 25152 | 38868 | 54153 | 125380 | 291170 |
| WARD 6 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 814 | 1234 | 5344 | 14309 | 32788 | 37246 | 37856 | 42655 | 57959 | 63702 | 69797 | 91394 | 455098 |
| WARD 7 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 781 | 806 | 960 | 12505 | 13179 | 25574 | 25404 | 36850 | 61368 | 73340 | 92367 | 136939 | 480073 |
| WARD 8 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1422 | 2967 | 4196 | 43387 | 60793 | 111753 | 110400 | 182301 | 184994 | 265902 | 355323 | 439868 | 1763306 |
| WARD 9 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 2130 | 2130 | 3477 | 6624 | 7790 | 12118 | 17010 | 21513 | 28705 | 38160 | 109793 | 264069 | 513519 |
| WARD 10 | | | | | | | | | 12854 | 16446 | 20604 | 34681 | 45114 | 68008 | 80484 | 85745 | 90968 | 96397 | 136595 | 246810 | 934706 |
| WARD 11 | 0 | 0 | 0 | 0 | 0 | 0 | 0 | | | | | 1616 | 1523 | 1656 | 3914 | 4568 | 4712 | 4781 | 11137 | 150407 | 184314 |
| WARD 12 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 636 | 1026 | 1470 | 1445 | 1473 | 2670 | 2670 | 2670 | 2753 | 2928 | 3080 | 62993 | 85814 |
| WARD 13 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 100 | 100 | 100 | 507 | 668 | 674 | 674 | 2821 | 38993 | 44637 |
| WARD 14 | | | | | | | | | 521 | 545 | 1459 | 2355 | 3806 | 6997 | 8974 | 10949 | 12698 | 13099 | 19892 | 282759 | 364054 |
| WARD 15 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 9412 | 11383 | 13231 | 28822 | 33183 | 35473 | 40613 | 47490 | 49239 | 56909 | 91217 | 622526 | 1039498 |
| WARD 16 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 3158 | 3740 | 5645 | 9561 | 12119 | 12289 | 22888 | 29408 | 33045 | 39841 | 47152 | 65586 | 284432 |
| WARD 17 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 422 | 522 | 495 | 651 | 1519 | 5721 | 10821 | 13321 | 15175 | 15507 | 27018 | 90664 | 181836 |
| WARD 18 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 458 | 494 | 519 | 912 | 915 | 1213 | 2140 | 2407 | 3758 | 5922 | 19257 | 101769 | 139764 |
| WARD 19 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 500 | 3206 | 5792 | 7910 | 10724 | 12749 | 19170 | 28215 | 39835 | 43625 | 76133 | 163934 | 411793 |
| WARD 20 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 2436 | 2528 | 2638 | 2849 | 3052 | 4489 | 5253 | 6199 | 7428 | 13018 | 27132 | 143913 | 220935 |
| WARD 21 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 2940 | 3166 | 3349 | 4079 | 5491 | 7123 | 10027 | 12280 | 15534 | 24933 | 32989 | 52266 | 174177 |
| WARD 22 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1759 | 3479 | 4629 | 6131 | 8374 | 9340 | 24104 | 24643 | 27051 | 47017 | 125413 | 156015 | 437955 |
| WARD 23 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1962 | 2256 | 2258 | 2666 | 6970 | 6475 | 9152 | 11771 | 15004 | 32488 | 44182 | 80084 | 215268 |
| WARD 24 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 474 | 1074 | 1148 | 1150 | 1325 | 2583 | 3460 | 4785 | 5448 | 8964 | 14518 | 205080 | 250009 |
| WARD 25 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 7906 | 8872 | 10884 | 33898 | 79317 | 146943 | 192135 | 234126 | 275881 | 306045 | 360554 | 872594 | 2529155 |
| WARD 26 | | | | | | | | | 926 | 926 | 1120 | 1292 | 2461 | 4251 | 10099 | 10538 | 11627 | 11769 | 22248 | 76710 | 153967 |
| WARD 27 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 494 | 794 | 1926 | 4142 | 4056 | 4503 | 4723 | 4817 | 4877 | 7236 | 11498 | 38379 | 87445 |
| WARD 28 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 50 | 248 | 744 | 744 | 744 | 789 | 860 | 900 | 932 | 2613 | 7445 | 41700.5 | 57769.5 |
| ആകെ | 323 | 324 | 324 | 324 | 324 | 324 | 324 | 162 | 55070 | 72087 | 96426 | 230534 | 351658 | 542060 | 677710 | 870938 | 1013346 | 1260417 | 1998765 | 4939875.5 | 12111315.5 |

കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 539(2) പ്രകാരം യഥാസമയം നടപടികളെടുക്കുന്നതിൽ വീഴ്ച വരുത്തിയതു മൂലം മുനിസിപ്പാലിറ്റിക്ക് നഷ്ടമായ തുക ഏത് ഉദ്യോഗസ്ഥൻ / ഉദ്യോഗസ്ഥരുടെ വീഴ്ചമൂലമാണ് നഷ്ടപ്പെടുന്നതെന്ന് നിയമാനുസൃതമായ അന്വേഷണത്തിൽ ബോധ്യപ്പെടുന്നത് അങ്ങനെയുള്ള ഉദ്യോഗസ്ഥരിൽ നിന്ന് 12 ശതമാനം പലിശ സഹിതം ഈടാക്കേണ്ടതാണ് .മേൽ തുക പിരിച്ചെടുക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.മേൽ പറഞ്ഞ തുക ഈടാക്കുന്നതിന് നഗരസഭ സ്വീകരിച്ച നടപടികളുടെ വിവരങ്ങളും രേഖകളും പരിശോധനയ്ക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് 28 / 22.01.2026 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ നികുതി കെട്ടിട ഉടമകളിൽ നിന്ന് ഈടാക്കാൻ സാധിക്കാത്ത പക്ഷം നികുതി കാലഹരണപ്പെട്ടതിന്

ഉത്തരവാദികളായ ഉദ്യോഗസ്ഥരെ കണ്ടെത്തി ചട്ടപ്രകാരം ഈടാക്കേണ്ടതാണ്.
മേൽ സാഹചര്യത്തിൽ കാലഹരണപ്പെട്ട തുക ഉൾപ്പെടെ നികുതി പൂർണമായും പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17-1 ടർഫിന്റെ നിർമ്മാണം യഥാസമയം കണ്ടെത്തി നടപടി സ്വീകരിച്ചില്ല

2019 ലെ കേരള മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം നഗരസഭയുടെ കെട്ടിട നിർമ്മാണ അനുമതിയില്ലാതെ ഏതൊരു വ്യക്തിയും കെട്ടിടം നിർമ്മിക്കുകയോ പുനർ നിർമ്മിക്കുകയോ വിപുലീകരിക്കുകയോ മാറ്റം വരുത്തുകയോ ചെയ്യാൻ പാടില്ലാത്തതാണ്. നഗരസഭയുടെ അറിവോടുകൂടിയല്ലാത്ത കെട്ടിടങ്ങളുടെ നിർമ്മാണം യഥാസമയം കണ്ടെത്തി നടപടിയെടുക്കുകയെന്നത് നഗരസഭയുടെ ചുമതലയാണ്. സെക്രട്ടറിയുടെ അംഗീകാരം ഇല്ലാതെയോ അംഗീകാരമുള്ള പ്ലാനിൽ നിന്നും വ്യതിചലിച്ചോ കെട്ടിടം നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ മാറ്റം വരുത്തുകയോ ചെയ്തിട്ടുണ്ടെങ്കിൽ അങ്ങനെയുള്ള നിർമ്മാണമോ പുനർ നിർമ്മാണമോ കേരള മുൻസിപ്പാലിറ്റി നിയമത്തിനോ നിയമത്തിന് കീഴിലുള്ള ചട്ടങ്ങളിലോ പറഞ്ഞിട്ടുള്ള മാനദണ്ഡങ്ങളോ നിർദ്ദേശങ്ങളോ ലംഘിക്കുന്നതല്ലെങ്കിൽ സെക്രട്ടറിക്ക് സർക്കാർ നിർദ്ദേശിക്കുന്ന പ്രകാരമുള്ള അപേക്ഷാ ഫീസും രാജിയാക്കൽ ഫീസും ഈടാക്കിക്കൊണ്ട് നിർമ്മിതികളെ ക്രമവൽക്കരിക്കാവുന്നതാണ്. 2019 ലെ കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ സംശയ നിവാരണത്തിനായി നഗരഗ്രാമാസൂത്രണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ തദ്ദേശ സ്വയംഭരണ പ്ലാനിങ് വിഭാഗം പുറത്തിറക്കിയ കൈപുസ്തകത്തിലെ ഖണ്ഡിക 1.37 ൽ (പേജ്-16) ടർഫുകളുടെ നിർമ്മാണത്തിനും നഗരസഭയുടെ നിർമ്മാണാനുമതി/പെർമിറ്റ് ബാധകമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.
പഞ്ചായത്തിൽ പ്രവർത്തിക്കുന്ന 'Lions Foot Planet ', 'Dugout 7's എന്നീ പേരിലുള്ള ടർഫിന്റെ നിർമ്മാണം മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണാനുമതി അഥവാ പെർമിറ്റ് നേടാതെ ആണ് നടത്തിയത്. പ്രസ്തുത കെട്ടിടത്തിന്റെ വിവര ശേഖരണം സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷത്തിന് (19/20.01.2026) ലഭ്യമാക്കിയ മറുപടി ലഭ്യമാക്കിയിട്ടില്ല.
ടർഫിന്റെ നിർമ്മിതി കേരള മുൻസിപ്പാലിറ്റി നിയമത്തിനോ നിയമത്തിന് കീഴിലുള്ള ചട്ടങ്ങളിലോ പറഞ്ഞിട്ടുള്ള മാനദണ്ഡങ്ങളോ നിർദ്ദേശങ്ങളോ ലംഘിക്കുന്നതല്ലെങ്കിൽ നഗരസഭയുടെ അനുമതി ഇല്ലാതെ നിർമ്മാണം നടത്തിയ ടി ടർഫിന്റെ ഉടമസ്ഥന് നോട്ടീസ് നൽകി 30.07.2024 ലെ സ.ഉ(കൈ) നം.97/2024/ത.സ്വ.ഭ.വ ഉത്തരവിലെ നിരക്കിന് അനുസൃതമായി 2019 ലെ കേരള മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 94 പ്രകാരം അപേക്ഷാ ഫീസും, ചട്ടം 95(4) ഇവ പ്രകാരം, പെർമിറ്റ് ഫീസിന് ഇരട്ടിയുള്ള തുക രാജിയാക്കൽ ഫീസായും ഈടാക്കി കെട്ടിടം ക്രമവൽക്കരിക്കാവുന്നതാണ്. ഇങ്ങനെ ക്രമവൽകരണത്തിന് നോട്ടീസ് നൽകി നിയമാനുസൃതമായ അപേക്ഷാ ഫീസും രാജിയാക്കൽ ഫീസും ഈടാക്കുന്നതിന് നഗരസഭയ്ക്ക് അധികാരം ഉണ്ടെന്നിരിക്കെ അതിനുള്ള നിയമാനുസൃതമായ നടപടികൾ ഇതു വരെ സ്വീകരിച്ചിട്ടില്ല. നിയമ വിരുദ്ധമായാണ് നിർമ്മാണം നടത്തിയിട്ടുള്ളതെങ്കിൽ ആയത് പൊളിച്ചുമാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
മേൽ ടർഫ് മുൻസിപ്പാലിറ്റി നിയമത്തിനോ നിയമത്തിന് കീഴിലുള്ള ചട്ടങ്ങളിലോ പറഞ്ഞിട്ടുള്ള മാനദണ്ഡങ്ങളോ നിർദ്ദേശങ്ങളോ ലംഘിക്കുന്നതാണെങ്കിൽ പൊളിച്ച് മാറ്റുകയോ അല്ലെങ്കിൽ പെർമിറ്റ് ഫീസിന് ഇരട്ടിയുള്ള തുക രാജിയാക്കൽ ഫീസായും ഈടാക്കി കെട്ടിടം ക്രമവൽക്കരിക്കുകയോ ചെയത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
നഗരസഭാ പരിധിയിൽ നഗരസഭയുടെ അനുമതിയില്ലാതെ നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ഫീൽഡ് അന്വേഷണത്തിലൂടെ കണ്ടെത്തി നടപടി സ്വീകരിക്കുക എന്നത് നഗരസഭയുടെ ചുമതലയാണ്. ഫീൽഡ് അന്വേഷണം നടത്തി അനധികൃത കെട്ടിട നിർമ്മാണം തടയുന്നതിനുള്ള നടപടി കാര്യക്ഷമം ആക്കുന്നതിന് നഗരസഭാ കൗൺസിൽ നടപടി സ്വീകരിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-17-2 ടർഫിന് വസ്തു നികുതി ഈടാക്കാത്തകിനാൽ നഷ്ടം സംഭവിച്ചിട്ടുണ്ട്

കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ സെക്ഷൻ 242(1) പ്രകാരം അനധികൃതമായി നിർമ്മിച്ച ഭാഗം പൊളിച്ചുമാറ്റുകയോ ക്രമവൽക്കരിക്കുകയോ ചെയ്യുന്നതു വരെ കെട്ടിടത്തിന് പ്രത്യേക നമ്പർ കൊടുക്കേണ്ടതും, കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക വസ്തുനികുതിയായി ഈടാക്കേണ്ടതുമാണ്.
ഭരണസമിതിയുടെ 12.12.2023 തീയതിയിൽ 10/10/2023 നം. തീരുമാനം പ്രകാരം നികുതി നിരക്കുകൾ അന്തിമ വിജ്ഞാപനത്തിൽ (നം. R3-8116/2013) ടർഫ് കോർട്ടിന് ഏർപ്പെടുത്തിയ നികുതി നിരക്ക് ഒരു മീറ്റർ സ്ക്വയറിന് 50 രൂപയായി നിശ്ചയിച്ചിട്ടുണ്ട്.
പെർമിറ്റ് നേടാതെ പ്രവർത്തിക്കുന്ന 'Lions Foot Planet ', 'Dugout 7's എന്നീ പേരിലുള്ള ടർഫ് കോർട്ടിൽ നിന്നും നാളിതു വരെ വസ്തു നികുതി ഈടാക്കാത്തതിനാൽ നഷ്ടം സംഭവിച്ചിട്ടുണ്ട്.
ടർഫിന്റെ വിസ്തൃതി അളന്ന് ഓഡിറ്റിന് ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(19/20.01.26) മറുപടി ലഭ്യമാക്കിയിട്ടില്ല. ടർഫിന്റെ വിസ്തൃതി അളന്ന് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കൂടാതെ വസ്തുനികുതി കുടിശ്ശിക സഹിതം ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 പെർമിറ്റ് എടുക്കാതെ നഗരസഭയിൽ ടർഫ് പ്രവർത്തിക്കുന്നു

നഗരസഭയിലെ 'Lions Foot Planet ', 'Dugout 7's എന്നീ പേരിലുള്ള ടർഫുകൾ നഗരസഭയുടെ കെട്ടിട നിർമ്മാണാനുമതി ഇല്ലാതെ നിയമ വിരുദ്ധമായി നിർമ്മിച്ചിട്ടുള്ളതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

## 1-18 നഗരസഭാ പരിധിയിൽ പുഷ്പോത്സവം നടന്ന വകയിൽ ലഭ്യമാകേണ്ട വിനോദ നികുതി സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയിട്ടില്ല

2024-25 ൽ നഗരസഭാ പരിധിയിൽ ബൈപ്പാസ് ജംഗ്ഷന് സമീപം 2024 ഡിസംബർ 1 മുതൽ 31 വരെ പുഷ്പോത്സവം നടത്തുന്നതിനുള്ള പി.പി.ആർ ലൈസൻസ് സ്നേഹ ഇവന്റ്സ് അപേക്ഷിക്കുകയും 30.11.24 ന് സെക്രട്ടറിയുടെ ആർ2-2513052/24 ഉത്തരവ് പ്രകാരം അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.മേൽ ഉത്തരവിൽ നഗരസഭയുടെ സീൽ ചെയ്ത ടിക്കറ്റുകളില്ലാതെ പ്രദർശന ഹാളിലേക്ക് ആരെയും പ്രവേശിക്കാൻ പാടില്ലായെന്നും ടിക്കറ്റ് വിൽപ്പന സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ സമയാസമയങ്ങളിൽ രേഖപ്പെടുത്തേണ്ടതാണെന്നും ആയതിന്റെ വിശദമായ റിപ്പോർട്ട് ലഭ്യമാക്കാനും ആവശ്യപ്പെട്ടിട്ടുണ്ട്.പുഷ്പോത്സവം നടത്തിയ വകയിൽ 60,000/- രൂപയാണ് നഗരസഭയ്ക്ക് വിനോദ നികുതിയായി ലഭിച്ചത്.പുഷ്പോത്സവത്തിന് ലഭിക്കേണ്ട വിനോദ നികുതിയുടെ ആധികാരികത പരിശോധിക്കാൻ ചുവടെ കൊടുത്ത രജിസ്റ്ററുകളും വിവരങ്ങളും ലഭ്യമാക്കിയിട്ടില്ല.

1. സ്നേഹ ഇവന്റ്സ് നേതൃത്വത്തിൽ പുഷ്പോത്സവം നടത്തുന്നതിന് നഗരസഭയിൽ നിന്ന് സീൽ ചെയ്ത ടിക്കറ്റ് നൽകിയതിന്റെ ടിക്കറ്റ് ഇഷ്യൂ രജിസ്റ്റർ .
2.നഗരസഭാ സെക്രട്ടറിയുടെ 30.11.24ലെ ആർ 2-2513052/24 ഉത്തരവ് പ്രകാരം പാലിക്കേണ്ട ഡെയ്‌ലി കലക്ഷൻ റിപ്പോർട്ട്.
3. സീൽ ചെയ്ത നൽകിയ ടിക്കറ്റിന്റെ സീരിയൽ നമ്പർ,ബാക്കി വന്ന ടിക്കറ്റുകൾ.

മേൽ വിവരങ്ങൾ ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.
ടിക്കറ്റ് ഇഷ്യൂ രജിസ്റ്റർ, ഡെയ്‌ലി കലക്ഷൻ റിപ്പോർട്ട്,ബാക്കി വന്ന ടിക്കറ്റുകൾ എന്നിവ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്

## 1-19 ഗുണഭോക്തൃവിഹിതം സ്വീകരിച്ചതിൽ അപാകത

സീനിയർ വെറ്റിനറി സർജൻ നിർവഹണോദ്യോഗസ്ഥനായി തൻവർഷം ക്ഷീരകർഷകർക്ക് കാലിത്തീറ്റ സബ്സിഡി എന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ട് നമ്പർ | 16/25 |
| പ്രോജക്ട് | ക്ഷീരകർഷകർക്ക് കാലിത്തീറ്റ സബ്സിഡി |
| അടങ്കൽ | 1024800(വികസനഫണ്ട്-439200+ഗുണഭോക്തൃവിഹിതം-585600) |
| ചെലവ് | 1024800(വികസനഫണ്ട്-439200+ഗുണഭോക്തൃവിഹിതം-585600) |

50 കിലോ തൂക്കം വരുന്ന കേരളഫീഡ്സിന്റെ 2 കാലിത്തീറ്റ ചാക്കുകൾ വീതം 3 മാസം 130 ക്ഷീരകർഷകർക്ക് ക്ഷീരസൊസൈറ്റി മുഖേന നൽകുന്നതിനാണ് പദ്ധതിവിഭാവനം ചെയ്തത്. 1400 രൂപ വില വരുന്ന ഒരു ചാക്ക് കാലിത്തീറ്റക്ക് 800 രൂപ ഗുണഭോക്തൃവിഹിതവും 600 രൂപ സബ്സിഡിയുമായാണ് പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്. ആകെ 732 ചാക്ക് കാലിത്തീറ്റ വിതരണം ചെയ്തിട്ടുണ്ട്.

ഗുണഭോക്തൃവിഹിതം നിർവഹണോദ്യോഗസ്ഥൻ പിരിച്ചതായി കാണുന്നില്ല. ക്ഷീരസംഘം കർഷകരിൽ നിന്ന് ഈടാക്കി നഗരസഭയിൽ അടച്ചതായാണ് ക്യാഷ്ബുക്കിലും ഫയലിലും രേഖപ്പെടുത്തിയിട്ടുള്ളത്. കർഷകർക്ക് രസീത് നൽകിയിട്ടുമില്ല. കർഷകരിൽ നിന്ന് ഗുണഭോക്തൃവിഹിതം പിരിച്ച് ഓരോ തുകക്കും രശീത് നൽകേണ്ടതും നഗരസഭയിൽ അടക്കേണ്ടതും നിർവഹണോദ്യോഗസ്ഥന്റെ ചുമതലയാണ്.(2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങൾ ,ചട്ടം 18 കാണുക).ക്ഷീരസംഘം അടച്ച തുകയുടെ വിവരങ്ങൾ ഇപ്രകാരമാണ്.

| രശീത് നമ്പർ | തുക |
|---|---|
| 120100-24016971/19.02.25 | 177600 |
| 120100-24014854/30.01.25 | 166400 |
| 120100-2401493/31/01/25 | 33600 |
| 120100-24021759/15/03/25 | 88000 |
| 120100-24020948/11/03/25 | 120000 |

രശീത് നൽകാതെ ,മറ്റൊരു ഏജൻസി മുഖേന പണം പിരിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-12/17.01.26) ക്ഷീരസംഘം സെക്രട്ടറി ഗുണഭോക്തൃവിഹിതം ഈടാക്കിയത്

നിർവഹണോദ്യോഗസ്ഥനായിരുന്ന വെറ്ററിനറി സർജന്റെ സാന്നിധ്യത്തിലും മേൽനോട്ടത്തിലുമായിരുന്നു എന്ന മറുപടി അംഗീകരിക്കാനാവില്ല. നിർവ്വഹണ ഉദ്യോഗസ്ഥൻ നേരിട്ട് ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃ വിഹിതം പിരിക്കേണ്ടതും ആയതിന് രസീതി നൽകേണ്ടതുമാണ്.

## 1-20 നഗരസഭ ഓഫീസിന് നെറ്റ് വർക്ക് സംവിധാനം ഏർപ്പെടുത്തൽ - വിനിയോഗ വിവരം നൽകാത്തതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

നഗരസഭ ഓഫീസിൽ നെറ്റ് വർക്ക് സംവിധാനം ഏർപ്പെടുത്തുന്നതിന് തുക ചെലവഴിച്ചിട്ടുണ്ട്. പി.ഡബ്ല്യു.ഡി ഇലക്ട്രോണിക്സ് വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള തുക മേൽ വകുപ്പിലേക്ക് ഡെപ്പോസിറ്റ് ചെയ്തു. പദ്ധതിയുടെ വിശദാംശം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം, പേര് | S-582/25<br>നഗരസഭ ഓഫീസ് നെറ്റ് വർക്ക് സംവിധാനം ഏർപ്പെടുത്തൽ |
| അടങ്കൽ, ഫണ്ടിനം | 3,50,000 ( വികസന ഫണ്ട്-ജനറൽ) |
| ചെലവ് | 3,22,000 |
| ബിൽ നം/തുക | 2418014700081537062/14.03.25- 3,22,000 |
| നിർവ്വഹണം | അസി. എഞ്ചിനീയർ |

മേൽ പദ്ധതിയുടെ പൂർത്തീകരണ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ നൽകുന്നതിന് ഓഡിറ്റ് എൻക്വയറി (നം. 3 തിയ്യതി 17.01.2026) പ്രകാരം ആവശ്യപ്പെട്ടിരുന്നു. ഇതിന്റെ മറുപടിയിൽ പ്രവ്യത്തി പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്. എന്നാൽ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. ചെലവ് തുകയുടെ വിനിയോഗ സാക്ഷ്യപത്രം നൽകാത്തതിനാൽ 3,22,000 രൂപ തടസ്സത്തിൽ വെക്കുന്നു. വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-21 യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാത്തതിന് കരാറുകാരിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല.

കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2005, 2112 എന്നിവ പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത കാലാവധിക്കകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ കരാറുകാരൻ അസി.എഞ്ചിനീയർ മുഖേന കരാർ കാലാവധി തീരുന്നതിന് മുൻപായി അപേക്ഷിക്കേണ്ടതും നിർവ്വഹണോദ്യോഗസ്ഥൻ ഇക്കാര്യത്തിൽ തീരുമാനമെടുത്ത് അധിക സമയം അനുവദിക്കാവുന്നതാണ്. പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, കരാറുകാർ, നിർവ്വഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും പ്രസ്തുത അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി, രേഖപ്പെടുത്തിയ PAC യുടെ 1 % പിഴ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25 % വരെ (പരമാവധി 6 മാസം, ഏതാണോ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ച് നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, 2 % പിഴ ഈടാക്കണം. എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണസമയത്തിന്റെ 50 % ൽ അധികരിക്കാവുന്നതല്ല.

ചുവടെ പറഞ്ഞിട്ടുള്ള പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകിയതിന് പിഴ ഈടാക്കിയിട്ടില്ല. മാത്രമല്ല, കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ സമർപ്പിച്ചിട്ടില്ല.

ജി.എൽ.പി.എസ് നവീകരണം

| പ്രോജക്ട്. നം, പേര് | S-368/25, ജി.എൽ.പി.എസ് നവീകരണം | ഈടാക്കേണ്ട പിഴ |
|---|---|---|
| കരാറുകാരൻ | സുരേഷ് ബാബു | 25.08.24 മുതൽ 24.11.2024 വരെ- 1% X 8,52,097 = 8,521<br>25.11.24 മുതൽ 24.01.2025 വരെ- 2%X 8,52,097 = 17,042<br>ആകെ - 25,563 |
| അടങ്കൽ | 10,05,500 (MG-NR) | |
| ചെലവ് | 5,92,205 | |
| ബിൽ നം തിയ്യതി | 24180147000801452699/04.03.25-5,92,205 | |
| എസ്റ്റിമേറ്റ് നം | 1459/24 | |
| കരാർ നം. തിയ്യതി | 116/23-24/ 26.02.24 | |
| കരാർ തുക | 8,52,097 | |
| പൂർത്തീകരിക്കേണ്ട തിയ്യതി | 25.08.24 | |

| | | |
|---|---|---|
| അവസാന അളവ് രേഖപ്പെടുത്തിയ തിയ്യതി | 20.02.25 | |
| അളവ് പുസ്തകം | MB/1459/24 | |

പിഴ ഈടാക്കാതെ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകിയതിന് വിശദീകരണം നൽകുന്നതിന് ഓഡിറ്റ് എൻക്വയറി 2 തിയ്യതി 17.01.2026 നൽകി. എന്നാൽ ഈ പ്രവൃത്തി സംബന്ധിച്ച മറുപടി ലഭിച്ചിട്ടില്ല. പിഴ ഇനത്തിൽ ഈടാക്കേണ്ട 25,563/- രൂപ ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-22 വെള്ളാരംകുന്ന് എഫ്.എസ്.ടി.പി മേൽക്കൂര മാറ്റിവെക്കൽ പ്രവൃത്തി- കേരള പൊതുമരാമത്ത് മാന്വൽ നിർദ്ദേശങ്ങൾ പാലിച്ചില്ല.

വെള്ളാരംകുന്ന് എഫ്.എസ്.ടി.പി മേൽക്കൂര മാറ്റിവെക്കൽ പ്രവൃത്തിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കുകയും ടെണ്ടർ ചെയ്തതിൽ 19.7% കുറവ് രേഖപ്പെടുത്തിയ കരാറുകാരന് പ്രവൃത്തി അനുവദിക്കുകയും ചെയ്തു. മേൽ പ്രവൃത്തിയിൽ പുതിയ ഇനങ്ങൾ ഉൾപ്പെടുത്തേണ്ടതിനാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്തു. പ്രവൃത്തി ചെയ്തപ്പോൾ യഥാർത്ഥ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള ഇനങ്ങൾ ഒന്നും തന്നെ ചെയ്തിട്ടില്ല. പകരം റിവൈസ് ചെയ്ത എസ്റ്റിമേറ്റിലുള്ള ഇനങ്ങൾ ചെയ്യുകയും ഇതിനുള്ള തുക കരാറുകാരന് അനുവദിക്കുകയും ചെയ്തു. പദ്ധതിയുടെ വിശദാംശം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം, പേര് | S-406/25<br>വെള്ളാരംകുന്ന് എഫ്.എസ്.ടി.പി മേൽക്കൂര മാറ്റി സ്ഥാപിക്കൽ |
| അടങ്കൽ, ഫണ്ടിനം | 2,00,000 ( ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | ₹1,39,111 |
| കരാർ നം./തീയതി | LSGD/KPTMLPTY/113/22-23/13.03.23 |
| അളവ് പുസ്തകം | MB/14164/23 |
| പ്രവൃത്തി ആരംഭിച്ച തീയതി | 26.09.2024 |
| കരാറുകാരൻ | ശ്രീ. അനിൽ കുമാർ |
| എസ്റ്റിമേറ്റ് | EST/14164/RE1 |
| വൗച്ചർ നം/തുക | 24001194/30.03.25- 1,39,111 |

യഥാർത്ഥ എസ്റ്റിമേറ്റിലുള്ള ഇനങ്ങൾ ചെയ്യാതെ റിവൈസ്ഡ് എസ്റ്റിമേറ്റിലെ ഇനങ്ങൾ മാത്രം നടപ്പാക്കിയതിനും ഒറിജിനൽ എസ്റ്റിമേറ്റിലെ ഇനങ്ങൾ മാറിയതിനാൽ റീ ടെണ്ടർ നടപടി സ്വീകരിക്കാത്തതും സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 17തിയ്യതി 19.01.2026) മറുപടി രേഖാമൂലം ലഭ്യമാക്കിയിട്ടില്ല. സാധാരണ മേൽക്കൂരയ്ക്കാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയതെന്നും എന്നാൽ സൈറ്റിൽ പോളിഹൗസ് മാതൃകയിലാണ് ആവശ്യകത എന്നതിന്റെ അടിസ്ഥാനത്തിലാണ് ഇപ്രകാരം ചെയ്തതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഓഡിറ്റ് എക്സിറ്റ് മീറ്റിംഗിൽ അറിയിച്ചു.

കേരള പൊതുമരാമത്ത് മാന്വൽ വകുപ്പ് 10.1 പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിവരിച്ചിട്ടുണ്ട്. വകുപ്പ് 10.1.6 പ്രകാരം പ്രവൃത്തി ആരംഭിക്കുന്നതിന് മുന്നോടിയായി എസ്റ്റിമേറ്റിൽ വ്യതിയാനം വരുത്തുന്നതിന് റീ കാസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതാണ്. റീ കാസ്റ്റ് എസ്റ്റിമേറ്റ് പുതിയ എസ്റ്റിമേറ്റായി കണക്കാക്കേണ്ടതും ആയതിന് പുതിയ ടെണ്ടർ ക്ഷണിക്കേണ്ടതുമാണ്. ഇത് പ്രകാരം പുതുക്കിയ എസ്റ്റിമേറ്റിന് പുതുക്കിയ ഭരണാനുമതി ആവശ്യമാണ്. ഈ പ്രവൃത്തിക്ക് പുതുക്കിയ ഭരണാനുമതി, റിവൈസ്ഡ് എസ്റ്റിമേറ്റിനുള്ള അംഗീകാരം എന്നിവ ലഭ്യമാക്കിയിട്ടില്ല. കേരള പൊതുമരാമത്ത് മാന്വൽ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കാതെ പ്രവൃത്തി നടത്തിയതിന് വിശദീകരണം നൽകേണ്ടതാണ്. ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു.

23.01.26 ന് നടത്തിയ സ്ഥലപരിശോധനയിൽ പ്രസ്തുത കെട്ടിടത്തിന്റെ മേൽക്കൂര വന്യമൃഗങ്ങൾ നശിപ്പിച്ച നിലയിൽ കണ്ടു. നിലവിൽ ഉപയോഗക്ഷമമല്ല. ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.





വെള്ളാരംകുന്ന് എഫ്.എസ്.ടി.പി യിൽ സ്ഥാപിച്ച കെട്ടിടത്തിന്റെ നിലവിലെ അവസ്ഥ

## 1-23 തെരുവ് വിളക്ക്-ആന്വൽ മെയിന്റനൻസ് കോൺട്രാക്ട്-അപാകതകൾ

നഗരസഭ പരിധിയിലെ തെരുവ് വിളക്ക് വാർഷിക മെയിന്റനൻസ് പ്രവൃത്തികൾ നടത്തുന്നതിനായി 2022-23 ൽ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇതിനായി ടെണ്ടർ ക്ഷണിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച ടെണ്ടറുകളിൽ ശ്രീ.സി.പി.മാത്യു എന്ന കരാറുകാരന് സ്ഥിരപ്പെടുത്തി നൽകുകയും ചെയ്തു. 22-23 മുതൽ 24-25 വർഷം വരെ മേൽ പദ്ധതിക്കായി തുക ചെലവഴിച്ചതിന്റെ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം, പേര് | S-606/25 സ്ട്രീറ്റ് ലൈറ്റ് എ.എം.സി. |
| അടങ്കൽ, ഫണ്ടിനം | 8,00,000 തനത് ഫണ്ട് |
| ചെലവ് | 7,72,820 |
| വൗച്ചർ നം/തുക | 24001078/17.03.25 - 7,72,820 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

എ). ടെണ്ടർ നടപടികൾ – അപാകതകൾ

ഇ ടെണ്ടർ നടത്തിയതിൽ 6 ടെണ്ടറുകൾ ലഭിച്ചു. ഇതിൽ H1 രേഖപ്പെടുത്തിയ കരാറുകാരനായ ശ്രീ. സി.പി.മാത്യു, ബേസിൽ ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിന് അംഗീകാരം നൽകി (കൗൺസിൽ തീരുമാനം നം. 1/1 തിയ്യതി 23.11.2022). ഇതിന്റെ അടിസ്ഥാനത്തിൽ ടിയാനുമായി കരാർ വെച്ചു ( കരാർ നം. 04/22-23 തിയ്യതി 14.12.2022).

കേരള സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 9.43 പ്രകാരം ടെണ്ടറുകളുടെ നിഷ്പക്ഷമായ രീതിയിലുള്ള എല്ലാ വിലയിരുത്തലുകൾ നടപടികളും പൂർത്തീകരിച്ചതിന് ശേഷം നിരക്കുകളുടെ ആരോഹണ ക്രമത്തിൽ ടെണ്ടറുകളുടെ വിവരം L1, L2, L3 എന്നിങ്ങനെ തയ്യാറാക്കേണ്ടതാണ്. എന്നാൽ ഇ-ടെണ്ടർ ചെയ്തതിന്റെ ഷെഡ്യൂൾ ഓഫ് വർക്ക് പ്രകാരം H1, H2 എന്നിങ്ങനെ ഉയർന്ന നിരക്കാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ടെണ്ടർ ഷെഡ്യൂൾ പ്രകാരം കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ L1കരാറുകാർ നിലനിൽക്കേ ഇപ്രകാരം H1, H2 രേഖപ്പെടുത്തിയ കരാറുകാർക്കാണ് ടെണ്ടർ അനുവദിച്ചത്. ഇതിൽത്തന്നെ H1 രേഖപ്പെടുത്തിയ കേരള സ്റ്റീൽ ഇൻഡസ്ട്രീസ് കേരള എന്ന സ്ഥാപനത്തിന് നൽകാതെ H2 രേഖപ്പെടുത്തിയ ശ്രീ. സി.പി.മാത്യു, ബേസിൽ ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിനാണ് നൽകിയത്. ടെണ്ടർ ഷെഡ്യൂൾ പ്രകാരം ലോ മാസ്റ്റ്, ഹൈമാസ്റ്റ് ലൈറ്റുകളുടെ വാർഷിക അറ്റകുറ്റപ്പണിക്ക് മാത്രമാണ് ടിയാനെ അംഗീകരിച്ചിട്ടുള്ളത്. എന്നാൽ എല്ലാ ഇനങ്ങളുടെയും അറ്റകുറ്റപ്പണി ടിയാന് അനുവദിക്കുകയും ടിയാന്റെ ബിൽ പ്രകാരം തുക അനുവദിക്കുകയും ചെയ്തു. ഫയലിൽ സൂക്ഷിച്ച ടെണ്ടർ ഷെഡ്യൂളിന്റെ ചിത്രം ചുവടെ കൊടുക്കുന്നു.

eTendering System Government of Kerala
Created By: BIJU. V.G
Created Date/Time: 10-Nov-2022 06:35 PM
Tender Title: Kalpetta Municipality Street Light AMC 110/2022-23
Tender ID: 2022_LSGD_519860_1

Tender Inviting Authority: ASSISTANT ENGINEER KALPETTA MUNICIPALITY
Name of Work:തെരുവ് വിളക്ക് എ എം സി( PWD ഇലക്ട്രിക്കൽ, അംഗീകൃത കരാറുകാരിൽ നിന്നും/ അക്രഡിക്റ്റഡ് ഏജൻസികo
Contract No:

SCHEDULE OF WORK / ITEM(S)

| Sl.No | Description of Work / Item(s) | No.of Qty | Units | Item Code | C.P MATHEW(GSTN-32AFGPM0189R1ZZ) | | SOMAN K(GSTN-32BOYPS9407N1ZW) | | steel industrials kerala ltd(GSTN-NA) | |
|---|---|---|---|---|---|---|---|---|---|---|
| | | | | | Rate Without Tax | Rate With Tax | Rate Without Tax | Rate With Tax | Rate Without Tax | Rate With Tax |
| 1.00 | AMC | | | | | | | | | |
| 1.01 | 12 W X 2 LED STREET LIGHT പോസ്റ്റ് ഒന്നിന് (റിപ്പയറിനും മാറ്റി സ്ഥാപിക്കുന്നതിനും ആവശ്യമായ തുക GST ഉൾപ്പെടെ) | 1.00 | each | item1 | 1820.00 | 1820.00 | 1250.00 | 1250.00 | 3019.00 | 3019.00 |
| 1.02 | 18 W X 1 LED STREET LIGHT പോസ്റ്റ് ഒന്നിന് (റിപ്പയറിനും മാറ്റി സ്ഥാപിക്കുന്നതിനും ആവശ്യമായ തുക GST ഉൾപ്പെടെ) | 1.00 | each | item2 | 1880.00 | 1880.00 | 1450.00 | 1450.00 | 2137.00 | 2137.00 |
| 1.03 | 23/24 W X 1 LED STREET LIGHT പോസ്റ്റ് ഒന്നിന് (റിപ്പയറിനും മാറ്റി സ്ഥാപിക്കുന്നതിനും ആവശ്യമായ തുക GST ഉൾപ്പെടെ) | 1.00 | each | item3 | 2120.00 | 2120.00 | 1550.00 | 1550.00 | 2291.00 | 2291.00 |
| 1.04 | 18/24/36 W DRIVE TYPE LED STREET LIGHT പോസ്റ്റ് ഒന്നിന് (റിപ്പയറിനും മാറ്റി സ്ഥാപിക്കുന്നതിനും ആവശ്യമായ തുക GST ഉൾപ്പെടെ) | 1.00 | each | item4 | 2850.00 | 2850.00 | 1450.00 | 1450.00 | 4537.00 | 4537.00 |
| 1.05 | LOW MAST ഒന്നിന് (റിപ്പയറിനും മാറ്റി സ്ഥാപിക്കുന്നതിനും ആവശ്യമായ തുക GST ഉൾപ്പെടെ) | 1.00 | each | item5 | 9000.00 | 9000.00 | 23000.00 | 23000.00 | 54389.00 | 54389.00 |
| 1.06 | HIGH MAST ഒന്നിന് (റിപ്പയറിനും മാറ്റി സ്ഥാപിക്കുന്നതിനും ആവശ്യമായ തുക GST ഉൾപ്പെടെ) | 1.00 | each | item6 | 19000.00 | 19000.00 | 28000.00 | 28000.00 | 208697.00 | 208697.00 |
| | Total in Figures | | | | 36670.00 | 36670.00 | 56700.00 | 56700.00 | 275070.00 | 275070.00 |

| PRINCE(GSTN-NA) | | FRIENDS JLG(GSTN-NA) | | ELITE ELECTRICALS(GSTN-NA) | |
|---|---|---|---|---|---|
| Rate Without Tax | Rate With Tax | Rate Without Tax | Rate With Tax | Rate Without Tax | Rate With Tax |
| 600.00 | 600.00 | 690.00 | 690.00 | 400.00 | 400.00 |
| 600.00 | 600.00 | 790.00 | 790.00 | 400.00 | 400.00 |
| 800.00 | 800.00 | 890.00 | 890.00 | 500.00 | 500.00 |
| 800.00 | 800.00 | 1490.00 | 1490.00 | 500.00 | 500.00 |
| 35000.00 | 35000.00 | 19500.00 | 19500.00 | 12000.00 | 12000.00 |
| 45000.00 | 45000.00 | 24500.00 | 24500.00 | 18000.00 | 18000.00 |
| 82800.00 | 82800.00 | 47860.00 | 47860.00 | 31800.00 | 31800.00 |

| H1 Rate With Tax | H1 Bidder With Tax | H2 Rate With Tax | H2 Bidder With Tax |
|---|---|---|---|
| 3019.00 | steel industrials kerala ltd | 1820.00 | C.P MATHEW |
| 2137.00 | steel industrials kerala ltd | 1880.00 | C.P MATHEW |
| 2291.00 | steel industrials kerala ltd | 2120.00 | C.P MATHEW |
| 4537.00 | steel industrials kerala ltd | 2850.00 | C.P MATHEW |
| 54389.00 | steel industrials kerala ltd | 35000.00 | PRINCE |
| 208697.00 | steel industrials kerala ltd | 45000.00 | PRINCE |

ടെണ്ടർ ഷെഡ്യൂളിൽ ഇപ്രകാരം H1, H2 എന്നിങ്ങനെ വന്നിട്ടുള്ളത് പരിശോധിക്കാതെ ടെണ്ടർ അംഗീകരിച്ച നടപടി ശരിയല്ല. മാത്രമല്ല, സർക്കുലർ നം. 3055/ഡിഎ3/2011/ ത.സ്വ.ഭ.വ തിയ്യതി 15.09.2011 പ്രകാരം പ്രവൃത്തികൾക്ക് ഉപയോഗിക്കുന്ന സാമഗ്രികൾ ISI നിലവാരത്തിലും നിരക്കുകൾ വൈദ്യുതി ബോർഡിന്റെ നിരക്കിനേക്കാൾ അധികം നൽകാൻ പാടില്ല. ഇത് പരിശോധിക്കപ്പെട്ടിട്ടില്ല.

മേൽ പദ്ധതിക്കായി ഓരോ വാർഡിലെയും തെരുവ് വിളക്കുകളുടെ സ്ഥിതി വിവരക്കണക്കുകളുടെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല.

കുറഞ്ഞ ടെണ്ടർ അംഗീകരിക്കാത്തതിനാൽ അധിക ചെലവ്

കേരള സ്റ്റോർ പർച്ചേസ് മാന്വൽ പാലിക്കാതെയാണ് വാങ്ങൽ നടപടികൾ സ്വീകരിച്ചിട്ടുള്ളത്. ആയതിനാൽ ഈ ഇനത്തിൽ നഗരസഭ അധികം തുക ചെലവഴിച്ചിട്ടുണ്ട്.

| ഇനം | രേഖപ്പെടുത്തിയ കുറഞ്ഞ നിരക്ക്/ സ്ഥാപനം | അനുവദിച്ച നിരക്ക്/ സ്ഥാപനം | അധികം നൽകിയ തുക |
|---|---|---|---|
| 12Wx2 LED | 400 രൂപ<br>എലൈറ്റ് ഇലക്ട്രിക്കൽസ് | 1820 രൂപ<br>സി.പി.മാത്യു | 1420 രൂപ |
| 18Wx1 LED | 400 രൂപ<br>എലൈറ്റ് ഇലക്ട്രിക്കൽസ് | 1880 രൂപ<br>സി.പി.മാത്യു | 1440 രൂപ |
| 23/24W 1 LED | 500 രൂപ | 2120 രൂപ | 1620 രൂപ |

| | | | |
|---|---|---|---|
| | എലൈറ്റ് ഇലക്ട്രിക്കൽസ് | സി.പി.മാത്യു | |
| 18/24/36W LED | 500 രൂപ<br>എലൈറ്റ് ഇലക്ട്രിക്കൽസ് | 2850 രൂപ<br>സി.പി.മാത്യു | 2350 രൂപ |
| LOW MAST | 12000 രൂപ<br>എലൈറ്റ് ഇലക്ട്രിക്കൽസ് | 35000 രൂപ<br>സി.പി.മാത്യു | 23000 രൂപ |
| HIGH MAST | 18000 രൂപ<br>എലൈറ്റ് ഇലക്ട്രിക്കൽസ് | 45000 രൂപ<br>സി.പി.മാത്യു | 27000 രൂപ |

കരാറുകാരൻ സമർപ്പിച്ച 4 ഇൻവോയിസുകൾ ( ഇൻവോയിസ് നം. 7/28.02.23, 1/13.06.24, 2/22.08.24, 3/04.01.24) പ്രകാരം വാങ്ങിയ സാധനങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ഇനം | എണ്ണം | വാങ്ങിയ നിരക്ക് | ആകെ | കുറഞ്ഞ നിരക്ക് പരിഗണിച്ചാലുള്ള ചെലവ് | വ്യത്യാസം |
|---|---|---|---|---|---|
| 12Wx2 LED | 833 | 1820 | 15,16,060 | 833x400=333200 | 11,82,860 |
| 18Wx1 LED | 938 | 1880 | 17,63,440 | 938x400=375200 | 13,88,240 |
| 23/24W 1 LED | 36 | 2120 | 76,320 | 36x500= 18000 | 58,320 |
| 18/24/36W LED | 137 | 2850 | 3,90,450 | 137x500= 68500 | 3,21,950 |
| LOW MAST | 12 | 35000 | 4,20,000 | 12x12000= 144000 | 2,76,000 |
| HIGH MAST | 8 | 45000 | 3,60,000 | 8x18000= 144000 | 2,16,000 |
| ആകെ | | | 45,26,270 | 10,82,900 | 34,43,370 |

കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ അംഗീകരിക്കാത്തതിനും ഉയർന്ന നിരക്ക് അംഗീകരിച്ചതിനും സംബന്ധി

22201259/08.03.23 - 10,00,000

22300247/20.06.23 - 10,00,000

22300741/28.10.23 - 10,00,000

23000065/02.03.24 - 2,27,180

ച്ച രേഖപ്പെടുത്തലുകൾ വരുത്തിയ പർച്ചേസിംഗ് കമ്മിറ്റി മിനിറ്റ്സ് ഹാജരാക്കിയിട്ടില്ല. കുറഞ്ഞ നിരക്ക് പരിഗണിക്കാതെ വാങ്ങൽ നടത്തിയതിനാൽ 34,43,370 രൂപയുടെ നഷ്ടം നഗരസഭയ്ക്കുണ്ടായിട്ടുണ്ട്. ഓഡിറ്റ് വർഷം ചെലവഴിച്ച 7,72,820 രൂപ തടസ്സപ്പെടുത്തുന്നു.

<u>ബി). രജിസ്റ്ററുകളുടെ സൂക്ഷിപ്പ്</u>

നഗരസഭയുടെ ആകെ തെരുവ് വിളക്കുകളുടെ ഇനം തിരിച്ചുള്ള എണ്ണം രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഈ പദ്ധതിയുടെ ഭാഗമായി പരാതി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. നഗരസഭ നടപ്പാക്കുന്ന നിലാവ് പദ്ധതിയുടെ ഭാഗമായുള്ള പരാതി രജിസ്റ്റർ മാത്രമാണ് സൂക്ഷിച്ചിട്ടുള്ളത്.

<u>സി). കരാർ ലംഘനങ്ങൾ</u>

കരാർ പ്രകാരം പ്രവൃത്തിയുടെ കാലാവധി പണി തുടങ്ങുന്ന തിയ്യതി മുതൽ ഒരു വർഷത്തേക്കാണ് ( കരാർ നം.02/22-23 തിയ്യതി 14.12.2022). സൈറ്റ് ഹാൻഡ് ഓവർ ചെയ്ത തിയ്യതി 14.12.2022 നാണ്. ആയതിനാൽ AMC കാലാവധി 13.12.2023 ന് അവസാനിക്കും. ഇതിന് ശേഷവും പ്രവൃത്തി ചെയ്തതിന് കരാറില്ലാതെ തുക അനുവദിച്ചു. തിരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടം നിലനിൽക്കുന്നതിനാൽ 19.04.24 മുതൽ 18.08.24 വരെയുള്ള തിയ്യതിയിൽ എഗ്രിമെന്റ് ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. 14.12.2023 മുതൽ 18.04.2024 വരെയുള്ള കാലയളവിൽ എഗ്രിമെന്റ് പുതുക്കിയില്ല.

പ്രവത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് നാല് ഘട്ടങ്ങളായാണ് തുക നൽകേണ്ടിയിരുന്നത്. എന്നാൽ കരാറുകാരന്റെ ബിൽ പ്രകാരം തുക അനുവദിക്കുകയാണ് ചെയ്തിട്ടുള്ളത്.

മാറ്റി സ്ഥാപിക്കുന്ന ലൈറ്റുകൾക്ക് Phillips, Crompton, Wipro Osram, Havells എന്നീ ബ്രാന്റുകൾ മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ. എന്നാൽ കരാറുകാരൻ സമർപ്പിച്ച ബില്ലിൽ കരാർ പ്രകാരമുള്ള ഇനങ്ങളുടെ ബ്രാൻഡ് രേഖപ്പെടുത്തിയിട്ടില്ല.

അഴിച്ചുമാറ്റിയ സാധനങ്ങൾ നഗരസഭയുടെ ഗോഡൗണിൽ സുരക്ഷിതമായി എത്തിച്ച് നൽകേണ്ടതാണ്. എന്നാൽ ഇത്തരത്തിൽ നടപടികൾ സ്വീകരിച്ചതിന്റെ രേഖകൾ സൂക്ഷിച്ചിട്ടില്ല.

മേൽ വിഷയങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 50 തിയ്യതി 28.01.2026 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മുൻ വർഷങ്ങളിലെ ചെലവുകൾ സഹിതം വിശദമായ പരിശോധന നടത്തേണ്ടതും അധികം തുക നൽകാൻ ഉണ്ടായ സാഹചര്യം വിശദമാക്കേണ്ടതുമാണ്.

## 1-24 മുണ്ടേരിയിലെ കുട്ടികളുടെ പാർക്ക് നടത്തിപ്പിനായി നൽകിയെങ്കിലും പ്രവർത്തിക്കുന്നില്ല

മുണ്ടേരി പാർക്ക് നവീകരണം, സൗകര്യം വർദ്ധിപ്പിക്കൽ എന്നിവയ്ക്കായി വിവിധ വർഷങ്ങളിൽ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. പാർക്ക് നടത്തിപ്പിനായി ക്വട്ടേഷൻ ക്ഷണിച്ച് കൈമാറിയെങ്കിലും നാളിതുവരെ പ്രവർത്തന ക്ഷമമായിട്ടില്ല. 2024-25 വർഷത്തിലും പാർക്ക് സംരക്ഷണത്തിനായി പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. പദ്ധതി സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം, പേര് | S-324/25<br>മുണ്ടേരി പാർക്ക് നവീകരണം, സൗകര്യം വർദ്ധിപ്പിക്കൽ |
| അടങ്കൽ, ഫണ്ടിനം | 12,83,848 ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ചെലവ് | ₹11,60,512/- |
| വൗച്ചർ നം/തുക | CO102423297225/09.10.24 – 11,21,172<br>CO32477345901/09.10.24 – 39,340 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |

പാർക്ക് നടത്തിപ്പിനായി ക്വട്ടേഷൻ വിളിക്കുകയും കൂടിയ നിരക്ക് (പ്രതിമാസം 5,000 രൂപ) രേഖപ്പെടുത്തിയ ശ്രീ. നിസാർ.കെ എന്നവർക്ക് അംഗീകരിച്ച നൽകി.( തീരുമാനം.2/05.02.25). കരാറുകാരനുമായി കരാർ ചമയ്ക്കുകയും പാർക്ക് നടത്തിപ്പിനായി വിട്ട് നൽകുകയും ചെയ്തിട്ടുണ്ട്. കരാറുകാരന്റെ സ്വന്തം ചെലവിൽ പാർക്കിൽ ടിക്കറ്റ് കൗണ്ടർ നിർമ്മിച്ചിട്ടുണ്ട്. പാർക്ക് സന്ദർശിക്കുന്നവർക്ക് കരാർ പ്രകാരം നിശ്ചിത നിരക്കിൽ ടിക്കറ്റ് നൽകുന്നതിനും ധാരണയായിട്ടുള്ളതാണ്. 23.01.2026 ന് പാർക്കിൽ സ്ഥലപരിശോധന നടത്തി. നിലവിൽ പാർക്ക് പ്രവർത്തനക്ഷമമല്ലാത്തതായി കണ്ടു. പാർക്ക് പ്രവർത്തനക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നം. 52 തിയ്യതി 28.01.2026 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. പാർക്ക് നവീകരിക്കുന്നതിനുള്ള തുടർ പ്രവർത്തനങ്ങൾ ചെയ്യേണ്ടതും പ്രവർത്തനക്ഷമമാക്കി അറിയിക്കേണ്ടതുമാണ്.






പാർക്കിന്റെ നിലവിലെ ചിത്രം

പുതിയതായി പണിതിട്ടുള്ള ടിക്കറ്റ് കൗണ്ടർ

## 1-25 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി- ഓഡിറ്റ് നിരീക്ഷണങ്ങൾ

അയ്യങ്കാളി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നഗരസഭകളിൽ നടപ്പാക്കുന്നതിന്റെ ഭാഗമായി സ.ഉ.( കൈ ) നം.216/2017/ ത.സ്വ.ഭ.വ തിയ്യതി 03/11 /2017 പ്രകാരം പരിഷ്കരിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതാണ്. 2024-25 വർഷം മുതൽ വിവിധ മെറ്റീരിയൽ, നിർമ്മാണ പ്രവൃത്തികൾ ഇതിന്റെ ഭാഗമായി നടപ്പാക്കിയിട്ടുണ്ട്. മേൽ പദ്ധതിയിലെ മെറ്റീരിയൽ പ്രവൃത്തികളിൽ കണ്ട അപാകങ്ങൾ താഴെ പറയുന്നു.

വാർഡ് 21 ൽ അങ്കണവാടി നിർമ്മിക്കുന്നതിന് ലേബർ ബജറ്റ്, ആക്ഷൻ പ്ലാൻ എന്നിവയിൽ ഉൾക്കൊള്ളിക്കുകയും അംഗീകാരം നൽകുകയും ചെയ്തു. ഇതിനായി ഇ-ടെണ്ടർ ക്ഷണിക്കുകയും ആദ്യ ടെണ്ടറിൽ ആരും പങ്കെടുക്കാത്തതിനാൽ റീ-ഇ ടെണ്ടർ ക്ഷണിക്കുകയും ആകെ ലഭിച്ച സിംഗിൾ ടെണ്ടർ ആയ ശ്രീ.അതുൽ ബേസിലിന് അംഗീകരിച്ച് നൽകുകയും ചെയ്തു ( തീരുമാനം നം. 20/1 തിയ്യതി 23.05.23). പ്രവൃത്തി സംബന്ധിച്ച അധിക വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രവൃത്തിയുടെ പേര് | അങ്കണവാടി നിർമ്മാണം |
| ഭരണാനുമതി നം, തുക | 15/1 – 16.03.2023<br>16,00,000 |
| എസ്റ്റിമേറ്റ് തുക | 12,04,196 |
| കരാർ തുക | 11,83,055 |
| മസ്റ്റർ റോൾ നം | 21/1/1,2/24-25 |
| പ്രവൃത്തി ആരംഭിച്ച തിയ്യതി | 24.06.2024 |
| പ്രവൃത്തി പൂർത്തീകരിച്ച തിയ്യതി | 18.07.2024 |
| അളവ് പുസ്തകം | 171/2023 |
| ചെലവഴിച്ച തുക | വേതന ഘടകം- 30,186<br>മെറ്റീരിയൽ ഘടകം-10,51,275<br>ആകെ- 10,81,461 |

പദ്ധതിയുടെ നടത്തിപ്പിൽ ചുവടെ രേഖപ്പെടുത്തിയിട്ടുള്ള അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

1. മേൽ സർക്കാർ ഉത്തരവ് ഖണ്ഡിക 7.2.1 പ്രകാരം പദ്ധതിയുടെ ഭാഗമായി വേതന-സാധന അനുപാതം 60-40 ൽ അധികമാകാൻ പാടില്ല. മേൽ പദ്ധതിയിൽ ഈ അനുപാതം പാലിച്ചിട്ടില്ല. പദ്ധതിക്കായി ആകെ ചെലവായ 10,81,461 രൂപയിൽ വേതന ഘടകമായി 30,186 രൂപ മാത്രമാണ് ചെലവ് വന്നിട്ടുള്ളത്. അതായത് വേതന ഘടകമായി 3% മാത്രമാണ് ചെലവ്.

2. ഖണ്ഡിക 7.5.1 പ്രകാരം പ്രവൃത്തിയുടെ യാതൊരു ഘട്ടത്തിലും കരാറുകാരൻ ഉൾപ്പെടാത്തതിനാൽ എസ്റ്റിമേറ്റിൽ ലാഭവിഹിതം, ടാക്സ് എന്നിവ ഉൾപ്പെടുത്തേണ്ടതില്ല. എന്നാൽ ടാക്സ് ഇനത്തിൽ തുക കണക്കാക്കുകയും ഇവ ആകെ പ്രവൃത്തിമൂല്യത്തിൽ ചേർക്കുകയും ചെയ്തിട്ടുണ്ട്.
മരാത്ത് പണികളുടെ സ്വഭാവത്തിൽ പദ്ധതി നടപ്പാക്കിയതായാണ് രേഖകൾ സൂക്ഷിച്ചിട്ടുള്ളത് ( ടെണ്ടർ ക്ഷണിച്ച്

കരാറുകാരന് തുക നൽകുന്ന രീതിയിൽ). മരാമത്ത് പ്രവൃത്തികളിലെന്നപോലെ പ്രവൃത്തിയുടെ ആകെ പ്രവൃത്തിമൂല്യം, നികുതികൾ എന്നിവ കണക്കാക്കിയാണ് ബിൽ തയ്യാറാക്കിയിട്ടുള്ളത്.

എം. ബുക്കിൽ പ്രവർത്തി മൂല്യം കണക്കാക്കിയതിന്റെ പകർപ്പ്




3. എസ്റ്റിമേറ്റിൽ സാധനങ്ങളുടെ അളവ് രേഖപ്പെടുത്തിയിട്ടില്ല. ബിൽ പ്രകാരം വാങ്ങിയ സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കി രേഖപ്പെടുത്തിയിട്ടില്ല.

4. സാധനങ്ങളും വിദഗ്ദ തൊഴിലാളികളെയും വിതരണം ചെയ്യുന്നതിനാണ് ഇ-ടെണ്ടർ ക്ഷണിച്ചത്.

ടെണ്ടർ നോട്ടീസിന്റെ പകർപ്പ്



G5/11643/22 13/04/2023

ടെണ്ടർ നോട്ടീസ്

കൽപ്പറ്റ നഗരസഭ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി, ഡിവിഷൻ 21ൽ നിർമ്മിക്കുന്ന അംഗൻവാടി കെട്ടിടത്തിന്, മെറ്റീരിയലുകളും വിദഗ്ധ തൊഴിലാളികളേയും വിതരണം ചെയ്യുന്നതിന് താത്പര്യമുള്ള അംഗീകൃത ഏജൻസികളിൽ നിന്നും ടെണ്ടർ ക്ഷണിക്കുന്നു.
ഇ.ടെണ്ടർ ഫോറം സൈറ്റിൽ ലഭ്യമാകുന്ന തീയ്യതി, സമയം: 17/04/2023. 11.00 AM
ഇ.ടെണ്ടർ ഫോറം സൈറ്റിൽ ലഭ്യമാകുന്ന അവസാനതിയ്യതി, സമയം: 25/04/2023. 5.00 PM
ഇ.ടെണ്ടർ ഫോറം തുറന്നു പരിശോധിക്കുന്ന തീയ്യതി, സമയം: 28/04/2023. 11.00 AM
നിരത ദ്രവ്യം: 30105
ടെണ്ടർ ഫോറം വില: 2760 (GST)
വിശദ വിവരങ്ങൾ അയ്യങ്കാളി നഗര തൊഴിലുറപ്പ് സെക്ഷനിൽ നിന്ന് ലഭ്യമാകുന്നതാണ്.

സാധനങ്ങൾ സൈറ്റിൽ വിതരണം ചെയ്യുന്നതിന് മാത്രമായി ടെണ്ടർ ക്ഷണിക്കേണ്ടതാണ്.

5. സാധനങ്ങൾ വാങ്ങിയ ബില്ലിൽ സിമന്റിന്റെ ബ്രാന്റ് രേഖപ്പെടുത്തിയിട്ടില്ല.

ബില്ലിന്റെ പകർപ്പ്

**LIYA STORES**

Peedika Kudiyil Building, MP XVIII/336
Palakkamoola, Meenangadi - 673591
Wayanad, Phone: 9961035965
Prop: Athul Basil Thomas
GSTIN : 32AJJPT8276H1ZP

**TAXABLE INVOICE** | State : Kerala | State Code : 32

Tax is payable on Reverse Charge : Yes / No
Invoice No : S 167
Invoice Date :

Transportation Mode :
Vehicle No :
Date & Time of Supply :
Place of Supply :

Details of Receiver (Billed to)
Name : Secretary
Address: Kelpetta muncipality.
GSTIN :
State : State Code : 32

Details of Consignee (Shipped to)
Name :
Address:
GSTIN :
State : State Code :

| Sr. No. | Name of Product / Service | HSN ACS | UOM | Qty. | Rate | Amount | Discount | Taxable Value | CGST Rate | CGST Amount | SGST Rate | SGST Amount | IGST Rate | IGST Amount | Total |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 40mm Metal | | | 4.14 | 1927.61 | 7980.34 | | 399.02 | 2.5% | 199.51 | 2.5 | 199.51 | | | 8379.36 |
| 2 | 20 mm Metal | | | 11.11 | 1983.52 | 22036.95 | | 1101.85 | 2.5% | 550.92 | 2.5 | 550.92 | | | 23138.79 |
| 3 | Sand | | | 7.62 | 1983.52 | 15114.45 | | 755.72 | 2.5 | 377.86 | 2.5 | 377.86 | | | 15870.17 |
| 4 | Steel | | | ~~1418.94~~ 14.1894 | 6288.88 | 89234.61 | | 16062.23 | 9% | 8031.12 | 9 | 8031.12 | | | 105296.84 |
| 5 | Cement | | | 5.52 | 6865.99 | 37900.28 | | 10612.08 | 14% | 5306.04 | 14% | 5306.04 | | | 48512.39 |
| | Total | | | | | 172266.64 | | 28930.90 | | 14465.45 | | 14465.45 | | | 201197.51 |

Total Invoice Amount in Words:

| | |
|---|---|
| Total Amount before tax | 172266.64 |
| Add : CGST | 14465.45 |
| Add : SGST | 14465.45 |
| Add : IGST | |
| Tax Amount : GST | 28930.90 |
| Total Amount after tax | 201197.51 |
| GST Payable on Reverse Charge | |

Bank Name :
Bank A/c. No :
Branch IFSC :
Terms & Conditions

(Seal)

Certified that the particulars given above are true and correct.
for LIYA STORES

(Authorised Signatory)

സിമന്റിന്റെ വില ബ്രാന്റിനനുസരിച്ച് മാറ്റമുണ്ടാവുന്നതാണ്. ആയതിനാൽ സൈറ്റിൽ ഉപയോഗിച്ച സിമന്റിന്റെ ബ്രാന്റ് ബില്ലുകളിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

6. എസ്റ്റിമേറ്റിൽ സാധനങ്ങളുടെ അളവ് ആവശ്യകത നിർണ്ണയിച്ചിട്ടില്ല. ഈ അളവ് പ്രകാരമുള്ള സാധനങ്ങളുടെ ബിൽ അല്ല ഹാജരാക്കിയിട്ടുള്ളത്. പ്രൈസ് സോഫ്റ്റ് വെയർ മുഖേനയാണ് മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. സിമന്റ് ഉൾപ്പെടുന്ന പ്രവൃത്തികൾക്ക് ഡി.എസ്. ആർ പ്രകാരമുള്ള നിരക്കല്ല കരാറുകാരൻ ഹാജരാക്കിയ ബില്ലിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

<u>ഡി.എസ്. ആർ പ്രകാരമുള്ള നിരക്ക്</u>

Data Analysis of 4.1.8

| Sor/Spec Code | MR Code | Description | | | Remarks | |
|---|---|---|---|---|---|---|
| | | Unit | Quantity | Rate (₹) | Amount | Label |
| 4.1.8. Providing and laying in position cement concrete of specified grade excluding the cost of centering and shuttering - All work up to plinth level: 1:4:8 (1 cement : 4 coarse sand : 8 graded stone aggregate 40 nominal size) | | | | | | |
| | Header Unit | cum | Header Quantity | 1.0 | | |
| Header Details | Details of cost for 1 cum | | | | | |
| Material | | | | | | M |
| 0293 | | Stone Aggregate(single size): 40 mm nominal size (0.70 cum - 7.5% for voids i.e. 0.05 = 0.65 cum) | | | | |
| | | cum | 0.65 | 1300.0 | 845.0 | M1 |
| 0295 | | Stone Aggregate(single size):20 mm nominal size nominal size | | | | |
| | | cum | 0.24 | 1400.0 | 336.0 | M2 |
| 0982 | | Coarse sand (zone III) | | | | |
| | | cum | 0.47 | 1500.0 | 705.0 | M3 |
| 0367 | | Portland Cement (OPC-43 Grade) (0.1175 cum) | | | | |
| | | tonne | 0.17 | 5000.0 | 850.0 | M4 |

7. സാധനങ്ങളുടെ തുക നൽകിയതിന്റെ ബിൽ, അനുബന്ധ രേഖകൾ ഹാജരാക്കിയിട്ടില്ല.
8. സോഷ്യൽ ഓഡിറ്റ് നടത്തിയതിന്റെ റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.
9. പ്രവൃത്തി പൂർത്തീകരണ ഡിസ് പ്ലേ ബോർഡ്, ഫോട്ടോ എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല.
10. സൈറ്റ് ഡയറിയിൽ ഉൾപ്പെടാത്ത തൊഴിൽ കാർഡ് ഗുണഭോക്താവിന് തുക നൽകി (ഉദാ-രാധ-21/32)

മേൽ അപാകതകൾക്ക് വിശദീകരണം നൽകുന്നതിന് ഓഡിറ്റ് എൻക്വയറി നം. 60തിയ്യതി 30.01.2026 നൽകിയെങ്കിലും വിശദീകരണം ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും അപാകതകൾ ആവർത്തിക്കാതിരിക്കേണ്ടതുമാണ്. ചെലവ് തുക 1081461 തടസ്സപ്പെടുത്തുന്നു.

## 1-26 തുക നൽകി വർഷം പിന്നിട്ടിട്ടും ഡയാലിസിസ് കിറ്റുകൾ ലഭ്യമായിട്ടില്ല.

കിഡ്നി രോഗികൾക്ക് ഡയാലിസിസ് കിറ്റുകൾ വാങ്ങി വിതരണം ചെയ്യാനുള്ള പദ്ധതിയിൽ കിറ്റുകൾക്കായി KMSCL -ൽ തുക അടച്ചെങ്കിലും കിറ്റുകൾ ലഭ്യമായിട്ടില്ല.

കിഡ്നി രോഗികൾക്ക് ഡയാലിസിസ് കിറ്റുകൾ വാങ്ങി വിതരണം ചെയ്യാനുള്ള പദ്ധതിയിൽ കിറ്റുകൾക്കായി 6,99,999രൂപ KMSCL -ൽ മരുന്നുകൾക്കായി അടച്ചു

| | |
|---|---|
| പ്രോജക്ട് നമ്പർ | 184/25 |
| പ്രോജക്ട് | കിഡ്നി രോഗികൾക്ക് ഡയാലിസിസ് കിറ്റുകൾ |
| അടങ്കൽ | 700000 |
| ചെലവ് | 6,99,999 |
| നിർവഹണം | മെഡിക്കൽ ഓഫീസർ,ഗവ.ഹോസ്പിറ്റൽ |
| ഫണ്ട് | വികസനഫണ്ട് -ജനറൽ |
| TRN | 241801000000023845/09.01.25 |

കിഡ്നി രോഗികൾക്ക് വളരെ അത്യാവശ്യമായ ഡയാലിസിസ് കിറ്റുകൾ വാങ്ങാനുള്ള തുക നൽകി വർഷം പിന്നിട്ടിട്ടും ലഭ്യമാക്കാത്തത് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം കൈവരിക്കുന്നതിൽ പ്രതിബന്ധമായി. ഓഡിറ്റ് എൻക്വയറി നമ്പർ 39/23.01.2026 പ്രകാരം വിവരം ശ്രദ്ധയിൽപെടുത്തിയതിന് മറുപടി നൽകിയിട്ടില്ല. കിറ്റുകൾ ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്. 6,99,999 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-27 അതിദരിദ്രർക്കുള്ള പദ്ധതി-മരുന്നുകൾ ലഭ്യമായില്ല.

അതിദരിദ്രർക്കുള്ള പദ്ധതിയിൽ മരുന്നുകൾക്കായി KMSCL -ൽ തുക അടച്ചെങ്കിലും മരുന്നുകൾ ലഭ്യമായിട്ടില്ല.

അതിദരിദ്രർക്കുള്ള പദ്ധതിയിൽ മരുന്നുകൾക്കായി 83456രൂപ KMSCL -ൽ മരുന്നുകൾക്കായി അടച്ചെങ്കിലും മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 105/25 |
| പ്രോജക്ട് | അതിദരിദ്രർക്കുള്ള പദ്ധതിയിൽ മരുന്നുവാങ്ങൽ |
| അടങ്കൽ | 100000 |
| ചെലവ് | 83456 |
| നിർവഹണം | മെഡിക്കൽ ഓഫീസർ,ഗവ.ഹോസ്പിറ്റൽ |
| ഫണ്ട് | വികസനഫണ്ട് -ജനറൽ |
| BRN | 24180147001701633660/24.03.25 |

മരുന്നുകൾ ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നമ്പർ 40/23.01.2026

പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല. 83456 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-28 "ജനറൽ ആശുപത്രിക്ക് മരുന്ന് അനുബന്ധചെലവുകൾ "- മരുന്നുകൾ ലഭ്യമായിട്ടില്ല.

"ജനറൽ ആശുപത്രിക്ക് മരുന്ന് അനുബന്ധചെലവുകൾ "എന്ന പദ്ധതിയിൽ KMSCL -ൽ നിന്നും മരുന്നുകൾ വാങ്ങുന്നതിന് തുക നൽകിയിട്ടുണ്ട്.

ഈ പദ്ധതിക്കായി ആകെ ചെലവഴിച്ച 2189919 രൂപയിൽ 27/01/25 ന് 4,71,192 രൂപ KMSCL -ൽ മരുന്നുകൾക്കായി അടച്ചെങ്കിലും മരുന്നുകൾ ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 97/25 |
| പ്രോജക്റ്റ് | ജനറൽ ആശുപത്രിക്ക് മരുന്ന് അനുബന്ധചെലവുകൾ |
| അടങ്കൽ | 25,00,000 |
| ചെലവ് | ₹ 21,89,919/- |
| നിർവഹണം | മെഡിക്കൽ ഓഫീസർ,ഗവ.ഹോസ്പിറ്റൽ |
| ഫണ്ട് | മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| TRN | 241801000000025536/22.02.25- ₹471192 |

മരുന്നുകൾ ലഭ്യമാകാത്തത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നമ്പർ 41/23.01.26 പ്രകാരം നിർവഹണോദ്യോഗസ്ഥന്റെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും മറുപടി നൽകിയിട്ടില്ല.മരുന്നുകൾ ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.₹471192 യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-29 തുക അനുവദിച്ചതും യഥാർത്ഥബില്ലുകളും തമ്മിൽ വ്യത്യാസം-തുക തടസ്സപ്പെടുത്തുന്നു

"ജനറൽ ആശുപത്രിക്ക് മരുന്ന് അനുബന്ധചെലവുകൾ "എന്ന പദ്ധതിയിൽ തുകകൾ ചെലവഴിച്ചതിൽ പരിശോധനയ്ക്ക് ഹാജരാക്കിയ ബില്ലുകളും തുക നൽകിയതും തമ്മിൽ വ്യത്യാസം കാണുന്നു.

ഈ പദ്ധതിക്കായി ആകെ ചെലവഴിച്ച 21,89,919 രൂപയിൽ 09/07/24 ന് മരുന്ന് വാങ്ങുന്നതിനായി ചെലവഴിച്ച 3,14,856 രൂപയിൽ ആണ് വ്യത്യാസം കാണുന്നത്.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 97/25 |
| പ്രോജക്റ്റ് | ജനറൽ ആശുപത്രിക്ക് മരുന്ന് അനുബന്ധചെലവുകൾ |
| അടങ്കൽ | 25,00,000 |
| ചെലവ് | 21,89,919 |
| നിർവഹണം | മെഡിക്കൽ ഓഫീസർ,ഗവ.ഹോസ്പിറ്റൽ |
| ഫണ്ട് | മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| TRN | 241801000000007805/09.07.24-₹3,14,856 |

പിൻവലിച്ച തുക നൽകിയത് ഇപ്രകാരമാണ്.

| | |
|---|---|
| നീതി മെഡിക്കൽ വെയർ ഹൗസ് | 123276 |
| ജൻ ഔഷധി | 191580 |

ഫയലിൽ ഉള്ള ബില്ലുകൾ പ്രകാരം തുക നൽകേണ്ടത് ഇപ്രകാരമാണ്.

| ഇനം | ബിൽ വിവരം | തുക | നൽകിയ തുക | അധികം/കുറവ് നൽകിയത് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| ജൻ ഔഷധിയുടെ ബില്ലുകൾ | Bill No 6280/31/07/23 | 495 | 191580 | (+)176559 |
| | Inv.No20232418446/23/03/24 | 5656 | | |
| | Inv.No.2725/22/05/24 | 8870 | | |
| | ആകെ | 15021 | | |
| നീതി മെഡിക്കൽ ബില്ലുകൾ | Inv.No.24110118762/25/03/24 | 191580 | 123276 | (-)68304 |
| അധികം നൽകിയ തുക | | | | 108255 |

തുക അനുവദിച്ചതും യഥാർത്ഥബില്ലുകളും തമ്മിലുള്ള വ്യത്യാസം ഓഡിറ്റ് എൻക്വയറി നമ്പർ 42/23.01.2026 പ്രകാരം നിർവഹണോദ്യോഗസ്ഥന്റെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും മറുപടി നൽകിയിട്ടില്ല. ₹3,14,856 യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-30 പെയിൻ & പാലിയേറ്റീവ് പദ്ധതികൾ-അത്യാവശ്യമരുന്നുകൾക്ക് തുക നൽകിയിട്ടും മരുന്നുകൾ ലഭ്യമായിട്ടില്ല.

പെയിൻ & പാലിയേറ്റീവ് പദ്ധതികളിൽ മരുന്നുകൾക്കായി KMSCL -ൽ 3 ലക്ഷം രൂപ അടച്ചെങ്കിലും മരുന്നുകൾ ലഭ്യമായിട്ടില്ല.

1. പ്രൈമറി പെയിൻ&പാലിയേറ്റീവ്

| | |
|---|---|
| പ്രോജക്ട് നമ്പർ | 442/25 |
| അടങ്കൽ | ₹9,58,020 |
| ചെലവ് | ₹8,44,637 |
| നിർവഹണം | മെഡിക്കൽ ഓഫീസർ,ഗവ.ഹോസ്പിറ്റൽ |
| ഫണ്ട് | വികസനഫണ്ട് -ജനറൽ |
| മരുന്നിന് അടച്ച തുക | ₹2,00,000 |
| TRN | 241801000000030165/13.03.25-₹200000 |

2.സെക്കൻഡറി പെയിൻ & പാലിയേറ്റീവ്

| | |
|---|---|
| പ്രോജക്ട് നമ്പർ | 499/25 |
| അടങ്കൽ | ₹4,32,720 |
| ചെലവ് | ₹3,01,805 |
| നിർവഹണം | മെഡിക്കൽ ഓഫീസർ,ഗവ.ഹോസ്പിറ്റൽ |
| ഫണ്ട് | വികസനഫണ്ട് -ജനറൽ |
| മരുന്നിന് അടച്ച തുക | 1,00,000 |
| TRN | 241801000000030169/13.03.25-₹1,00,000 |

മരുന്നുകൾ ലഭ്യമാകാത്തത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നമ്പർ 43/23.01.2026 പ്രകാരം നിർവഹണോദ്യോഗസ്ഥന്റെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും മറുപടി നൽകിയിട്ടില്ല.മരുന്നുകൾ ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.₹3,00,000യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-31 " ഉന്നത വിദ്യാഭ്യാസമുള്ള വീട്ടമ്മമാർക്ക് മൽസര പരീക്ഷകൾക്ക് പിന്തുണയും പരിശീലനവും "- ന്യൂനതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി " ഉന്നത വിദ്യാഭ്യാസമുള്ള വീട്ടമ്മമാർക്ക് മൽസര പരീക്ഷകൾക്ക് പിന്തുണയും പരിശീലനവും " എന്ന പ്രോജക്ട് കൽപ്പറ്റ നഗരസഭ നടപ്പിലാക്കിയിട്ടുണ്ട്. സർക്കാർ പദ്ധതി മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പ്രകാരം പദ്ധതി മാർഗ്ഗരേഖ അഭ്യസ്തവിദ്യരായ തൊഴിൽ രഹിതരായ സ്ത്രീകൾക്ക് തൊഴിൽ നേടാനുള്ള പരിശീലനം നൽകാവുന്നതാണ്.

നഗരസഭ പരിധിയിലെ 40 വീട്ടമ്മമാരാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ.തെരഞ്ഞെടുക്കപ്പെടുന്ന വീട്ടമ്മമാർക്ക് പി എസ് സി മൽസര പരീക്ഷകൾക്ക് പരിശീലനം നൽകുന്നതാണ് പദ്ധതി. ഇംഗ്ലീഷ്, കണക്ക്, ജനറൽ നോളജ്, മലയാളം, മെന്റൽ എബിലിറ്റി എന്നീ വിഷയങ്ങളിൽ പരിശീലനം നൽകുന്നതിനാണ് തുക ചെലവഴിച്ചത്. പ്രോജക്ടിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പറും പ്രോജക്ടിന്റെ പേരും | 21/2024-25<br>"ഉന്നത വിദ്യാഭ്യാസമുള്ള വീട്ടമ്മമാർക്ക് മൽസര പരീക്ഷകൾക്ക് പിന്തുണയും പരിശീലനവും " |
| അടങ്കൽ | ₹6,00,000/- (വികസന ഫണ്ട്) |
| ചെലവ് | 1)₹1,09,000/-(2024-25)<br>24180147001301583844/18.3.25<br>2)1,51,500/-(2025-26)<br>24180147001300353697/19.7.25 |
| പരിശീലനം നൽകിയ സ്ഥാപനം | സിജി , കൽപ്പറ്റ |

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ഓഡിറ്റ് അന്വേഷണകുറിപ്പ് ( 30/22.01.2026 )നൽകി. ഓഡിറ്റ് അന്വേഷണകുറിപ്പിന് മറുപടിയായി അധ്യാപകർ ഹോണറേറിയം കൈപ്പറ്റിയതിന്റെ വിവരം, പരിശീലന ഗൈഡുകളുടെ ബിൽ എന്നിവ ഹാജരാക്കി. മേൽ പരിശീലനാർത്ഥികളിൽ ഒരാൾ മാത്രം മത്സര പരീക്ഷകളിൽ വിജയിയായി എന്ന വിവരമാണ്ഹാജരാക്കിയത്. ഉന്നത വിദ്യാഭ്യാസമുള്ള വീട്ടമ്മമാർക്ക് മൽസര പരീക്ഷകൾക്ക് പിന്തുണയും പരിശീലനവും എന്ന പദ്ധതിയുടെ നിലവാരം മെച്ചപ്പെടുത്താൻ ഭാവിയിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-32 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

നഗരസഭ സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

A)ഫാത്തിമ ഹോസ്പിറ്റൽ പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ ഫാത്തിമ ഹോസ്പിറ്റൽ പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ പ്രവൃത്തിക്കായി കേരളവാട്ടർ അതോറിറ്റിയിൽ തുക ഡെപ്പോസിറ്റ് ചെയ്തെങ്കിലും പദ്ധതി പൂർത്തീകരിച്ചതായുള്ള വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

| പ്രോജക്ട് /ഫണ്ട് | തുക | തുകനൽകിയ സ്ഥാപനം |
|---|---|---|
| | | |

| | | |
|---|---|---|
| | | |
| 583/25<br>ഫാത്തിമ ഹോസ്പിറ്റൽ പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ | 5,00,00<br>(CFC) വൗച്ചർ നം C032572215951/23.3.2025 | കേരളവാട്ടർ അതോറിറ്റി കൽപ്പറ്റ |

കേരളവാട്ടർ അതോറിറ്റി നൽകിയ എസ്റ്റിമേറ്റ് പ്രകാരമുള്ള തുകയാണ് നഗരസഭ അടവാക്കിയിട്ടുള്ളത്. എന്നാൽ, തുക ഡെപ്പോസിറ്റ് ചെയ്തപ്പോൾ കേരളവാട്ടർ അതോറിറ്റിയുമായി കരാർ വെച്ചതായി കാണുന്നില്ല. സമയ പരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കിയ വിവരം ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. പ്രവൃത്തിയുടെ പൂർത്തീകരണ വിവരങ്ങളും വിനിയോഗസാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതാണ്.

B)സാമൂഹ്യ സുരക്ഷ മിഷൻ വിഹിതം വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

സാമൂഹ്യ സുരക്ഷ മിഷൻ വിഹിതം തുക, സാമൂഹ്യ സുരക്ഷ മിഷന് ഡെപ്പോസിറ്റ് ചെയ്തെങ്കിലും പദ്ധതി പൂർത്തീകരിച്ചതായുള്ള വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

| പ്രോജക്ട് /ഫണ്ട് | തുക | തുകനൽകിയ സ്ഥാപനം |
|---|---|---|
| 20/25 സാമൂഹ്യ സുരക്ഷ മിഷൻ വിഹിതം ബിൽ നം. 241810000000025184/29.01.25 | 10,00,000 (General) | സാമൂഹ്യ സുരക്ഷ മിഷൻ |

പൂർത്തീകരണ വിവരങ്ങളും വിനിയോഗസാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് അന്വേഷണകുറിപ്പ് ( 31/22.1.26 ) നൽകി. മറുപടി ലഭ്യമാക്കിയിട്ടില്ല വിനിയോഗസാക്ഷ്യപത്രങ്ങൾ ഹാജരാക്കുന്നത് വരെ 15,00,000 രൂപ ചെലവഴിച്ചത് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-33 സമഗ്ര ശിക്ഷ കേരളം - വിഹിതം നൽകൽ - മോണിറ്ററിംഗ്

സമഗ്ര ശിക്ഷാ കേരള പദ്ധതിക്ക് നഗരസഭ വിഹിതം നൽകുന്നതിന് തൻ വർഷം താഴെ പറയുന്ന പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്.

1.എസ്.എസ്.കെ പൊതുവിഭാഗം

| | |
|---|---|
| പ്രോജക്ട് നമ്പർ | 12/25 |
| പേര് | എസ്. എസ്. കെ.-യ്ക്ക് നഗരസഭ വിഹിതം നൽകൽ |
| അടങ്കൽ | ₹15,00,000/- (പൊതുവിഭാഗം വികസന ഫണ്ട്) |
| ചെലവ് (തുക & ട്രഷറി റഫറൻസ് നമ്പർ) | ₹15,00,000/-<br>241801000000025137- 25.1.25 |
| നിർവ്വഹണം | സെക്രട്ടറി |

2)എസ്.എസ്.കെ പട്ടികവർഗ്ഗ വിഭാഗം

| | |
|---|---|
| പ്രോജക്ട് നമ്പർ | 649/25 |
| പേര് | എസ്. എസ്. കെ.-യ്ക്ക് നഗരസഭ വിഹിതം നൽകൽ |

| | |
|---|---|
| അടങ്കൽ | ₹5,00,000/- (വികസന ഫണ്ട് – ടി എസ് പി) |
| ചെലവ് (തുക & ട്രഷറി റഫറൻസ് നമ്പർ) | ₹5,00,000/- 24180100000031430- 20.3.25 |
| നിർവ്വഹണം | സെക്രട്ടറി |

3)എസ്.എസ്. കെ പട്ടികജാതി വിഭാഗം

| | |
|---|---|
| പ്രോജക്ട് നമ്പർ | 650/25 |
| പേര് | എസ്. എസ്. കെ.-യ്ക്ക് നഗരസഭ വിഹിതം നൽകൽ |
| അടങ്കൽ | ₹4,25,000/- (വികസന ഫണ്ട് – എസ് സി പി) |
| ചെലവ് (തുക & ട്രഷറി റഫറൻസ് നമ്പർ) | ₹2,37,626/- 24180147001301573720- 18.3.25 |
| നിർവ്വഹണം | സെക്രട്ടറി |

മൂന്ന് പ്രോജക്ടുകളിലായി ആകെ ചെലവ് - 22,37,626രൂപ നൽകിയിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖ (സ.ഉ.(കൈ) നം. 84/2022/തസ്വഭവ, തീയതി 19/04/2022) ഖണ്ഡിക 8.6 (3) അനുസരിച്ച് എസ്.എസ്.കെ. പ്രോജക്ടിന്റെ കർമ്മ പരിപാടി തയ്യാറാക്കേണ്ടതും നടപ്പിലാക്കേണ്ടതും തദ്ദേശഭരണ സ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്തത്തോടെ ആയിരിക്കണം. പ്രോജക്ട് പൂർത്തികരണത്തിന് ശേഷം എസ്.എസ്.കെ. വിശദാംശങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്.

പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 8.6 (4) അനുസരിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾ എസ്.എസ്.കെ. -ക്ക് നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ/ പരിപാടികൾ എന്താണ് എന്നീ വിവരങ്ങൾ അതത് തദ്ദേശഭരണ സ്ഥാപനങ്ങളെ എസ്.എസ്.കെ. പ്രോജക്ട് ഓഫീസർ അറിയിക്കണം. എസ്.എസ്.കെ. വിഹിതവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതവും ചേർത്ത് നടപ്പാക്കുന്ന വികസന പദ്ധതികളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭാരവാഹികളുടെ ഇടപെടൽ അടക്കമുള്ള പങ്കാളിത്തം എസ്.എസ്.കെ. ഉറപ്പാക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ചെലവഴിക്കുമ്പോൾ അതിന്റെ വിനിയോഗ സാക്ഷ്യപത്രം എസ്.എസ്.കെ. -യിൽ നിന്നു കൃത്യമായി നൽകണം.

എസ്.എസ്.കെ. തയ്യാറാക്കിയ ആകെ അടങ്കലിന്റെ( 55,94,066 രൂപ) 40 % തുകയായ 22,37,626 രൂപയാണ് നഗരസഭ വിഹിതമായി എസ്.എസ്.കെ ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്റർക്ക് നൽകിയത്.

എസ്.എസ്.കെ. ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്ററുടെ 10.05.2025 -ലെ എ/269/2024/എസ്.എസ്.കെ. നമ്പർ കത്ത് പ്രകാരം നഗരസഭ നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഇതിൽ ഓരോ സ്കൂളിലും നടത്തിയ പ്രവർത്തനങ്ങൾ/ പരിപാടികൾ എന്നിവയുടെ ആകെ ചെലവ് ഹാജരാക്കിയില്ല.ഓഡിറ്റ് അന്വേഷണകുറിപ്പ് ( 33/22.1.26 )നൽകി. മറുപടി ലഭ്യമാക്കിയിട്ടില്ല.ഓരോ സ്കൂളിലും നടത്തിയ പ്രവർത്തനങ്ങൾ/ പരിപാടികൾ എന്നിവയുടെ ആകെ ചെലവ് ഹാജരാക്കേണ്ടതാണ്. വിശദമായ റിപ്പോർട്ട് ഹാജരാക്കുന്നത് വരെ 22,37,626 രൂപ ചെലവഴിച്ചത് തടസ്സത്തിൽ വെക്കുന്നു.

## 1-34 കെട്ടിടങ്ങളുടെ ഡിജിറ്റൽ വിവര ശേഖരണം -ഓഡിറ്റ് നീരീക്ഷണങ്ങൾ

നഗരസഭയുടെ കെട്ടിടങ്ങളും അനുബന്ധ സ്ഥാപനങ്ങളും ആസ്തിയിൽ ഉൾപ്പെടുത്തി കാലികമാക്കുന്നതുമായി ബന്ധപ്പെട്ട് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയുമായി ചേർന്ന് നഗരസഭ പരിധിയിലെ എല്ലാ ആസ്തികളും കെട്ടിടങ്ങളും മാപ്പ് ചെയ്യുന്നതിന് നഗരസഭ പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്.

- നിർവഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

| | |
|---|---|
| പ്രോജക്ട് നമ്പർ | 307/25 |
| പ്രോജക്ടിന്റെ പേര് | നഗരസഭ പരിധിയിലെ കെട്ടിടങ്ങളുടെ ജി ഐ എസ് മാപ്പിംഗും അടിസ്ഥാന വിവര ശേഖരണവും |
| അടങ്കൽ | 25,00,500( CFC) |
| ചെലവ് | 7,70,882 |

| ബിൽ നമ്പർ | C082538534981/28.02.2025 |
|---|---|

എ)

ജി ഐ എസ് മാപ്പിംഗും അടിസ്ഥാന വിവര ശേഖരണവും എന്ന പദ്ധതിക്കായി

നാളിതു വരെ ചെലവഴിച്ച തുക ചുവടെ ചേർക്കുന്നു

| വർഷം | ULCS സമർപ്പിച്ച ബിൽ | നഗരസഭ നൽകിയ തുക |
|---|---|---|
| 2023-24 | 9,55,092 | 13,36,489 |
| 2024-25 | 24,51,886 | 7,70,882 |
| 2025-26 | - | 14,99,992 |
| ആകെ | 34,06,978 | 36,07,363 |

സെക്രട്ടറിയും ULCS ,ചെയർമാനും തമ്മിൽ ഒപ്പിട്ട കരാർ പ്രകാരം ഒന്നാം ഘട്ട കരാർ തുക 34,06,978 രൂപയാണ്. ആയതു പ്രകാരം 2,00,385 രൂപ അധികം നൽകിയിട്ടുണ്ട്. അധികം നൽകിയ തുക തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

ബി)ജി.ഒ.(ആർ.ടി) 2556/2018/ത.സ്വ.ഭ.വ തീയതി 04-10-2018, പ്രകാരം ജി ഐ എസ് മാപ്പിംഗ് ഐ.കെ.എം സൂപ്പർവൈസ് ചെയ്യേണ്ടതാണ്, ഐ.കെ.എം ഡെവലപ്പ് ചെയ്ത് വിന്യസിച്ചിരിക്കുന്ന ബന്ധപ്പെട്ട സോഫ്റ്റ് വെയറുകളുമായി സംയോജിപ്പിക്കാൻ സാധിക്കുന്ന വിധത്തിൽ വേണം ജി ഐ എസ് മാപ്പിംഗ് നടത്താൻ. പ്രോപ്പർട്ടി അസസ് മെന്റിന് ജി ഐ എസ് മാപ്പിംഗ് ഉപകരിക്കണം, തദ്ദേശ സ്ഥാപന തലത്തിലുള്ള കുടുംബങ്ങളുടെ സോഷ്യോളജിക്കൽ ഡാറ്റ കൂടി മാപ്പിംഗ് പരിധിയിൽ കൊണ്ടുവരണമെന്നും വ്യക്തമാക്കിയിട്ടുണ്ട്.ആയതിനാൽ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി സമർപ്പിച്ച ഡാറ്റകൾ ഐ.കെ.എം ഡെവലപ്പ് ചെയ്ത് വിന്യസിച്ചിരിക്കുന്ന ബന്ധപ്പെട്ട സോഫ്റ്റ് വെയറുകളുമായി സംയോജിപ്പിക്കാൻ സാധിക്കുന്നക്കുന്നുണ്ടോ എന്നും പ്രോപ്പർട്ടി അസസ് മെന്റിന് ഉപകരിക്കുന്നുണ്ടോ എന്നും ഉള്ള വിവരങ്ങൾ അറിയിക്കേണ്ടതാണ്. തൊഴിൽ നികുതി അസസ് മെന്റ്, ട്രേഡ് ലൈസൻസ് നൽകൽ, ബിൽഡിംഗ് പെർമിറ്റ് എന്നിവയ്ക്ക് ഉപയോഗപ്പെടുത്താൻ സാധിച്ചിട്ടുണ്ടോ എന്ന വിവരങ്ങളും ലഭ്യമാക്കേണ്ടതാണ്.

സി) ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി നിലവിൽ പൂർത്തിയാക്കിയ പ്രവൃത്തികൾ സംബന്ധിച്ച റിപ്പോർട്ട് ഹാജരാക്കേണ്ടതാണ്.ഓഡിറ്റ് അന്വേഷണകുറിപ്പ് ( 34/22.1.2026 )നൽകി.മറുപടി ലഭ്യമാക്കിയിട്ടില്ല.വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-35 ടൗൺ ഹാൾ നിർമ്മാണം തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്

ടൗൺ ഹാൾ സ്ഥലം തരം മാറ്റൽ നടത്തുന്നതിനായി താഴെ പറയുന്ന പ്രോജക്ട് പ്രകാരം തുക ചെലവഴിച്ചു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 491/25 |
| പ്രോജക്ടിന്റെ പേര് | ടൗൺ ഹാൾ ഭൂമി തരം മാറ്റൽ- |
| അടങ്കൽ | 26,12,000( തനത് ഫണ്ട് ) |
| ചെലവ് | 26,12,000( തനത് ഫണ്ട് ) |
| വൗച്ചർ നമ്പർ/തീയതി | 2522346/26.03.2015 |

കൽപ്പറ്റ നഗരസഭയിലെ പഴക്കം ചെന്ന ടൗൺഹാൾ പൊളിച്ചു മാറ്റുകയും പ്രസ്തുത സ്ഥലത്ത് പുതിയ ടൗൺഹാൾ നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കുകയും ചെയ്തു. ടൗൺഹാൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം കൽപ്പറ്റ വില്ലേജിലെ റീ സർവേ നമ്പർ 176/26, 176/29 ൽ പ്പെട്ട നിലം എന്നാണ് റവന്യൂ രേഖകളിൽ രേഖപ്പെടുത്തിയിരുന്നത്. സെക്രട്ടറിയുടെ അപേക്ഷ പരിഗണിച്ച് മാനന്തവാടി ആർ.ഡി.ഒ യുടെ 59/2022 Dtd 8.6.22 കത്ത് പ്രകാരം നിർദ്ദിഷ്ട സ്ഥലം ഡാറ്റാ ബാങ്കിൽ നിന്നും ഒഴിവാക്കി. ആർ.ഡി.ഒ യുടെ 429/2022 Dtd 26.11.22 കത്ത് പ്രകാരം തരം മാറ്റൽ ഫീസ് 26,12,000 രൂപ ആയി ആവശ്യപ്പെട്ടു.

| സർവേ നമ്പർ | സ്ഥല വിസ്തൃതി | തരം മാറ്റൽ ഫീസ് |
|---|---|---|
| 176/26 | 6 Are 7 Sq. Mtr | 7,61,320 |

| | | |
|---|---|---|
| 176/29 | 4 Are 24 Sq. Mtr | 5,59,680 |
| | 12,912 Sq. Feet<br>കെട്ടിട നിർമ്മാണം | 12,91,200 |
| | ആകെ | 26,12,000 |

പ്രസ്തുത തുക മേൽ പ്രോജക്റ്റ് പ്രകാരം സർക്കാരിലേക്ക് KL036498659202425M ചലാൻ പ്രകാരം അടവാക്കുകയും ചെയ്തു. ടൗൺ ഹാൾ നിർമ്മാണവുമായി ബന്ധപ്പെട്ട പുരോഗതി സംബന്ധിച്ച് ഓഡിറ്റ് അന്വേഷണകുറിപ്പ് (33/22.1.2026 ) നൽകി. ലഭിച്ച മറുപടിപ്രകാരം ടൗൺ ഹാൾ നിർമ്മാണത്തിന് ആവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു എന്നറിയിച്ചിട്ടുണ്ട്.തുടർ നടപടികൾ സ്വീകരിച്ചറിയിക്കേണ്ടതാണ്.

## 1-36 നഗരസഭയുടെ കീഴിലുള്ള വിവിധ സ്കൂളുകളിലേക്ക് വാങ്ങിയ ജംഗമ ആസ്തികളുടെ സമാഹരണം നഗരസഭയുടെ ജംഗമ വസ്തുക്കളുടെ ആസ്തി/സ്റ്റോക്ക് രജിസ്റ്ററിലും രേഖപ്പെടുത്തിയിട്ടില്ല

നഗരസഭയുടെ കീഴിലുള്ള വിവിധ സ്കൂളുകളിലേക്ക് നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രിൻസിപ്പാൾ ,ജി വി എച്ച് എസ് എസ് കൽപ്പറ്റ ഫർണിച്ചർ വാങ്ങിയിട്ടുണ്ട്. അവ നഗരസഭയുടെ ആസ്തിയിൽ ഉൾപ്പെടുത്തിയിട്ടില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

നഗരസഭയുടെ കീഴിലുള്ള വിവിധ സ്കൂളുകളിലേക്ക് ഫർണിച്ചർ വാങ്ങൽ

| പ്രോജക്റ്റിന്റെ വിശദാംശങ്ങൾ | ചെലവ് തുക & ബിൽ നമ്പർ | വാങ്ങിയ സാധനങ്ങൾ |
|---|---|---|
| 1)494/25,<br>നഗരസഭയുടെ കീഴിലുള്ള വിവിധ സ്കൂളുകളിലേക്ക് ഫർണിച്ചർ വാങ്ങൽ<br>നിർവ്വഹണം:<br>പ്രിൻസിപ്പാൾ<br>അടങ്കൽ:₹5,00,000<br>(MG Non Road) | ₹4,93,746/-<br>1)bill No<br>241801470015014974445/11.3.25 | 1)Steel Wooden Desk With Book Rack- 66 No<br>2)steel Wooden Bench-66 No<br>KADCO യിൽ നിന്നാണ് ഫർണ്ണിച്ചർ വാങ്ങിയത് |

മേൽ പറഞ്ഞ പ്രോജക്റ്റ് പ്രകാരം പ്രിൻസിപ്പാൾ വാങ്ങിയ സാമഗ്രികളുടെ സ്റ്റോക്ക് വിവരങ്ങൾ നഗരസഭയുടെ ജംഗമ വസ്തുക്കളുടെ ആസ്തി/സ്റ്റോക്ക് രജിസ്റ്ററിലും രേഖപ്പെടുത്തിയിട്ടില്ല. ഓഡിറ്റ് അന്വേഷണകുറിപ്പ് ( 32/22.1.2026 )നൽകി. പ്രിൻസിപ്പാൾ നൽകിയ മറുപടിപ്രകാരം സ്റ്റോക്ക് വിവരങ്ങൾ സ്കൂളിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തു എന്നാണ് അറിയിച്ചിട്ടുള്ളത്. നഗരസഭയുടെ ജംഗമ വസ്തുക്കളുടെ ആസ്തി/സ്റ്റോക്ക് രജിസ്റ്ററിലും രേഖപ്പെടുത്തി ശരിയായി വിവരം അറിയിക്കേണ്ടതാണ്. അപാകത പരിഹരിക്കുന്നതുവരെ 4,93,746 രൂപ ചെലവഴിച്ചത് തടസ്സത്തിൽ വെക്കുന്നു.

## 1-37 PMAY -ലൈഫ് ഭവന പദ്ധതി ഭവനനിർമ്മാണം പൂർത്തിയാക്കാൻ അവശേഷിക്കുന്നു.

എ)PMAY -ലൈഫ് ഭവന പദ്ധതി ഭവനനിർമ്മാണം പൂർത്തിയാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശം ചുവടെ

ചേർക്കുന്നു.

| ക്രമനം | ഡിപിആർ | കരാർ വെച്ച ഗുണഭോക്താക്കളുടെ എണ്ണം | നിർമ്മാണം പൂർത്തീകരിച്ച എണ്ണം | നിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്നവ |
|---|---|---|---|---|
| 1 | ഡിപിആർ-1 | 189 | 180 | 9 |
| 2 | ഡിപിആർ-2 | 108 | 105 | 3 |
| 3 | ഡിപിആർ-3 | 59 | 57 | 2 |
| 4 | ഡിപിആർ-4 | 22 | 22 | 0 |
| 5 | ഡിപിആർ-5 | 43 | 42 | 1 |
| 6 | ഡിപിആർ-6 | 177 | 171 | 6 |
| 7 | ഡിപിആർ-7 | 67 | 62 | 5 |
| 8 | ഡിപിആർ-8 | 185 | 143 | 42 |
| 9 | ഡിപിആർ-9 | 304 | 185 | 119 |
| 10 | ഡിപിആർ-10 | 49 | 43 | 6 |
| 11 | ഡിപിആർ-11 | 56 | 28 | 28 |
| 12 | ഡിപിആർ-12 | 19 | 9 | 10 |
| | ആകെ | 1278 | 1047 | 231 |

ബി)PMAY ലൈഫ് ഭവന പദ്ധതി- മുൻകൂർ തുക കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവന നിർമ്മാണം ആരംഭിച്ചില്ല

താഴെ പറയുന്ന ഗുണഭോക്താക്കൾ PMAY - ലൈഫ് ഭവന പദ്ധതിയുടെ ഒന്നാം ഗഡു ധനസഹായമായ 40000 രൂപ കൈപ്പറ്റിയതിന് ശേഷം ഒരു വർഷം കഴിഞ്ഞിട്ടും ഭവന പദ്ധതി തുടങ്ങിയതായോ,തുടർ ഗഡുക്കൾ കൈപ്പറ്റിയതായോ ബന്ധപ്പെട്ട രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | പേര്, വിഭാഗം | ഡിവിഷൻ | മുൻകൂർ കൈപ്പറ്റിയ തുക | തുക കൈപ്പറ്റിയ തിയ്യതി |
|---|---|---|---|---|
| 1 | നാരായണി | 19 | 40,000 | 20.4.2023 |
| 2 | ലീല- SC | 1 | 40,000 | 25.3.2023 |
| 3 | സിന്ധിക | 20 | 40,000 | 20.4.2023 |
| 4 | നിഷാന്ത്- SC | 2 | 40,000 | 23.7.2023 |
| 5 | സുമതി ഇ-SC | 2 | 40,000 | 20.4.2023 |
| 6 | ഫെബിന സൈമൺ-OBC | 2 | 40,000 | 23.7.2023 |
| 7 | ലീല | 20 | 40,000 | 14.3.2024 |
| 8 | മാലതി-ST | 2 | 40,000 | 20.4.2023 |
| 9 | ഗംഗ | 21 | 40,000 | 24.3.2023 |

| | | | | |
|---|---|---|---|---|
| 10 | സ്റ്റാൻലി മെൻഡസ്-OBC | 3 | 40,000 | 23.7.2023 |
| 11 | രതീഷ് സി കെ | 21 | 40,000 | 20.4.2023 |
| 12 | വിനീത | 21 | 40,000 | 20.4.2023 |
| 13 | ചീര-ST | 3 | 40,000 | 20.4.2023 |
| 14 | ലക്ഷ്മി-Gen | 4 | 40,000 | 23.7.2023 |
| 15 | സുധ-ST | 4 | 40,000 | 20.4.2023 |
| 16 | സുമിത- ST | 4 | 40,000 | 20.4.23 |
| 17 | ദേവകി-ST | 5 | 40,000 | 20.4.2023 |
| 18 | ലീല-ST | 5 | 40,000 | 20.4.2023 |
| 19 | ജിഷ-OBC | 6 | 40,000 | 23.7.2023 |
| 20 | സറീന | 22 | 40,000 | 14.3.2024 |
| 21 | ഹാജിറ | 23 | 40,000 | 23.7.2023 |
| 22 | ജാനു | 26 | 40,000 | 23.7.2023 |
| 23 | നസ്റുദ്ധീൻ- OBC | 12 | 40,000 | 25.3.2023 |
| 24 | ബാബു-Sc | 14 | 40,000 | 20.4.2023 |
| 25 | ബാലു | 1 | 40,000 | 23.7.2023 |
| 26 | യൂസഫ് | 8 | 40,000 | 22.3.2024 |
| 27 | നഫീസ | 16 | 40,000 | 23.7.2023 |
| 28 | റഹിയാനത്ത് | 21 | 40,000 | 23.7.2023 |
| 29 | മാലതി | 2 | 40,000 | 20.4.2023 |
| 30 | മജീദ് പുത്തൻ വീട്ടിൽ | 14 | 40,000 | 23.7.2023 |
| 31 | രാജേന്ദ്രൻ | 16 | 40,000 | 20.4.2023 |
| 32 | രാജേഷ് പി | 24 | 40,000 | 6.2.2023 |
| 33 | രാമചന്ദ്രൻ | 21 | 40,000 | 20.4.2023 |

ഓഡിറ്റ് അന്വേഷണകുറിപ്പിന് ( 59/30.01.2026 )മറുപടി ലഭ്യമായിട്ടില്ല. മുൻകൂർ തുക കൈപ്പറ്റി നിർമ്മാണം ആരംഭിക്കാത്ത ഗുണഭോക്താക്കൾക്കെതിരെ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. കൂടാതെ നിർമ്മാണം പൂർത്തീകരിക്കാത്ത മറ്റു വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കാനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-38 വാഹനം വാടക നൽകൽ- അപാകതകൾ

നഗരസഭയുടെ എഞ്ചിനീയറിംഗ് വിഭാഗത്തിലെ ആവശ്യത്തിന് വാഹനം വാടകക്ക് എടുത്തതിന് ശ്രീ അസീസ് ടി പി എന്നവർക്ക് തൻവർഷം ആകെ 4,26,750 രൂപ അനുവദിച്ചിട്ടുണ്ട്.

1- സർക്കാർ ഉത്തരവ് (കൈ)115/2022/ത.സ.ഭ.വ തീയതി 28-05-2022 ഖണ്ഡിക 8-2(4) പ്രകാരം ചുവടെ പ്രതിപാദിക്കുന്ന നടപടി ക്രമങ്ങൾ പാലിച്ചാണ് വാഹനം വാടകക്ക് എടുക്കേണ്ടത്.

(I) പ്രതിമാസം 2000 കി മി ഓടുന്നതിനുള്ള വാടക ( ഇന്ധനം ഡ്രൈവറുടെ വേതനം മറ്റുചെലവുകൾ ഉൾപ്പെടെയുള്ള ആകെ തുക) രേഖപ്പെടുത്തിയുള്ള ക്വട്ടേഷൻ ക്ഷണിക്കണം

(Ii) 2017 ന് ശേഷമുള്ള വാഹനമായിരിക്കണം വാടകക്ക് എടുക്കേണ്ടത്.

(Iii) പ്രതിമാസം പരമാവധി 2000 കിലോമീറ്റർ ഓടുന്നതിന് 36,000 രൂപ വരെ തദ്ദേശ സ്ഥാപനങ്ങൾക്ക് ചെലവഴിക്കാവുന്നതാണ്.

(Iv) ലോഗ് ബുക്ക് സൂക്ഷിക്കണം.

മേൽ നിബന്ധന പാലിക്കുന്നതിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

(എ)ദിവസ വാടകാടിസ്ഥാനത്തിൽ വാഹനം ഓടിക്കുന്നതിനാണ് ക്വട്ടേഷൻ ക്ഷണിച്ചത് . പ്രതിദിനം 1500 രൂപ നിരക്കിൽ ക്വാട്ട് ചെയ്ത ശ്രീ അസീസ് ടി പി എന്നവരുമായി കരാർ ചമച്ച് തുക അനുവദിച്ചിട്ടുണ്ട്

(ബി) 2024 ഏപ്രിൽ മാസം 36,000 രൂപയിലും അധികമായി തുക ചെലവഴിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | മാസം | വൗച്ചർ നമ്പർ തീയതി | അനുവദിച്ച തുക | പരമാവധി തുകയിലും അധികരിച്ച തുക |
|---|---|---|---|---|
| 1 | 04/2023 | FNP00015832/27.4.24 | 37500 | 1500 |

ഓഡിറ്റ് അന്വേഷണകുറിപ്പ്( 60/30.01.2026 )നൽകി.മറുപടി ലഭ്യമായിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-39 പഞ്ചിംഗ് മെഷീൻ ലഭിച്ചിട്ടില്ല.

നിർവ്വഹണഉദ്യോഗസ്ഥൻ – സെക്രട്ടറി

സ്മാർട്ട് നഗരസഭ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി കെൽട്രോണിൽ നിന്നും ബയോ മെട്രിക് പഞ്ചിംഗ് മെഷീൻ വാങ്ങുന്നതിനായി FNCR 00133052-2024- 25.03.2025 പ്രകാരം 53844 രൂപ കെൽട്രോണിൽ നൽകി. പഞ്ചിംഗ് മെഷീൻ സ്ഥാപിച്ചോ എന്ന വിവരം അറിയിക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണകുറിപ്പ് (60/30.1.2026) നൽകി. മറുപടി ലഭ്യമാക്കിയിട്ടില്ല. 53,844 രൂപ ചെലവഴിച്ചത് തടസ്സത്തിൽ വെക്കുന്നു.

## 1-40 ഈട്ടി മരം മുറിച്ച് മാറ്റിയത് കുപ്പാടിയിലുള്ള വനം വകുപ്പ് ഡിപ്പോയിലേക്ക് മാറ്റിയിട്ടില്ല

കൽപ്പറ്റ മുനിസിപ്പാലിറ്റിയുടെ പരിധിയിൽ ഉള്ള (മുണ്ടേരി ജി വി എച്ച് എസ് എസ്, കൈനാട്ടി ഗവ.ആശുപത്രി) എന്നിവിടങ്ങളിൽ ഉണ്ടായിരുന്ന അപകടാവസ്ഥയിൽ ഉള്ള വീട്ടി മരങ്ങൾ മുറിച്ചുമാറ്റിയതിന് ബാലസുബ്രമണ്യൻ എന്നയാൾക്ക് FNP00013185/12.4.24 പ്രകാരം 64,000 രൂപ നൽകി. മുറിച്ചു മാറ്റിയ മര കഷണങ്ങൾ ബത്തേരി കുപ്പാടിയിലുള്ള ഡിപ്പോയിലേക്ക് മാറ്റുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ച് കൊണ്ട് പത്ര പരസ്യം നൽകി. ലഭിച്ച ക്വട്ടേഷൻ തുക കൂടുതൽ ആണെന്ന് കൗൺസിൽ യോഗം നിരീക്ഷിച്ചു. തുടർന്ന് വീണ്ടും ക്വട്ടേഷൻ നൽകാൻ കൗൺസിൽ യോഗം തീരുമാനിച്ചു. വീണ്ടും ക്വട്ടേഷൻ ക്ഷണിച്ച് കൊണ്ട് 15.10.25ന് പത്ര പരസ്യം നൽകി. എന്നാൽ ആരും ക്വട്ടേഷനിൽ പങ്കെടുത്തില്ല. നാളിതു വരെ ബത്തേരി കുപ്പാടിയിലുള്ള ഡിപ്പോയിലേക്ക് മാറ്റിയതായി കാണുന്നില്ല. നിലവിലെ സ്ഥിതി അറിയിക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണകുറിപ്പിന് ( 60/30.01.2026 )നൽകി. ലഭ്യമാക്കിയ മറുപടി പ്രകാരം വില പിടിപ്പുള്ള വീട്ടി മരങ്ങൾ നഗരസഭയുടെ ഉത്തരവാദിത്തത്തിൽ സൂക്ഷിച്ചിട്ടുണ്ടെന്നും ഡിപ്പോയിലേക്ക് മാറ്റുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-41 വയോമിത്രം പദ്ധതി-മരുന്ന് ലഭ്യമാകാത്തതിനാൽ പദ്ധതി നടത്തിപ്പിൽ വീഴ്ച.

വയോമിത്രം പദ്ധതിയിൽ മരുന്നുകൾക്കായി KMSCL -ൽ തുക അടച്ചെങ്കിലും മരുന്നുകൾ ലഭ്യമായിട്ടില്ല.

വയോമിത്രം പദ്ധതിയിൽ മരുന്നുകൾക്കായി 200000രൂപ KMSCL -ൽ മരുന്നുകൾക്കായി അടച്ചെങ്കിലും മരുന്നുകൾ ലഭ്യമായിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 205/25 |
| പ്രോജക്ട് | വയോമിത്രം |
| അടങ്കൽ | ₹2,00,000 |
| ചെലവ് | ₹2,00,000 |
| നിർവഹണം | മെഡിക്കൽ ഓഫീസർ,ഗവ.ഹോസ്പിറ്റൽ |
| ഫണ്ട് | വികസനഫണ്ട് -ജനറൽ |
| BRN | 241801000000030171/13.03.25 |

മരുന്നുകൾ ലഭ്യമാകാത്തത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നമ്പർ 38/23.01.2026 പ്രകാരം നിർവഹണോദ്യോഗസ്ഥന്റെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും മറുപടി നൽകിയിട്ടില്ല. മരുന്നുകൾ ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്. ₹200000 യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-42 പട്ടികജാതി വികസന ഓഫീസർ നടപ്പിലാക്കിയ ഭവന റിപ്പയർ, പഠനമുറി നിർമ്മാണം എന്നിവയിലെ അപാകതകൾ

പട്ടികജാതി വികസന ഓഫീസർ 2024-25 വർഷത്തിൽ നടപ്പിലാക്കിയ ഭവന റിപ്പയർ, പഠനമുറി നിർമ്മാണം എന്നിവയിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. പ്രോജക്ട് നമ്പർ 432/2025 പ്രകാരം വികസന ഫണ്ട് (എസ്.സി.പി) യിൽ ഉൾപ്പെടുത്തി ശ്രീ ഷിബു.എം, പുഴമുടി എന്ന ഗുണഭോക്താവിന് ഭവന റിപ്പയറിനായി 1,05,000/-രൂപ വകയിരുത്തിയതിൽ 75,000/- രൂപ കൈപ്പറ്റിയിട്ടുണ്ട്. ( ബിൽ നം. TRN 241801000000022186 തീയതി 18.12.2024 ) എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. പൂർത്തീകരിക്കാത്തതിന് കാരണം അറിയിക്കാൻ താൽപര്യപ്പെടുന്നു.

2. പ്രോജക്ട് നമ്പർ 395/2025 പ്രകാരം വികസന ഫണ്ട് (എസ്.സി.പി) യിൽ ഉൾപ്പെടുത്തി 20 ഗുണഭോക്താക്കൾക്ക് പഠനമുറി നിർമ്മാണത്തിനായി 12,20,000/-രൂപ വകയിരുത്തിയതിൽ 6 ഗുണഭോക്താക്കൾക്കായി 9,47,760/- രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ഗുണഭോക്താക്കളെ തെരെഞ്ഞെടുത്ത മാനദണ്ഡം വ്യക്തമല്ല. പ്രവൃത്തി പൂർത്തീകരിച്ചതായി കാണുന്നില്ല.

3. ഒരേ ആവശ്യത്തിനായി പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിൽ നിന്നോ മറ്റ് സർക്കാർ സ്ഥാപനങ്ങളിൽ നിന്നോ ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

4. സർക്കാർ ഫണ്ട് ലഭിക്കാത്തതും മാർഗ്ഗരേഖയിൽ ഉൾപ്പെട്ടിരിക്കുന്നതുമായ മേഖലകളിൽ മുനിസിപ്പൽ ഫണ്ട് ലഭ്യമാക്കുന്നതിനും, ഭവന റിപ്പയർപോലെയുള്ള വകുപ്പ് തലത്തിൽ കൂടുതൽ ആനുകൂല്യം ലഭിക്കുന്ന മേഖലകളിൽ നൽകപ്പെടുന്ന കുറഞ്ഞ ആനുകൂല്യ തുക ഏകീകരിക്കുന്നതിനുള്ള ശ്രമം നടത്തിയതായി കാണുന്നില്ല.

20.01.2026 ന് നൽകിയ എൻക്വയറി നമ്പർ 21/24-25 ന് മറുപടി ലഭ്യമാക്കിയിട്ടില്ല . അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-43 ഫിഷ് മാർക്കറ്റ് മാലിന്യസംസ്കരണപ്ലാന്റ്-പ്രവർത്തിക്കുന്നില്ല.

കൽപ്പറ്റ നഗരസഭ ഫിഷ് മാർക്കറ്റ് മാലിന്യസംസ്കരണപ്ലാന്റ് പ്രവർത്തന നടത്തിപ്പിനായി തൻവർഷം താഴെപ്പറയുന്ന തുകകൾ ചെലവഴിച്ചിട്ടുണ്ട്.

1.റീടെയിൽ മാർക്കറ്റ് ഇ.ടി.പി.എ.എം.സി (സ്പിൽ ഓവർ)

| | |
|---|---|
| പ്രോജക്ട് നമ്പർ | 304/25 |
| അടങ്കൽ | ₹5,00,000 |
| ചെലവ് | ₹40,500(March 2024ലെ ചെലവ്) |
| നിർവഹണം | ക്ലീൻ സിറ്റി മാനേജർ |
| ഫണ്ട് | ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| പേയ്മെന്റ് ഓർഡർ നമ്പർ | FNPO-00077402/24/22/10/24 |
| Ksmart No | 2317621-2024 |

2. റീടെയിൽ മാർക്കറ്റ് ഇ.ടി.പി എ എം സി (പുതിയത്)

| | |
|---|---|
| പ്രോജക്ട് നമ്പർ | 54/25(new) |
| അടങ്കൽ | 500000 |
| ചെലവ് | 445500 |
| നിർവഹണം | ക്ലീൻ സിറ്റി മാനേജർ |
| ഫണ്ട് | ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| PFMS വൗച്ചർ No | 1.C102423397629/22.10.24-121500(April,May,June)<br>2.C102423397629/22.10.24-40500(aug)<br>3.C102423397629/22.10.24-40500(Sept)<br>4.C102423433571/22.10.24-40500(oct)<br>5.C112412406877/18.11.24-40500<br>6.C122409413915/10.12.2024-40500<br>7.C12533885638/04.02.25-40500<br>8.C022526541790/05.03.25-40500<br>9.C032537997667/17.03.25-40500 |

പ്ലാന്റ് നടത്തിപ്പ് സംബന്ധിച്ച് നഗരസഭ ടെണ്ടർ വിളിച്ചത് പ്രകാരം ശ്രീ.ജോയ് വർഗ്ഗീസ് എന്നയാളുമായി 04/01/24 ന്

കൽപ്പറ്റ നഗരസഭ സെക്രട്ടറി കരാർ വെച്ചിട്ടുണ്ട്. എഗ്രിമെന്റിലെ 9-)ാം നമ്പർ നിബന്ധനപ്രകാരം പ്ളാന്റിലെ പ്രവർത്തനങ്ങൾ സംബന്ധിച്ച ഒരു രജിസ്റ്റർ കരാറുകാരൻ സൂക്ഷിക്കേണ്ടതും എല്ലാ മാസവും പ്രവർത്തനങ്ങൾ സംബന്ധിച്ച റിപ്പോർട്ട് നഗരസഭക്ക് നൽകേണ്ടതുമാണ്. ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററിൽ 31.03.2025 വരെ പ്ലാന്റിൽ ഉപയോഗിച്ച കെമിക്കലുകളുടെ വിവരം രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാൽ കരാറുകാരൻ നൽകിയ സേവനങ്ങൾ സംബന്ധിച്ച റിപ്പോർട്ടുകൾ തയ്യാറാക്കിയതായോ നഗരസഭക്ക് നൽകിയതായോ കാണുന്നില്ല.കൂടാതെ രജിസ്റ്റർ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിച്ചതായോ സാക്ഷ്യപ്പെടുത്തിയതായോ കാണുന്നില്ല.

 

*നിഷ്ക്രിയമായ മാലിന്യസംസ്കരണ പ്ലാന്റ്*

23/01/26 ന് നടത്തിയ സ്ഥലപരിശോധനയിൽ പ്ലാന്റ് പ്രവർത്തന രഹിതമായാണ് കണ്ടത്. നിലവിൽ മാലിന്യസംസ്കരണം നടക്കുന്നില്ല. മാലിന്യം നീക്കം ചെയ്ത വിവരങ്ങളും ലഭ്യമല്ല.പ്ലാന്റ് പ്രവർത്തനം സംബന്ധിച്ച രേഖകൾ ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നമ്പർ-47/27.01.26 പ്രകാരം വിവരങ്ങൾ ശ്രദ്ധയിൽപ്പെടുത്തിയതിന് നൽകിയ മറുപടിയിൽ കെ സ്മാർട്ടിൽ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടെന്നും രജിസ്റ്റർ സൂക്ഷിക്കണമെന്ന് അറിവില്ലായിരുന്നുവെന്നും മറുപടി നൽകിയിട്ടുണ്ട് .പ്ലാന്റ് പ്രവർത്തനസജ്ജമാക്കേണ്ടതും പ്രവർത്തനം സംബന്ധിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.

## 1-44 Faecal Sludge Treatment Plant -പ്രവർത്തിക്കുന്നില്ല.

കൽപ്പറ്റ നഗരസഭ Faecal Sludge Treatment Plant പ്രവർത്തന നടത്തിപ്പിനായി തൻവർഷം താഴെപ്പറയുന്ന തുകകൾ ചെലവഴിച്ചിട്ടുണ്ട്.

1.

| | |
|---|---|
| പ്രോജക്ട് നമ്പർ | 53/25 |
| പ്രോജക്ട് | Faecal Sludge Treatment Plant നടത്തിപ്പ് |
| അടങ്കൽ | ₹ 6,94,000 |
| ചെലവ് | ₹ 6,93,492 |
| നിർവഹണം | ക്ലീൻ സിറ്റി മാനേജർ |
| ഫണ്ട് | ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| Ksmart No | 1231986-2024 |
| PFMS Voucher | C102411106899/22.10.24-150000<br>C102411106899/22.10.24-181164<br>C112429415407/30.11.24-120776<br>C012554065974/15.02.25-120776<br>C032539332191/19.03.25-60388<br>C032501852738/27.03.25-60388 |

01/12/23 മുതൽ 31/05/24 വരെ പ്ലാന്റ് നടത്തിപ്പിന് പ്രതിമാസം 50000 രൂപ നിരക്കിലും അതിനുശേഷം പ്രതിമാസം

60388 രൂപ നിരക്കിലുമാണ് പ്രീമൂവ് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കൺസൽട്ടൻസി എന്ന സ്ഥാപനവുമായി പ്ലാന്റ് നടത്തിപ്പിന് കരാർ വെച്ചിട്ടുള്ളത്. ആയതുപ്രകാരം തുക അനുവദിക്കുകയും ചെയ്തു. ഓഡിറ്റിന് ഹാജരാക്കിയ സെപ്റ്റേജ് കളക്ഷൻ രജിസ്റ്റർ പ്രകാരം 24/10/25 വരെ വിവിധ സ്ഥലങ്ങളിൽ നിന്നും മാലിന്യം കളക്ട് ചെയ്തിട്ടുണ്ട്. 23/01/26 ന് സ്ഥലപരിശോധന നടത്തിയതിൽ ടാങ്ക് ലീക്ക് വന്നതിനാൽ പ്ലാന്റ് നിലവിൽ പ്രവർത്തിക്കുന്നില്ലയെന്ന് കണ്ടു.



*Faecal Sludge Treatment Plant*

മുൻപ് മാതൃകാപരമായി പ്രവർത്തിച്ചിരുന്ന പ്ലാന്റ് ടാങ്കിന് വന്ന ലീക്ക് കാരണം മൂന്നുമാസമായി പ്രവർത്തിപ്പിക്കാൻ പറ്റാതായിട്ട് എന്ന് പ്രോജക്ട് മാനേജർ അറിയിച്ചു. നഗരസഭയുടെ അനിവാര്യ ചുമതലയായ മാലിന്യനിർമ്മാർജ്ജനത്തിന് അനിവാര്യപങ്ക് വഹിക്കേണ്ട പ്ലാന്റ് ടാങ്ക് മാറ്റുന്നതിന് മാത്രമായി മൂന്ന് മാസമായി പ്രവർത്തിപ്പിക്കാത്തത് അംഗീകരിക്കാനാവില്ല.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (47/28.01.2026) ക്ലീൻ സിറ്റി മാനേജർ സമർപ്പിച്ച മറുപടിയിൽ ടാങ്ക് മാറ്റുന്നതുമായി ബന്ധപ്പെട്ട ഫയൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ പരിഗണനയിൽ ആണെന്നും തകരാർ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുന്നതായും അറിയിച്ചു.ഒരു ദിവസം പോലും പ്രവർത്തനം മുടങ്ങാതെ നടക്കേണ്ട പ്ലാന്റ് പ്രവർത്തനക്ഷമമാക്കാൻ അടിയന്തിര നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-45 സെപ്റ്റേജ് മാലിന്യസംസ്കരണം-ലഭിക്കാനുള്ള മുഴുവൻ തുകയും ലഭിച്ചില്ല.

കൽപ്പറ്റ നഗരസഭയുടെ കീഴിലുള്ള Septage Treatment Plant ൽ 2019-20 വർഷം മുതൽ മാലിന്യം മറ്റ് സ്ഥാപനങ്ങളിൽ നിന്നും നഗരസഭയിൽ നിന്നും ശേഖരിച്ച് സംസ്കരിക്കുന്നു. മറ്റ് സ്ഥാപനങ്ങളിൽ നിന്നും മാലിന്യം സംസ്കരിക്കുന്നതിന് തുക അടവാക്കുന്നതിന്റെ വിവരങ്ങൾ പരിശോധിച്ചതിൽ ചില സ്ഥാപനങ്ങൾ നിലവിലും തുക അടക്കാൻ ബാക്കിയുള്ളതായി കണ്ടു

രജിസ്റ്റർ പ്രകാരം തുക അടവാക്കാൻ ബാക്കിയുള്ള സ്ഥാപനങ്ങളുടെ വിവരം ഇപ്രകാരമാണ്.

| ക്രമനമ്പർ | തീയതി | അളവ് (ലിറ്റർ) | സ്ഥാപനം | അടക്കേണ്ട തുക |
|---|---|---|---|---|
| 1 | 11/02/22 | 9200 | സുൽത്താൻബത്തേരി നഗരസഭ | 20,000 |
| 2 | 10/03/22 | 4500 | കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത് | 10,000 |
| 3 | 11/03/22 | 4500 | കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത് | 10,000 |

| | | | | |
|---|---|---|---|---|
| 4 | 30/12/23 | 4500 | മാനന്തവാടി നഗരസഭ | 12,000 |
| 5 | 30/12/23 | 4500 | മാനന്തവാടി നഗരസഭ | 12,000 |
| 6 | 30/12/23 | 4500 | മാനന്തവാടി നഗരസഭ | 12,000 |
| 7 | 31/12/23 | 4000 | തിരുനെല്ലി ഗ്രാമപഞ്ചായത്ത് | 8 ലോഡിന് അടക്കേണ്ടിയിരുന്ന 96,000 രൂപയിൽ 45,000 രൂപ അടച്ച ബാക്കി 51,000 കിട്ടാൻ ഉണ്ട്. |
| 8 | 31/12/23 | 4600 | തിരുനെല്ലി ഗ്രാമപഞ്ചായത്ത് | |
| 9 | 31/12/23 | 4500 | തിരുനെല്ലി ഗ്രാമപഞ്ചായത്ത് | |
| 10 | 2/01/24 | 4500 | തിരുനെല്ലി ഗ്രാമപഞ്ചായത്ത് | |
| 11 | 02/01/24 | 4500 | തിരുനെല്ലി ഗ്രാമപഞ്ചായത്ത് | |
| 12 | 02/01/24 | 4500 | തിരുനെല്ലി ഗ്രാമപഞ്ചായത്ത് | |
| 13 | 03/01/24 | 4500 | തിരുനെല്ലി ഗ്രാമപഞ്ചായത്ത് | |
| 14 | 03/01/24 | 4500 | തിരുനെല്ലി ഗ്രാമപഞ്ചായത്ത് | |
| 15 | 30/03/24 | 4800 | മാനന്തവാടിനഗരസഭ | 12,000 |
| 16 | 30/03/24 | 4800 | മാനന്തവാടിനഗരസഭ | 12,000 |
| 17 | 30/03/24 | 4700 | മാനന്തവാടിനഗരസഭ | 12,000 |
| 18 | 05/04/24 | 4800 | മാനന്തവാടിനഗരസഭ | 12,000 |
| 19 | 05/04/24 | 4700 | മാനന്തവാടിനഗരസഭ | 12,000 |
| 20 | 21/09/24 | രണ്ട് ലോഡ് | മാനന്തവാടിനഗരസഭ | 24,000 |
| 21 | 21/10/24 | 3 ലോഡ് | സുൽത്താൻ ബത്തേരി നഗരസഭ | 36,000 |
| 22 | 06/01/25 | 2 ലോഡ് | മീനങ്ങാടി ഗ്രാമപഞ്ചായത്ത് | 24,000 |
| 23 | 07/01/25 | 2 ലോഡ് | മീനങ്ങാടി ഗ്രാമപഞ്ചായത്ത് | 24,000 |
| ആകെ | | | | 2,95,000 |

ഇത് സംബന്ധിച്ച ചുമതലയുള്ളത് ക്ലീൻ സിറ്റി മാനേജർക്കാണ്. വിഷയം ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (4/17.01.2026)സമർപ്പിച്ച മറുപടിയിൽ തുക ഈടാക്കാൻ കത്ത് നൽകിയതായി അറിയിച്ചിട്ടുണ്ട്.മേൽ ഖണ്ഡികയിലെ ക്രമനമ്പർ 18മുതൽ 23വരെ ഈടാക്കാനുള്ള തുക 2024-25 വർഷത്തെ വരവ് നഷ്ടമായി കണക്കാക്കുന്നു.തുക ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്. തുക ഈടാക്കി അറിയിക്കാത്തപക്ഷം ചാർജ്ജ് നടപടികൾ സ്വീകരിക്കുന്നതാണ്. ഓഡിറ്റ് വർഷത്തെ നഷ്ടം സംബന്ധിച്ച ഖണ്ഡിക ഭാഗം 2 ൽ 2-1 നമ്പർ ആയി ചേർത്തിട്ടുണ്ട്.

## 1-46 ഖരമാലിന്യസംസ്കരണം-കണക്കുകൾ സൂക്ഷിക്കുന്നില്ല.

കൽപ്പറ്റ നഗരസഭയുടെ ഖരമാലിന്യസംസ്കരണപ്ലാന്റിൽ ജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതുമായി ബന്ധപ്പെട്ട് കൽപ്പറ്റ നഗരസഭയും ഐ.ആർ.ടി.സി പ്രോജക്ട് ഇംപ്ലിമെന്റിംഗ് യൂണിറ്റുമായി ധാരണാപത്രത്തിൽ ഒപ്പുവെച്ചിട്ടുണ്ട്. ധാരണാപത്രത്തിലെ അഞ്ചാം നമ്പർ നിബന്ധനപ്രകാരം പ്ലാന്റിലേക്ക് എത്തിക്കുന്ന ജൈവമാലിന്യങ്ങൾ തരം തിരിച്ച് തൂക്കം രേഖപ്പെടുത്തി എത്തിക്കുന്ന ചുമതല നഗരസഭക്കാണ്.പ്രതിദിനം മൂന്ന് ടൺ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള തുകയും മൂന്ന് ടണ്ണിൽകൂടുതൽ മാലിന്യങ്ങൾ ഉണ്ടെങ്കിൽ ആയതിന് ടണ്ണിന് 2500 രൂപ നിരക്കിൽ അധിക തുകയും നഗരസഭ നൽകേണ്ടതും പ്ലാന്റിൽ ഉൽപ്പാദിപ്പിക്കുന്ന ജൈവവളം നഗരസഭ ലഭ്യമാക്കുന്ന പായ്ക്കറ്റിൽ പായ്ക്ക് ചെയ്ത് നഗരസഭക്ക് നൽകേണ്ട ചുമതല ഐ.ആർ.ടി.സി പ്രോജക്ട് ഇംപ്ലിമെന്റിംഗ് യൂണിറ്റിനാണെന്നും കരാറിൽ വ്യക്തമാക്കിയിട്ടുണ്ട്. 06/03/23 നാണ് നഗരസഭയും ഏജൻസിയും തമ്മിൽ ആദ്യമായി കരാർ വെച്ചിട്ടുള്ളത്.06/03/23 മുതൽ 31/07/23 വരെ കാലാവധിയുള്ള കരാർ പിന്നീട് 01/08/23 മുതൽ 31/03/24 വരെ പുതുക്കി നൽകി. 01/04/24 മുതൽ 31/08/24യും 01/09/24 മുതൽ 31/03/25 വരെയും കരാർ പുതുക്കിയിട്ടുണ്ട്.



*വിൻഡ്രോ കമ്പോസ്റ്റ് പ്ലാന്റ്*

തൻവർഷം പ്ലാന്റിന്റെ പ്രവർത്തനച്ചെലവായി താഴെപ്പറയുന്നരീതിയിൽ തുക ഐ.ആർ.ടി.സി പ്രോജക്ട് ഇംപ്ലിമെന്റിംഗ് യൂണിറ്റിന് നൽകിയിട്ടുണ്ട്.

1. വിൻഡ്രോ കമ്പോസ്റ്റ് മാലിന്യപരിപാലനം (സ്പിൽ ഓവർ)

| | |
|---|---|
| പ്രോജക്ട് നമ്പർ | 305/25 |
| പ്രോജക്ട് | വിൻഡ്രോ കമ്പോസ്റ്റ് മാലിന്യപരിപാലനം |
| അടങ്കൽ | 221250 |
| ചെലവ് | 221250(March 2024ലെ ചെലവ്) |
| നിർവഹണം | ക്ലീൻ സിറ്റി മാനേജർ |
| ഫണ്ട് | ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| പേയ്മെന്റ് ഓർഡർ നമ്പർ | C102423372807/22.10.24 |
| Ksmart No | 2314126-2024 |

2.വിൻഡ്രോ കമ്പോസ്റ്റ് മാലിന്യപരിപാലനം (പുതിയത്)

| | |
|---|---|
| പ്രോജക്ട് നമ്പർ | 497/25(new) |
| പ്രോജക്ട് | വിൻഡ്രോ കമ്പോസ്റ്റ് മാലിന്യപരിപാലനം |
| അടങ്കൽ | ₹30,00,044 |
| ചെലവ് | ₹25,15,250 |
| നിർവഹണം | ക്ലീൻ സിറ്റി മാനേജർ |
| ഫണ്ട് | ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| PFMS No | 1.C10242262287/22.10.24-1177050<br>2.C012554065817/06.02.25-390000<br>3.C022542880636/07.03.25-180000<br>4.C032555953002/19.03.25-570000<br>5.C032563228207/30.03.25-150000<br>6.C032595251223/31.03.25-48200 |

പ്രോജക്റ്റുകളുമായി ബന്ധപ്പെട്ട അപാകതകൾ താഴെ പറയുന്നു.

എ) കൈമാറുന്ന അജൈവമാലിന്യങ്ങളുടെ അളവുകൾ രേഖപ്പെടുത്തുന്നില്ല.

ഒരു ദിവസം എത്ര മാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി പ്ലാന്റിൽ എത്തുന്നു എന്നത് സംബന്ധിച്ച യാതൊരു രേഖകളും നാളിതുവരെയും സൂക്ഷിച്ചിട്ടില്ല. ധാരണാപത്രത്തിലെ അഞ്ചാം നമ്പർ നിബന്ധനപ്രകാരം പ്ലാന്റിലേക്ക് എത്തിക്കുന്ന ജൈവമാലിന്യങ്ങൾ തരം തിരിച്ച് തൂക്കം രേഖപ്പെടുത്തി എത്തിക്കുന്ന ചുമതല നഗരസഭക്കാണെങ്കിലും ആയത് പാലിച്ചതായികാണുന്നില്ല. 06/03/2023 മുതലാണ് പ്ലാന്റ് പ്രവർത്തനം തുടങ്ങിയതായി കാണുന്നത്. അന്ന് മുതൽ പ്രതിദിനം എത്ര മാലിന്യം എത്തിക്കുന്നു എന്നത് കണക്കാക്കാതെ പ്ലാന്റ് പ്രവർത്തിച്ച ദിവസങ്ങളിൽ മൂന്ന് ടണ്ണിന്റെ തുകയായ 2500x3=7500 രൂപ നിരക്കിലും 18% GSTയും കമ്പനിക്ക് നൽകുകയാണ് ചെയ്തിട്ടുള്ളത്. കമ്പനി നൽകുന്ന മസ്റ്റർ റോൾ പരിശോധനാ ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തുന്നില്ല.

ബി) ജൈവവളം നിർമ്മിക്കുന്നതിന്റെ കണക്കുകൾ സൂക്ഷിക്കുന്നില്ല.

എഗ്രിമെന്റിലെ ആറാം നമ്പർ നിബന്ധനപ്രകാരം പ്ലാന്റിന്റെ പ്രവർത്തനഫലമായി ഉൽപ്പാദിപ്പിക്കുന്ന ജൈവവളം നഗരസഭക്ക് അവകാശപ്പെട്ടതാണ്. നഗരസഭയുടെ ചെലവിൽ ലഭ്യമാക്കുന്ന പായ്ക്കറ്റിൽ ജൈവവളം പായ്ക്ക് ചെയ്ത് തരേണ്ട ചുമതല കമ്പനിക്കാണ്. 27/06/23 തീയതിയിൽ പ്ലാന്റിൽ 6000 കിലോയോളം ജൈവവളം നിർമ്മിച്ചത് സ്റ്റോക്കുണ്ടെന്നും 26/07/23 ന് 10 ടണ്ണോളം ജെവവളം പ്ലാന്റിലുണ്ടെന്നും 24/08/23 ന് 10000 കിലോയോളം ജൈവവളം പ്ലാന്റിലുണ്ടെന്നും നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഓരോ മാസവും ഇത് പോലെ ജൈവവളനിർമ്മാണം പ്ലാന്റിൽ നടക്കുന്നുണ്ട്. എന്നാൽ നിർമ്മിക്കപ്പെട്ട ജൈവവളം സ്റ്റോക്കിൽ എടുത്തതിന്റെ രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല. നിലവിൽ എഴുതി തയ്യാറാക്കിയ രജിസ്റ്ററിൽ പ്ലാന്റ് പ്രവർത്തിച്ച എല്ലാ ദിവസങ്ങളിലും നിർമ്മിക്കുന്ന വളത്തിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. രേഖപ്പെടുത്തലുകൾ സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. മുൻബാക്കിയുൾപ്പെടെ ആകെ എത്രവളം പ്ലാന്റിൽ ബാക്കിയുണ്ട് എന്നും രേഖപ്പെടുത്തുന്നില്ല. വിൽപ്പന രജിസ്റ്റർ പ്രകാരം 2024-25 വർഷം 37180 രൂപ വളം വിൽപ്പനയിലൂടെ നഗരസഭക്ക് ലഭിച്ചു. 27/03/24 മുതൽ ചെറിയ തോതിൽ ജൈവവളം വിൽപ്പന നടത്തുന്നു. നാളിതുവരെ നിർമ്മിച്ച വളത്തിൽനിന്ന് പേരിന് മാത്രമാണ് നഗരസഭക്ക് വരുമാനം ലഭിച്ചത്. കൽപ്പറ്റ നഗരസഭാ കൗൺസിലിന്റെ 30.06.2023 ലെ 4/1 കൗൺസിൽ തീരുമാനപ്രകാരം കിലോക്ക് 14 രൂപ നിരക്കിൽ ആർദ്ര എന്ന പേരിൽ വളം വിൽപ്പന നടത്തുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്.

23/01/26 ന് പ്ലാന്റിൽ നിർവഹണോദ്യോഗസ്ഥരോടൊപ്പം നടത്തിയ ഭൗതികപരിശോധനയിൽ , പ്ലാന്റിന്റെ വിവിധ

ഭാഗങ്ങളിലായി വളം കൂട്ടിയിട്ടിരിക്കുന്നത് കണ്ടു. നിർമ്മിക്കുന്ന വളം സംബന്ധിച്ച് യാതൊരു കണക്കും പ്ലാന്റിലും സൂക്ഷിക്കുന്നില്ല.






*നിർമ്മിച്ച വളം കൂട്ടിയിട്ടിരിക്കുന്നു*

06/03/23 മുതൽ ഓരോ ദിവസവും പ്ലാന്റിലേക്ക് കൈമാറിയ മാലിന്യത്തിന്റെ അളവ്,പ്ലാന്റ് പ്രവർത്തനം തുടങ്ങിയ തീയതി മുതൽ നിർമ്മിക്കപ്പെട്ട ജൈവവളത്തിന്റെ സ്റ്റോക്ക് ,വിൽപ്പന എന്നീ വിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കുന്നതിന് Enquiry Number : 7 /17-01-2026പ്രകാരം ആവശ്യപ്പെട്ടതിന് നൽകിയ മറുപടിയിൽ രേഖകൾ തയ്യാറാക്കുന്നതിന് ബന്ധപ്പെട്ട ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് നിർദ്ദേശം നൽകിയതായും രേഖകൾ ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. രേഖകളുടെ അഭാവത്തിൽ ഈ പദ്ധതിക്കായി ചെലവഴിച്ച 27,36,500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. കണക്കുകൾ കൃത്യമായി തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതും വിൽപ്പന ത്വരിതപ്പെടുത്തി വരുമാനവർദ്ധനവ് നേടേണ്ടതുമാണ്.തുടർനടപടികൾ സംബന്ധിച്ച വിശദ വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-47 കൽപ്പറ്റ നഗരസഭയുടെ ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളും കണക്കുസൂക്ഷിപ്പും

മാലിന്യ സംസ്കരണ രംഗത്ത് കേരളത്തിലെ മികച്ച നഗരസഭകളിൽ ഒന്നാണ് കൽപ്പറ്റ നഗരസഭ. മാലിന്യസംസ്കരണത്തിന് മാത്രമായി 8 ഏക്കർ സ്ഥലം കൽപ്പറ്റ നഗരസഭയ്ക്കുണ്ട്. സ്വച്ഛഭാരതം മിഷൻ അർബൻ മാലിന്യസംസ്കരണ രംഗത്ത് നടത്തുന്ന റാങ്കിങ്ങിൽ കേരളത്തിൽ രണ്ടാംസ്ഥാനം കൈവരിക്കാൻ നഗരസഭയ്ക്ക് സാധിച്ചിട്ടുള്ളതാണ്. സ്വച്ഛഭാരത് മിഷൻ (നഗരം) നടത്തുന്ന ഖര ദ്രവ മാലിന്യ സംസ്കരണത്തിന്റെ ദേശീയ റാങ്കിങ്ങിൽ സംസ്ഥാനത്ത് തന്നെ ആദ്യമായി ODF ++ പദവി കൽപ്പറ്റ നഗരസഭയ്ക്ക് ലഭിച്ചിട്ടുണ്ട്, കൂടാതെ ഈ റാങ്കിങ്ങിന്റെ ഏറ്റവും ഉയർന്ന പദവിയായ വാട്ടർ പ്ലസിന് കേരളത്തിൽനിന്ന് ഈ വർഷം അപേക്ഷിക്കാൻ അർഹത ലഭിച്ച ഏക നഗരസഭ കൽപ്പറ്റ നഗരസഭയാണ്. ജി എഫ് സി സ്റ്റാർ റേറ്റിംഗിൽ 5 സ്റ്റാർ റേറ്റിംഗിന് അപേക്ഷിക്കാൻ അർഹത നേടിയ ഏക നഗരസഭയും കൽപ്പറ്റയാണ്.

ഹരിത കർമ്മസേനയുടെ വിശദമായ പ്രവർത്തന മാർഗ്ഗരേഖ അംഗീകരിച്ചു കൊണ്ട് 12.08.2020ലെ സ.ഉ(സാധാ) നം. 1496/2020/തസ്വഭവ നമ്പരായി സർക്കാർ തുടർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഹരിത കർമ്മസേന രൂപീകരണം, ഹരിതസേനാംഗങ്ങളുടെ തെരഞ്ഞെടുപ്പ്, പരിശീലനം, മാലിന്യ ശേഖരണം, സംഘടനാ സംവിധാനം, സംരംഭ പ്രവർത്തനം, കൺസോർഷ്യം രൂപീകരണം, സാമ്പത്തിക സ്രോതസ്സ്, അക്കൗണ്ടുകൾ/യൂസർഫീ കൈകാര്യം ചെയ്യുന്ന രീതി, കോർപ്പസ് ഫണ്ട്, മറ്റു വരുമാന മാർഗ്ഗങ്ങൾ, ഓഫീസ് സംവിധാനം, കണക്കെഴുത്ത്, ഓഡിറ്റ്, തൊഴിൽ മാന്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ, പരാതി പരിഹാരം, ഹരിതകർമ്മസേനയുടെ പ്രവർത്തനത്തിൽ ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ ചുമതലകൾ എന്നിവയെക്കുറിച്ചെല്ലാം പ്രസ്തുത ഉത്തരവിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.

മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ കൽപ്പറ്റ നഗരസഭയിൽ രൂപീകരിക്കപ്പെട്ടിട്ടുള്ള ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങളെയും, നഗരസഭയിലെ അജൈവമാലിന്യ സംസ്കരണ സംവിധാനത്തെയും സംബന്ധിച്ച് 2024-25 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി പരിശോധിക്കുകയുണ്ടായി. പരിശോധനഫലമായുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

### ഹരിത കർമ്മസേനയുടെ പ്രവർത്തനം.

നിലവിൽ നഗരസഭയിലെ ഹരിതകർമ്മസേനാംഗങ്ങൾക്ക് 11,000/- മുതൽ 23,000/- രൂപ വരെ വേതനം ലഭ്യമാകുന്നുണ്ട്. അജൈവമാലിന്യങ്ങൾ തരംതിരിച്ച് റീസൈക്ലിങിനായി നൽകുന്നതിന്റെ തുക ഹരിതകർമ്മസേന കൺസോർഷ്യം അക്കൗണ്ടിൽ നിക്ഷേപിക്കുകയും ടി തുക ഓരോ ഗ്രൂപ്പിനും വേതനത്തോടൊപ്പം നൽകി വരുന്നുമുണ്ട്.

കൽപ്പറ്റ നഗരസഭയിൽ 2018 മെയ് 16 ന് സർക്കാർ ഉത്തരവ് (സാധാ) നം 2420/2017 ത സ്വ ഭ വ 15/07/2017/ അടിസ്ഥാനത്തിൽ ഹരിതകർമ്മസേന രൂപികരിച്ചിട്ടുണ്ട്.ഹരിത കർമ്മസേന കുടുംബശ്രീയുടെ കീഴിൽ 710/19 നമ്പർ പ്രകാരം കൺസോർഷ്യമായി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു. ഹരിതകർമ്മസേന 26/10/22 തീയതി വരെ ഒരു ഗ്രൂപ്പായി പ്രവർത്തിക്കുകയും ആയതിൽ നിന്ന് തെരഞ്ഞെടുത്ത കൺസോർഷ്യം അക്കൗണ്ടിൽ തുക നിക്ഷേപിച്ച് ആയതിൽ നിന്ന് വേതനം നൽകുന്ന രീതിയാണ് പിൻതുടർന്നിരുന്നത്. ഹരിതകർമ്മസേന കൺസോർഷ്യത്തിന്റെ 26/10/22 ലെ തീരുമാനപ്രകാരം ഹരിതകർമ്മസേനയെ അഞ്ച് ഗ്രൂപ്പുകളാക്കി വേർതിരിക്കുകയും ഓരോ ഗ്രൂപ്പിനും നാലുമുതൽ ഏഴ് വാർഡുകളുടെ ചുമതല നൽകുകയും ചെയ്തു.ഓരോ ഗ്രൂപ്പിന്റെയും ചാർജ്ജ് ഓരോ ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് നൽകിയതായും രേഖപ്പെടുത്തിയിട്ടുണ്ട്. ഓരോ ഗ്രൂപ്പും പ്രത്യേകം ബാങ്ക് അക്കൗണ്ടും ആരംഭിച്ചു.

നഗരസഭയിൽ നിലവിൽ 47 ഹരിതകർമ്മസേന അംഗങ്ങൾ പ്രവർത്തിച്ച് വരുന്നു. പ്രസ്തുത അംഗങ്ങൾ നഗരസഭയിലെ 28 വാർഡുകളിലെ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും അജൈവ മാലിന്യം ശേഖരിച്ച് വരുന്നു. മാസത്തിൽ ഒരു തവണ നഗരസഭകളിലെ വീടുകളിൽ നിന്നും ആഴ്ചയിൽ രണ്ട് തവണ കൽപ്പറ്റ ടൗണിൽ നിന്നും നഗരസഭ അച്ചടിച്ച് നൽകിയിട്ടുള്ള യൂസർ ഫീ കാർഡിൽ രെഖപ്പെടുത്തിയിരിക്കുന്ന പ്രകാരം മാലിന്യം ശേഖരിച്ച് വരുന്നു.

വാർഡുകളിൽ വീടുകളിൽ നിന്ന് അജൈവ മാലിന്യം ശേഖരിച്ച് സൂക്ഷിക്കുന്നതിനായി 50 മിനി എം സി എഫുകളും നഗരസഭാതലത്തിൽ ഒരു എം സി എഫും സ്ഥാപിച്ചിട്ടുള്ളതാണ്. ടൗണിൽ നിന്നുള്ള അജൈവ മാലിന്യം ഹരിതകർമസേന മുഖാന്തരം ശേഖരിക്കുന്നതിനു പുറമെ ജൈവ മാലിന്യങ്ങൾ നഗരസഭ കണ്ടിജൻറ് വിഭാഗം ജീവനക്കാരെ ഉപയോഗിച്ച് ദിവസേന ശേഖരണം നടത്തി നഗരസഭയുടെ വെള്ളാരംകുന്നിലുള്ള വിൻഡ്രോ കമ്പോസ്റ്റ് കേന്ദ്രത്തിൽ എത്തിച്ച് ജൈവവളം നിർമിച്ച് വരുന്നു. ഹരിതകർമ്മസേന വഴി ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ എം സി എഫിൽ എത്തിച്ച് തരംതിരിച്ചു ഗ്രീൻ വേംസ് എന്ന സ്ഥാപനത്തിന് റീസൈക്ലിങിനായി നൽകിവരുന്നു. പ്രതിമാസം ഏകദേശം 8000-9500kg വരെ റീസൈക്ലിങിനായി കയറ്റി അയക്കപ്പെടുന്നു.

നഗരസഭയിലെ കച്ചവട സ്ഥാപനങ്ങളിൽ നിന്നും 100 രൂപ നിരക്കിലും വീടുകളിൽ നിന്ന് 50 രൂപ നിരക്കിലുമാണ് യൂസർ ഫീ ഈടാക്കി വരുന്നത്. ഇത്തരത്തിൽ 2024-25 കാലഘട്ടത്തിൽ 48,35,292/- രൂപ ലഭിച്ചിട്ടുള്ളതാണ്. നഗരസഭയിൽ 47 ഹരിതകർമ്മസേന അംഗങ്ങളാണ് നിലവിൽ പ്രവർത്തിച്ച് വരുന്നത്.

ഹരിതകർമ്മസേനയുടെ കണക്കുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല

ഹരിതകർമ്മസേന കൺസോർഷ്യത്തിന്റെ 28/11/23 ലെ തീരുമാനപ്രകാരം സേനയുടെ വരവ് ചെലവു കണക്കുകൾ എഴുതിസൂക്ഷിക്കുന്നതിനും ഫീൽഡ് തലത്തിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഡ്രൈവിംഗ് / കമ്പ്യൂട്ടർ അറിയുന്ന ഒരാളെ നിയമിക്കാൻ തീരുമാനിച്ചിരുന്നു. ഗ്രൂപ്പുകൾക്ക് നൽകുന്ന രശീത് ബുക്കുകൾ ഗ്രൂപ്പിന്റെ ചാർജ്ജുള്ള ഹെൽത്ത് ഇൻസ്പെക്ടർമാരെക്കൊണ്ട് പരിശോധിപ്പിച്ച ശേഷമേ ബാങ്ക് അക്കൗണ്ടിൽ അടപ്പിക്കാവൂ എന്ന് 29/12/23 ൽ തീരുമാനമെടുത്തിരുന്നു. എന്നാൽ ഈ തീരുമാനങ്ങൾ ഒന്നും നടപ്പായിട്ടില്ല. ഓഡിറ്റിന് ഹാജരാക്കിയ രശീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്ററുകൾ ഉത്തരവാദപ്പെട്ട ഉദ്യാഗസ്ഥർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഫീൽഡ് പരിശോധനക്ക് നൽകുന്ന രശീത് ബുക്കുകൾ ക്രമനമ്പറുകളുടെ അടിസ്ഥാനത്തിലല്ല നൽകുന്നത് എത്ര രശീത് ബുക്കുകൾ ബാക്കിയുണ്ട് എന്ന് പരിശോധിക്കാൻ കഴിയുന്ന രീതിയിൽ നീക്കിബാക്കി വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.

ഗ്രൂപ്പുകൾ പിരിക്കുന്ന തുകയുടെ കൃത്യത പരിശോധിക്കാതെയാണ് തുക ബാങ്ക് അക്കൗണ്ടിൽ അടക്കുന്നത്. ഓരോ ദിവസവും ഗ്രൂപ്പുകൾ പിരിക്കുന്ന തുകയുടെ വിവരം രേഖപ്പെടുത്തി സൂക്ഷിക്കാത്തതിനാൽ ഗ്രൂപ്പുകളുടെ കളക്ഷൻ തുക പൂർണ്ണമായും അക്കൗണ്ടിൽ അടച്ചു എന്നുറപ്പുവരുത്താനായിട്ടില്ല. രശീത് ബുക്കുകൾ ഡബിൾ സൈഡ് കാർബൺഉപയോഗിച്ച് രേഖപ്പെടുത്തിയിട്ടുമില്ല. നിലവിൽ ഈ അഞ്ച് ഗ്രൂപ്പുകളും യോജിപ്പിച്ച് 01/08/25 മുതൽ ഒരു അക്കൗണ്ടിലാണ് തുകകൾ അടക്കുന്നത് എന്നാണ് അറിയിച്ചത്.

ഓഡിറ്റിന് ലഭ്യമാക്കിയ കണക്കുകൾ പ്രകാരമുള്ള വരവ് ചെലവുകളുടെ വിവരം ചുവടെ ചേർക്കുന്നു.

2024-25

| ഗ്രൂപ്പിന്റെ പേര് | വീടുകളുടെ എണ്ണം | സ്ഥാപനങ്ങളുടെ എണ്ണം | യൂസർ ഫീ | റീസൈക്കിൾസ് വിറ്റ തുക | കൂലിയിനത്തിൽ ചെലവഴിച്ച തുക | കൺസോർഷ്യത്തിൽ നിക്ഷേപിച്ച തുക |
|---|---|---|---|---|---|---|
| ശബരി | 1730 | 12 | 1533051 | 162999 | 1460191 | 139132 |
| ഫൈവ് സ്റ്റാർ | 2221 | 287 | | | | |
| കതിർ | 1645 | 407 | 1752050 | 152052 | 1428549 | 183102 |
| വെളിച്ചം | 1491 | 250 | 1174879 | 120189 | 1170410 | 108894 |
| റെയിൻബോ | 1671 | 294 | | | | |
| | | | | | | |

ഓഡിറ്റിന് ഹാജരാക്കിയ വിവരങ്ങളാണ് മുകളിൽ ചേർത്തത്. ഈ വിവരങ്ങൾ പരിശോധിക്കുന്നതിനുള്ള യാതൊരു രേഖകളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. കൂടാതെ ഈ കണക്കുകളിൽ പൊരുത്തക്കേടുകളുമുണ്ട്. ആയത് വിശദീകരിക്കേണ്ടതാണ്.

ഗ്രൂപ്പുകളുടെ അക്കൗണ്ട് വിവരങ്ങൾ ഇപ്രകാരമാണ്.

| ഗ്രൂപ്പ് | അക്കൗണ്ട് | 01/04/24 ലെ മുൻബാക്കി | 31/03/25 ലെ നീക്കിബാക്കി | ആകെ വരവ് | ആകെ ചെലവ് |
|---|---|---|---|---|---|
| ശബരി | 40205101069462 KGB Kalpetta | 165790 | 112161 | 4027137 | 4027142 |
| ഫൈവ് സ്റ്റാർ | 40205101074835 KGB Kalpetta | 149959 | 1108 | 3283510 | 3283958 |
| കതിർ | 7329814600 Indian Bank | 176893 | 128387 | 1934142 | 1885637 |
| വെളിച്ചം | 40205101069532 KGB Kalpetta | 135670 | 42517 | 3369097 | 3385063 |
| റെയിൻബോ | 40205101069587 KGB Kalpetta | 151985 | 139215 | 3868164 | 3869172 |
| കൺസോർഷ്യം | 40205101039133 KGB Kalpetta | 129001 | 781847 | 1092446 | 1745393 |

അക്കൗണ്ടുകളിൽ അടക്കുന്ന തുകകളുടെയും പിൻവലിക്കുന്ന തുകകളുടെയും വിവരങ്ങൾ എവിടെയും രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.ആയതിനാൽതന്നെ അക്കൗണ്ടിലെ തുകകളുടെ കൃത്യത പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല. ഓഡിറ്റിന് ഹാജരാക്കിയ മേൽ വിവരങ്ങൾ പൊരുത്തപ്പെടുന്നുമില്ല. പിരിച്ചെടുത്ത തുകയിൽ ചെലവ് കഴിച്ച് ബാക്കി തുക അടക്കുന്ന രീതിയാണ് പിൻതുടർന്നിരുന്നത് എന്നാണ് അറിയിച്ചത്. മേൽ നടപടി ശരിയല്ല. പിരിക്കുന്ന മുഴുവൻ തുകയും ബാങ്ക് അക്കൗണ്ടിൽ അടച്ച് ആയതിൽ നിന്നും കൺസോർഷ്യം അംഗീകാരത്തോടെ ചെലവുകൾ ചെയ്യുകയാണ് വേണ്ടത്. ഓരോ ഗ്രൂപ്പിന്റെയും വരവ് ചെലവ് വിവരങ്ങൾ പരിശോധിച്ച് കൃത്യത ഉറപ്പുവരുത്താത്തതിന് ചാർജ്ജുണ്ടായിരുന്ന ഉദ്യോഗസ്ഥരുടെ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ഓരോ അക്കൗണ്ടുകളിൽ അടച്ച തുകകളുടെയും പിൻവലിച്ച തുകകളുടെയും കൃത്യത ഉറപ്പാക്കി കണക്കുകൾ എഴുതി തയ്യാറാക്കി ഹാജരാക്കേണ്ടതാണ്.

മറ്റ് വിവരങ്ങൾ

നഗരസഭയിലെ ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽ നിന്ന് ശേഖരിക്കുന്ന ജൈവമാലിന്യങ്ങൾ നഗരസഭയിലെ വിൻട്രോ കമ്പോസ്റ്റിൽ എത്തിച്ച് ജൈവവളമാക്കി മാറ്റി ആർദ്ര എന്ന പേരിൽ നഗരസഭ ആരോഗ്യ വിഭാഗം മുഖാന്തിരം വിപണനം നടത്തി വരുന്നു. കിലോയ്ക്ക് 5 രൂപ നിരക്കിലാണ് വിപണനം നടത്തുന്നത്. 2024 മാർച്ച് മാസത്തിലാണ് ജൈവവളത്തിന്റെ വിപണനം ആരംഭിച്ചിട്ടുള്ളത്. 2024-25 വർഷം ജൈവവളം വിപണനം നടത്തിയ വകയിൽ 37180/- രൂപ ലഭ്യമായിട്ടുള്ളതാണ്.ജൈവമാലിന്യങ്ങൾ ശേഖരിക്കുന്നതിന് യൂസർ ഫീ നിശ്ചയിക്കുന്നതിലൂടെ ഹരിതകർമ്മസേനയുടെ വരുമാനം വർദ്ധിപ്പിക്കാൻ സാധിക്കും. പ്ലാന്റിൽ കെട്ടിക്കിടക്കുന്ന ജൈവവളത്തിന് വിപണി കണ്ടെത്തേണ്ടതും അത്യാവശ്യമാണ്.

നഗരസഭയിൽ വെള്ളാരംകുന്ന് ബയോ പാർക്കിൽ ഒരു MCF/RRF പ്രവർത്തിച്ചു വരുന്നു. ടി യൂണിറ്റിൽ ഒരു ബെയ്‌ലിങ് യൂണിറ്റും കൺവെയർ ബെൽറ്റും സ്ഥാപിച്ചിട്ടുള്ളതാണ്. ഷ്രഡ്ഡിങ് യൂണിറ്റ് നിലവിൽ ഇല്ലാത്തതാണ്. നഗരസഭയുടെ ഉടമസ്ഥതയിൽ വെള്ളാരംകുന്നിൽ 8 ഏക്കർ സ്ഥലവും ടി സ്ഥലത്ത് മാലിന്യ സംസ്കരണത്തിനായി നഗരസഭയുടെ FSTP, MCF/RRF, വിൻട്രോ കമ്പോസ്റ്റിംഗ് യൂണിറ്റ് എന്നിവ പ്രവർത്തിച്ചു വരുന്നു.

നഗരസഭയുടെ മാലിന്യ സംസ്കരണ ഏജൻസിയായി പ്രവർത്തിച്ചുവരുന്നത് ഗ്രീൻ വേർമ്സ് ഇക്കോ സൊല്യൂഷൻസ് എന്ന ഏജൻസിയാണ്. ടി ഏജൻസി കൃത്യമായ ഇടവേളകളിൽ എംസിഎഫിൽ നിന്ന് മാലിന്യം നീക്കം ചെയ്തുവരുന്നു. മാലിന്യസംസ്കരണ രംഗത്ത് കൽപ്പറ്റ നഗരസഭ ഏറെ മുന്നോട്ടു പോയിട്ടുണ്ടെങ്കിലും പൂർണ്ണത കൈവരിക്കാൻ സാധിച്ചിട്ടില്ല.

ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കയ്യൊഴിയുകയും ചെയ്യുക എന്നുള്ളത് 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 166(1) വകുപ്പ് പ്രകാരമുള്ള മൂന്നാം പട്ടികയിലെ ക്രമ നം. 6 അനുസരിച്ച് നഗരസഭയുടെ അനിവാര്യ

ച്ചുമതലയാണ്. സുസ്ഥിരമായ മാലിന്യ സംസ്കരണ സംവിധാനം ഒരുക്കുന്നതിനും, ഹരിത കർമ്മസേനയെ ശാക്തീകരിക്കുന്നതിനും സ്വയംപര്യാപ്തമാക്കുന്നതിനുമാവശ്യമായ നടപടികൾ കൽപ്പറ്റ നഗരസഭ സ്വീകരിക്കുന്നുണ്ട് എന്നത് ശ്രദ്ധേയമാണെങ്കിലും ഈ രംഗത്തെ ശക്തിപ്പെടുത്തുന്നതിന് കൂടുതൽ നടപടികൾ ആവശ്യമാണ്.

സ.ഉ.(സാധാ) നം.1 496/2020/1 496/2020/ത.സ്വ.ഭ.വ തീയതി, 12/08/2020 പ്രകാരം കണക്ക് എഴുതിസൂക്ഷിക്കേണ്ടതും ആയതിനുള്ള സംവിധാനങ്ങളും ഹരിതകർമ്മസേനാ കൺസോർഷ്യത്തിൽ ഉണ്ടായിരിക്കേണ്ടതാണ്. കൃത്യമായ കണക്ക് രേഖപ്പെടുത്തൽ സംവിധാനം ഉണ്ടാകേണ്ടതും മോണിട്ടറിംഗ് സംവിധാനം ശക്തിപ്പെടുത്തേണ്ടതുമാണ്.

## 1-48 ഫെസ്റ്റിവൽ അഡ്വാൻസ് തിരികെ ലഭ്യമായില്ല.

അഡ്വാൻസ് രജിസ്റ്റർ പ്രകാരം ഫെസ്റ്റിവൽ അഡ്വാൻസിനത്തിൽ ചുവടെ കൊടുക്കുന്ന തരത്തിൽ തുക ക്രമീകരിക്കാൻ അവശേഷിക്കുന്നുണ്ട്.

| ക്രമ നം | വർഷം | ജീവനക്കാരന്റെ പേര് | തുക |
|---|---|---|---|
| 1 | 2023-24 | സന്തോഷ് കെ | 20000 |
| | | രമ്യ രാഘവൻ | 16000 |
| 2 | 2024 -25 | സോമൻ കെ ആർ | 6000 |
| | | ശോഭന കെ | 16000 |

തുക തിരികെ ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (25/22.01.2026) ജീവനക്കാർ സേവനമനുഷ്ഠിക്കുന്ന സ്ഥാപനങ്ങളിലേക്ക് കത്ത് അയച്ചിട്ടുണ്ടെന്നും തുക ലഭ്യമാകുന്ന മുറയ്ക്ക് അറിയിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. മേൽ തുകകൾ സമയബന്ധിതമായി ക്രമീകരിച്ചിട്ടില്ലായെങ്കിൽ 04.10.2011ലെ ജി.ഒ(പി)419/2011/ധന പ്രകാരം മുൻകൂർ നൽകിയ തുകകൾ സമയബന്ധിതമായി ക്രമീകരിക്കാത്തവരിൽ നിന്നും മുഴുവൻ അഡ്വാൻസ് തുകയും 18% നിരക്കിൽ പലിശ സഹിതം ഒറ്റത്തവണയായി ഈടാക്കേണ്ടതാണ്. മുൻകൂർ വാങ്ങിയ തുകയുടെ ചെലവ് രേഖകൾ ഹാജരാക്കി തുക ക്രമീകരിക്കേണ്ടതും ക്രമീകരിക്കാത്ത മുൻകൂർ 18% പലിശ സഹിതം തിരികെ ഈടാക്കേണ്ടതുമാണ്. നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-49 ഹെൽത്ത് ഗ്രാന്റ് അവലോകനം

തദ്ദേശസ്ഥാപനങ്ങളിലെ പ്രാഥമികാരോഗ്യ പരിരക്ഷാസൗകര്യങ്ങൾ മെച്ചപ്പെടുത്താൻ 2021- 22 മുതൽ 2025-26 വരെയുള്ള 5 വർഷക്കാലത്തേക്ക് പതിനഞ്ചാം ധനകാര്യ കമ്മീഷൻ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് ആരോഗ്യ മേഖല ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. 2021-22 വർഷത്തെ ആരോഗ്യ ഗ്രാന്റ് വിനിയോഗത്തിനായി സ.ഉ. (സാധാ) നം. 2132/2022/തസ്വഭവ തീ. 31.8.2022 പ്രകാരവും 2022-23 ലെ ഗ്രാന്റ് വിനിയോഗത്തിനായി സ.ഉ.(സാധാ)നം. 2156/2022/ തസ്വഭവ തി 1.9.22, സ.ഉ (സാധാ) നം. 1625/2023/തസ്വഭവ തീ 9-8-2023 എന്നിവ പ്രകാരവും മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ സർക്കുലർ നമ്പർ എഫ്.എം.3/138/2023/തസ്വഭവ തീ. 23.5.2023 പ്രകാരം അവാർഡ് കാലയളവിൽ (2021-26) ലഭിക്കുന്ന ഹെൽത്ത് ഗ്രാന്റിന്റെ സുഗമമായ നിർവഹണത്തിനുള്ള നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. 6 സ്കീമുകളിലായി തുക ചെലവഴിക്കുന്നതിനാണ് ആരോഗ്യ ഗ്രാന്റ് വിനിയോഗ മാർഗ്ഗരേഖ പ്രകാരം തുക അനുവദിച്ചിട്ടുള്ളത്. സ്കീം 5, 6 എന്നിവയാണ് നഗരസഭാസ്ഥാപനങ്ങൾക്ക് ബാധകം.

കൽപ്പറ്റ നഗരസഭയിലെ ആരോഗ്യമേഖലാ ഗ്രാന്റ് - വിനിയോഗ വിവരങ്ങൾ.

2021-26 അവാർഡ് കാലയളവിൽ നഗരസഭയിൽ ആരോഗ്യ മേഖലാ ഗ്രാന്റ് ഇനത്തിൽ ലഭിച്ചതും ചെലവഴിച്ചതുമായ തുകയുടെ വിവരം താഴെ ചേർക്കുന്നു

സ്കീം 6

| ക്രമ നമ്പർ | വർഷം | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | ലഭിച്ച തുക | വിനിയോഗിച്ച തുക | നീക്കിയിരിപ്പ് | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | 2020-21 | 604 | അർബൻ ഹെൽത്ത് വെൽനസ്സ് സെന്ററുകളുടെ പ്രവർത്തനം | 3600000 | 3260108 | 339892 | സാലറി നൽകുന്നതിനാണ് ഈ തുക ചെലവഴിച്ചത്. |
| 2 | | 601 | ടെലിമെഡിസിൻ | 1200000 | 1200000 | 0 | ഈ തുകയും സാലറി നൽകുന്നതിനാണ് ചെലവഴിച്ചിട്ടുള്ളത്. |

| | | | | | | | |
|---|---|---|---|---|---|---|---|
| 3 | | 515 | അർബൻ പ്രൈമറി ഹെൽത്ത് സെന്ററിൽ പോളിക്ലിനിക് | 1000000 | 1000000 | 0 | തുക യു.പി.എച്ച്.സി. മുണ്ടേരിയുടെ പ്രവർത്തനങ്ങ ൾക്കായി എച്ച്.എം.സി അക്കൗണ്ടിലേക്ക് നൽകി.(കാനറാ ബാങ്ക് കൽപ്പറ്റ അക്കൗണ്ട് നമ്പർ-0137101063905) |
| 4 | | 605 | ഹെൽത്ത് ആൻഡ് വെൽനസ്സ് കേന്ദ്രങ്ങൾക്ക് ഫർണ്ണിച്ചർ അനുബന്ധസാധനങ്ങൾ വാങ്ങലും വാടക നൽകലും | 5000000 | 3744995 | 1255005 | വാടക ,വെൽനസ്സ് സെന്ററുകളുടെ അറ്റകുറ്റപ്പണി, ഉപകരണങ്ങൾ വാങ്ങുക എന്നിവക്ക് 3744995 രൂപ ചെലവഴിച്ചു. ബാക്കി തുക ചെലവഴിച്ചുവരുന്നു. |
| 5 | | 521 | അർബൻ ഹെൽത്ത് ആൻഡ് വെൽനെസ്സ് കേന്ദ്രങ്ങളുടെ അറ്റകുറ്റ പ്രവൃത്തിയും അനുബന്ധ പ്രവൃത്തിയും | 2213854 | 0 | 2213854 | തുക വകയിരുത്തി പദ്ധതി നടപ്പാക്കി വരുന്നു |
| 6 | | 543 | അർബൻ ഹെൽത്ത് ആൻഡ് വെൽനെസ്സ് കേന്ദ്രങ്ങൾക്ക് അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കൽ-തുക അനുവദിക്കൽ | 286146 | 286146 | 0 | തുക ചെലവഴിച്ചു |
| 7 | 2021-22 | 627 | പാലിയേറ്റീവ് പരിചരണപ്രവർത്തനങ്ങൾ സാർവത്രികമാക്കൽ | 2400000 | 2400000 | 0 | തുക കൈനാട്ടി ഗവ.ഹോസ്പിറ്റൽ എച്ച് എം.സിയുടെ അക്കൗണ്ടിലേക്ക് നൽകി. |
| 8 | | 628 | വായിലെ അർബുദം.സ്തനാർബുദം ഗർഭാശയ അർബുദം നേരത്തെ കണ്ടുപിടിക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനുമുള്ള സമഗ്രമായ പരിപാടിക്കുള്ള ഗ്രാന്റ് | 205000 | 205000 | 0 | തുക എൻ എച്ച് എം അക്കൗണ്ടിലേക്ക് നൽകി |
| 9 | | 512 | പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളുടെ ആവർത്തനച്ചെലവ് | 289000 | 289000 | 0 | തുക യു.പി.എച്ച്.സി. മുണ്ടേരിയുടെ പ്രവർത്തനങ്ങൾക്കായി എച്ച്.എം.സി അക്കൗണ്ടിലേക്ക് നൽകി.(കാനറാ ബാങ്ക് കൽപ്പറ്റ അക്കൗണ്ട് നമ്പർ-0137101063905) |
| 10 | | 518 | കൽപ്പറ്റ ഗവൺമെന്റ് ഹോസ്പിറ്റലിലെ പോളി ഡെന്റൽ ക്ലിനിക്കിലേക്ക് അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ | 6000000 | 6000000 | 0 | തുക കൈനാട്ടി ഗവ.ഹോസ്പിറ്റൽ എച്ച് എം.സിയുടെ അക്കൗണ്ടിലേക്ക് നൽകി. |

| | | | | | | | |
|---|---|---|---|---|---|---|---|
| 11 | | 517 | പബ്ലിക് ഹെൽത്ത് യൂണിറ്റുകൾ സ്ഥാപിക്കുന്ന കെട്ടിടങ്ങളിലേക്ക് ഫർണിച്ചർ അനുബന്ധസാധനസാമഗ്രികൾ വാങ്ങൽ | 8095000 | 8095000 | 0 | തുക എൻ എച്ച് എം അക്കൗണ്ടിലേക്ക് നൽകി |
| 12 | 2022-23 | 658 | ആരോഗ്യസ്ഥാപനങ്ങളുടെ പ്രവർത്തനച്ചെലവുകൾ | 2900000 | 108000 | 2792000 | പദ്ധതി നടപ്പാക്കി വരുന്നു. |
| 13 | | 659 | ഹെൽത്ത് & വെൽനസ്സ് ഫീൽഡ് തല പ്രവർത്തനങ്ങൾ | 537000 | 0 | 537000 | പദ്ധതി നടപ്പാക്കി വരുന്നു. |
| 14 | | 668 | ആരോഗ്യ ഉപകേന്ദ്രങ്ങളിലെ പ്രവർത്തന ചെലവുകൾ | 150000 | 0 | 150000 | പദ്ധതി നടപ്പാക്കി വരുന്നു. |
| 15 | 2023-24 | 612 | വെൽനസ്സ് സെന്ററിലെ പ്രവർത്തനങ്ങൾ | 1500000 | 85950 | 1414050 | പദ്ധതി നടപ്പാക്കി വരുന്നു. |
| 16 | | 614 | ജനകീയ ആരോഗ്യ ഉപകേന്ദ്രങ്ങളിലെ പ്രവർത്തന ചെലവുകൾ | 144000 | 0 | 144000 | പദ്ധതി നടപ്പാക്കി വരുന്നു. |

സ്കീം 5

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | 2022-23 | 509 | അർബൻ പ്രൈമറി ഹെൽത്ത് സെന്റർ മുണ്ടേരിയിലേക്ക് ലബോറട്ടറി സൗകരിയം മെച്ചപ്പെടുത്തുന്നതിന് ഉപകരണങ്ങൾ വാങ്ങുന്നതിനും മറ്റ് അനുബന്ധപ്രവർത്തനങ്ങൾക്കും | 400000 | 400000 | 0 | തുക യു.പി.എച്ച്.സി.മുണ്ടേരിയുടെ എച്ച് എം.സി.അക്കൗണ്ടിലേക്ക് നൽകി |
| 2 | | 513 | ആരോഗ്യഉപകേന്ദ്രങ്ങളിലേക്ക് രോഗനിർണ്ണയസൈകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഉപകരണങ്ങൾ ,പരിശോധനാകിറ്റ് വാങ്ങുന്നതിനും മറ്റ് അനുബന്ധ പ്രവർത്തനങ്ങളും | 141000 | 141000 | 0 | പൂർത്തീകരിച്ച |
| 3 | | 514 | ജനറൽ ആശുപത്രിയിലേക്ക് രോഗനിർണ്ണയസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഉപകരണങ്ങൾ വാങ്ങുന്നതിനും മറ്റ് അനുബന്ധപ്രവർത്തനങ്ങൾക്കും | 29557 | 29557 | 0 | പൂർത്തീകരിച്ച |
| 3 | | 613 | ആരോഗ്യ ഉപകേന്ദ്രങ്ങളിലേക്ക് രോഗനിർണ്ണയസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഉപകരണങ്ങൾ , പരിശോധനകിറ്റ് വാങ്ങുന്നതിനും മറ്റ് അനുബന്ധപ്രവർത്തനങ്ങളും | 216000 | 0 | 216000 | പ്രവർത്തി നടന്നുവരുന്നു |

ഹെൽത്ത് ഗ്രാന്റ് തുകകളുടെ വിനിയോഗ വിവരം അറിയിക്കുന്നതിന് ഓഡിറ്റ് എൻക്വയറി നമ്പർ 51/28.01.2026 പ്രകാരം ആവശ്യപ്പെട്ടതിന് ലഭ്യമായ വിവരങ്ങളാണ് മുകളിൽ ചേർത്തത്. എൻ എച്ച്.എം അക്കൗണ്ടിലേക്കും എച്ച് .എം.സി.അക്കൗണ്ടിലേക്കും നൽകിയ തുകകൾ യഥാസമയം വിനിയോഗിക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-50 തൊഴിൽ നികുതി രജിസ്റ്ററുകൾ ഹാജരാക്കായിട്ടില്ല

1994ലെ കേരള മുൻസിപ്പാലിറ്റി ആക്റ്റ് 257, 2005ലെ കേരള മുൻസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം10 എന്നിവ പ്രകാരം ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ച കൊണ്ട് വാർഡ് തിരിച്ചുള്ള ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. ഡിമാന്റ് കളക്ഷൻ രജിസ്റ്റർ എഴുതേണ്ടതും, വർഷാന്ത്യ സംക്ഷിപ്തം കൃത്യമായി രേഖപ്പെടുത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ആധികാരികമാക്കേണ്ടതുമാണ്.

എന്നാൽ കൽപ്പറ്റ നഗരസഭയിലെ 2024-25 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, കളക്ഷൻ രജിസ്റ്റർ, വർഷാന്ത്യ സംക്ഷിപ്തം എന്നിവയൊന്നും ലഭ്യമാക്കാത്തതിനാൽ തൊഴിൽ നികുതി സംബന്ധിച്ച വരവ് ചെലവ് ഓഡിറ്റ് ചെയ്യാൻ സാധിച്ചിട്ടില്ല. രജിസ്റ്ററുകൾ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ ഡിമാന്റ്-കളക്ഷൻ-ബാലൻസ് വിവരങ്ങളുടെ കൃത്യത പരിശോധിച്ച് ഉറപ്പ് വരുത്താൻ കഴിഞ്ഞിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (44/24.01.26,45/27.01.26) മറുപടി ലഭ്യമാക്കിയിട്ടില്ല. നഗരസഭയുടെ പ്രധാന വരുമാന സ്രോതസിലൊന്നായ തൊഴിൽ നികുതിയുടെ രജിസ്റ്ററുകൾ സൂക്ഷിക്കാത്തത് ഗുരുതരമായ ചട്ടലംഘനമാണ്.

തൊഴിൽ നികുതി സംബന്ധിച്ച വാർഡ് തിരിച്ചുള്ള ഡിമാന്റ് രജിസ്റ്റർ, കളക്ഷൻ രജിസ്റ്റർ, സെക്രട്ടറിയുടെ സാക്ഷ്യപത്രത്തോടുകൂടിയുള്ള വർഷാന്ത്യ സംക്ഷിപ്തം, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നീ രജിസ്റ്ററുകൾ പൂർത്തിയാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-51 വസ്തു നികുതി-വേക്കൻസി റെമിഷൻ - രേഖകളും രജിസ്റ്ററുകളും സൂക്ഷിച്ചിട്ടില്ല.

ഇൻകം & എക്സിപെന്റീച്ചർ അക്കൗണ്ടിൽ 1109001- Tax Remission & Refund - Property Tax(General) എന്ന ഹെഡിൽ ജേണൽ നടത്തിയതിനാധാരമായ IKM റിപ്പോർട്ട് പരിശോധിച്ചതിൽ ചുവടെ കൊടുക്കുന്ന വിവരങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്.

| | ഇൻകം & എക്സിപെന്റീച്ചർ അക്കൗണ്ട് | | ലെഡ്ജർ പ്രകാരമുള്ള തുക | | |
|---|---|---|---|---|---|
| ക്രമ നം | ഹെഡ് കോഡ് | തുക | ജേണൽ നമ്പർ | തുക | റിമാർക്സ് |
| 1 | 1109001- Tax Remission & Refund - Property Tax(General) | -20982274 | J-M120100-25000544 - 311.3.2025 Receivables For Property Taxes (Arrears) | -15669637 | Vacancy Remission , Stay And Excemption Amount Of Arrear As Per IKM KSMART Report |
| | | | J-M120100-25000541 - 31.03.2025 Rent Receivable From Buildings (Current) | -5312637 | Vacancy Remission , Stay And Excemption Amount Of Arrear As Per IKM KSMART Report |
| 2 | 1109002 - Tax Remission & Refund - Service Cess | -2098228 | J-M120100-25000554- 31.03.2025 Receivables For Service Cess (Current) | -531264 | REMISSION , EXCEMPTION AND STAY AMOUNT AS PER IKM KSMART DCB REPORT |
| | | | J-M120100-25000556 - Receivables For Service Cess (Arrears) | -1566964 | REMISSION , EXCEMPTION AND STAY AMOUNT AS PER IKM KSMART DCB REPORT |
| | TOTAL | -23080502 | | | |

ഇത്തരത്തിൽ ജേണൽ ചെയ്യുന്നതിനാധാരമായ രേഖകൾ ജേണൽ ചെയ്ത തുകകളുടെ വിശദാംശങ്ങൾ, കെട്ടിടങ്ങളുടെ വിവരങ്ങൾ എന്നിവ ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (9/19.01.2026) നൽകിയ മറുപടിയിൽ ഐ.കെ.എം ലഭ്യമാക്കിയ ഡി.സി.ബി പത്രിക പ്രകാരമാണ് വാർഷിക കണക്ക് തയ്യാറാക്കിയത് എന്ന് അറിയിച്ചിട്ടുണ്ട്. വസ്തുനികുതി, വേക്കൻസി റെമിഷൻ, പ്രോസിക്യൂഷൻ, സ്റ്റേ, കൗൺസിൽ ഡിസിഷൻ തുടങ്ങിയവ വഴി നികുതി ഒഴിവാക്കപ്പെട്ടവയുടെ കണക്കുകളുടെ തരം തിരിച്ചുള്ള തുക IKM ലഭ്യമാക്കുകയും, വേക്കൻസി റെമിഷൻ, പ്രോസിക്യൂഷൻ, സ്റ്റേ, കൗൺസിൽ ഡിസിഷൻ തുടങ്ങിയവയിലെ ആകെ തുകയാണ് മേൽ പട്ടികയിൽ സൂചിപ്പിച്ച തരത്തിൽ ജേണൽ ചെയ്തതെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ കെ സ്മാർട്ട് പ്രകാരമുള്ള വസ്തുനികുതിയുടെ ഡി.സി.ബി പത്രികയിൽ മേൽ പറഞ്ഞ വിവരങ്ങൾ ചേർത്തിട്ടില്ല. ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയോടൊപ്പം ലഭ്യമാക്കിയ മേൽ പറഞ്ഞ പട്ടികയിൽ പറഞ്ഞ തുകകളുടെ ഇനംതിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഹെഡ് ഓഫ് അക്കൗണ്ട് | ഇനം | കുടിശ്ശിക | തൻവർഷ ഡിമാന്റ് | തുക | ആകെ |
|---|---|---|---|---|---|
| 1109001- Tax Remission & Refund - Property Tax(General) | വേക്കൻസി റെമിഷൻ(a) | 109736 | 1785398 | 1895134 | 20982274 |
| | പ്രോസിക്യൂഷൻ ,സ്റ്റേ, കൗൺസിൽ ഡിസിഷൻ(b) | 15157571 | 2074910 | 17232481 | |

| | | | | | |
|---|---|---|---|---|---|
| | നികുതി ഒഴിവാക്കപ്പെട്ടവ | 402330 | 1452329 | 1854659 | |
| 1109002 - Tax Remission & Refund - Service Cess | വേക്കൻസി റെമിഷൻ | 10974 | 178540 | 189514 | 2098228 |
| | പ്രോസിക്യൂഷൻ ,സ്റ്റേ, കൗൺസിൽ ഡിസിഷൻ | 1515757 | 207491 | 1723248 | |
| | നികുതി ഒഴിവാക്കപ്പെട്ടവ | 40233 | 145233 | 185466 | |
| | | | | | 23080502 |

മേൽ തുക ഇൻകം & എക്സ്പെൻഡീച്ചർ അക്കൗണ്ടിൽ 1109001- Tax Remission & Refund - Property Tax(General) എന്ന ഹെഡിൽ നിന്നും ഒഴിവാക്കിയതിന് ആധാരമായ വേക്കൻസി റെമിഷനുള്ള അപേക്ഷകൾ, ഒരോ കെട്ടിടങ്ങളുടെയും വിശദാംശങ്ങൾ, വസ്തു നികുതിയുടെ വിശദാംശങ്ങൾ എന്നിവ സംബന്ധിച്ച രേഖകൾ, രജിസ്റ്ററുകൾ മുതലായവ ഹാജരാക്കയിട്ടില്ല (കെ സ്മാർട്ടിൽ ലഭ്യമല്ല). ആയതിനാൽ മറുപടിയിൽ പരാമർശിച്ച വിവരങ്ങൾക്ക് ആധികാരികതയില്ല. കൂടാതെ മേൽ പറഞ്ഞ പ്രകാരം 15669637/- രൂപ കുടിശ്ശകയിനത്തിലുള്ള തുകയാണെങ്കിൽ ആയത് കുടിശ്ശിക ഡിമാന്റിൽ നിന്ന് കുറവ് വരുത്തതിന് പകരം തൻവർഷ ഡിമാന്റിൽ നിന്നും കുറവ് വരുത്തി ഒഴിവാക്കിയതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. തൻവർഷ വസ്തു നികുതി ഡിമാന്റിൽ നിന്നും Tax Remission & Refund - Property Tax(General) എന്ന ഹെഡ് ഓഫ് അക്കൗണ്ട് പ്രകാരം 23080502/- രൂപ ഒഴിവാക്കിയ നടപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല.

വാർഷിക കണക്കിൽ വിവരങ്ങൾ ഉൾപ്പെടുത്തുന്നതിനു മുൻപ് ആയതിന്റെ ആധികാരികത പരിശോധിച്ച് ഉറപ്പ് വരുത്തേണ്ട ചുമതല ബന്ധപ്പെട്ട സെക്ഷൻ ക്ലർക്കിനും, അക്കൗണ്ടന്റിനും, സെക്രട്ടറിക്കുമുണ്ട്. ഇത്രയും ഭീമമായ നികുതി തുക മതിയായ രേഖകളും വിവരങ്ങളും സൂക്ഷിക്കാതെ നഗരസഭയ്ക്ക് ലഭിക്കാനുള്ള തുകയിൽ ഒഴിവാക്കിയ നടപടി അംഗീകരിക്കാനാവില്ല.

വേക്കൻസി റെമിഷൻ, പ്രോസിക്യൂഷൻ, സ്റ്റേ, നികുതി ഒഴിവാക്കപ്പെട്ടവ എന്നിവ സംബന്ധിച്ച മുഴുവൻ രേഖകളും കെട്ടിടങ്ങൾക്ക് വേക്കൻസി റെമിഷൻ അനുവദിച്ചത് സംബന്ധിച്ച ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും തീരുമാനവും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. മേൽ രേഖകൾ ലഭ്യമാക്കാത്തപക്ഷം 1997 ലെ കേരള മുൻസിപ്പാലിറ്റി (പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 12(2) പ്രകാരം ബന്ധപ്പെട്ട രേഖകളോ, കണക്കുകളോ നിലവിലില്ലാ എന്ന് കരുതപ്പെടുന്നതും മേൽ പറഞ്ഞ തുക നഗരസഭ ഫണ്ടിന് നഷ്ടമായി കണക്കാക്കുന്നതുമാണ്. ആയത് ഉത്തരവാദികളുടെ വ്യക്തിഗത ബാധ്യതയുമായി കണക്കാക്കി തുടർനടപടി സ്വീകരിക്കുന്നതാണ്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ അടിയന്തര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-52 കെ-സ്മാർട്ട് സോഫ്റ്റ്‌വെയറിൽ വസ്തു നികുതി ഓഡിറ്റ് ചെയ്യുമ്പോളുള്ള പ്രയാസങ്ങൾ

കെ-സ്മാർട്ട് സോഫ്റ്റ്‌വെയറിൽ നികുതി വരവുമായി ബന്ധപ്പെട്ട ഓഡിറ്റ് നടത്തുമ്പോൾ താഴെ പറയുന്ന പ്രയാസങ്ങൾ നേരിടുന്നുണ്ട്.

വസ്തു നികുതി ഓഡിറ്റ്

1) നിലവിൽ കെ-സ്മാർട്ട് സോഫ്റ്റ്‌വെയറിൽ ഫീൽഡ് കളക്ഷൻ റിപ്പോർട്ടും അസസ്മെന്റ് രജിസ്റ്ററുകളും മാത്രമാണ് വസ്തു നികുതി പരിശോധനയ്ക്ക് ലഭ്യമാകുന്നത് ആയത് തന്നെ വാർഡ് തലത്തിലുള്ളത് മാത്രമാണ് ലഭ്യമായിട്ടുള്ളത്. നഗരസഭയുടെ കൺസോളിഡേറ്റഡ് ഫീൽഡ് കളക്ഷൻ റിപ്പോർട്ട് ലഭ്യമല്ല.

2) ന്യൂ ബിൽഡിങ്ങ് രജിസ്റ്റർ (ഒരു സാമ്പത്തിക വർഷം നഗരസഭയിൽ നിലവിൽ വന്ന കെട്ടിടങ്ങളുടെ വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ) കെ-സ്മാർട്ടിൽ ലഭ്യമല്ല.

3) നികുതി ഒഴിവാക്കി നൽകിയ കെട്ടിടങ്ങളുടെ കൺസോളിഡേറ്റഡ് വിവരങ്ങൾ കെ സ്മാർട്ട് സോഫ്റ്റ്‌വെയറിൽ

ഓഡിറ്റിന് ലഭ്യമാകുന്നില്ല.

4) പൊളിച്ച് നീക്കിയ കെട്ടിടങ്ങളുടെ രജിസ്റ്റർ കെ-സ്മാർട്ടിൽ ലഭ്യമല്ല.

5) വേക്കൻസി റെമിഷൻ അനുവദിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ ലഭ്യമല്ല.

മേൽ രജിസ്റ്ററുകൾ/രേഖകൾ നഗരസഭയിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിൽ ഓഡിറ്റിന് ഹാജരാക്കാനും, കെ-സ്മാർട്ട് സോഫ്റ്റ്‌വെയർ സംബന്ധിച്ച മേൽ അപാകതകൾ നഗരസഭ ബന്ധപ്പെട്ട അധികാരികളെ അറിയിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ഓഡിറ്റിന് ലഭ്യമാക്കാനും ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണത്തിന് (14/19-01-2026) മറുപടി ലഭ്യമാക്കുകയോ രജിസ്റ്ററുകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. രജിസ്റ്ററുകൾ/രേഖകൾ അടിയന്തിരമായി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം കേരള മുനിസിപ്പാലിറ്റി (പരിശോധന രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങൾ ചട്ടം 12 പ്രകാരം അത്തരം രേഖകളോ കണക്കുകളോ നിലവിലില്ല എന്ന നിഗമനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 Septage Treatment Plant-ലഭിക്കാനുള്ള തുക ഈടാക്കിയിട്ടില്ല.

കൽപ്പറ്റ നഗരസഭയുടെ കീഴിലുള്ള Septage Treatment Plant ൽ 2019-20 വർഷം മുതൽ മാലിന്യം മറ്റ് സ്ഥാപനങ്ങളിൽ നിന്നും നഗരസഭയിൽ നിന്നും ശേഖരിച്ച് സംസ്കരിക്കുന്നു. മറ്റ് സ്ഥാപനങ്ങളിൽ നിന്നും മാലിന്യം സംസ്കരിക്കുന്നതിന് തുക അടവാക്കുന്നതിന്റെ വിവരങ്ങൾ പരിശോധിച്ചതിൽ ചില സ്ഥാപനങ്ങൾ നിലവിലും തുക അടക്കാൻ ബാക്കിയുള്ളതായി കണ്ടു

രജിസ്റ്റർ പ്രകാരം തുക അടവാക്കാൻ ബാക്കിയുള്ള സ്ഥാപനങ്ങളുടെ വിവരം ഇപ്രകാരമാണ്.

| ക്രമനമ്പർ | തീയതി | അളവ് (ലിറ്റർ) | സ്ഥാപനം | അടക്കേണ്ട തുക |
|---|---|---|---|---|
| 1 | 11/02/22 | 9200 | സുൽത്താൻബത്തേരി നഗരസഭ | 20,000 |
| 2 | 10/03/22 | 4500 | കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത് | 10,000 |
| 3 | 11/03/22 | 4500 | കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത് | 10,000 |
| 4 | 30/12/23 | 4500 | മാനന്തവാടി നഗരസഭ | 12,000 |
| 5 | 30/12/23 | 4500 | മാനന്തവാടി നഗരസഭ | 12,000 |
| 6 | 30/12/23 | 4500 | മാനന്തവാടി നഗരസഭ | 12,000 |
| 7 | 31/12/23 | 4000 | തിരുനെല്ലി ഗ്രാമപഞ്ചായത്ത് | 8 ലോഡിന് അടക്കേണ്ടിയിരുന്ന 96,000 രൂപയിൽ 45,000 രൂപ അടച്ച ബാക്കി 51,000 കിട്ടാൻ ഉണ്ട്. |
| 8 | 31/12/23 | 4600 | തിരുനെല്ലി ഗ്രാമപഞ്ചായത്ത് | |
| 9 | 31/12/23 | 4500 | തിരുനെല്ലി ഗ്രാമപഞ്ചായത്ത് | |
| 10 | 2/01/24 | 4500 | തിരുനെല്ലി ഗ്രാമപഞ്ചായത്ത് | |
| 11 | 02/01/24 | 4500 | തിരുനെല്ലി ഗ്രാമപഞ്ചായത്ത് | |
| 12 | 02/01/24 | 4500 | തിരുനെല്ലി ഗ്രാമപഞ്ചായത്ത് | |
| 13 | 03/01/24 | 4500 | തിരുനെല്ലി ഗ്രാമപഞ്ചായത്ത് | |

| | | | | |
|---|---|---|---|---|
| 14 | 03/01/24 | 4500 | തിരുനെല്ലി ഗ്രാമപഞ്ചായത്ത് | |
| 15 | 30/03/24 | 4800 | മാനന്തവാടിനഗരസഭ | 12,000 |
| 16 | 30/03/24 | 4800 | മാനന്തവാടിനഗരസഭ | 12,000 |
| 17 | 30/03/24 | 4700 | മാനന്തവാടിനഗരസഭ | 12,000 |
| 18 | 05/04/24 | 4800 | മാനന്തവാടിനഗരസഭ | 12,000 |
| 19 | 05/04/24 | 4700 | മാനന്തവാടിനഗരസഭ | 12,000 |
| 20 | 21/09/24 | രണ്ട് ലോഡ് | മാനന്തവാടിനഗരസഭ | 24,000 |
| 21 | 21/10/24 | 3 ലോഡ് | സുൽത്താൻ ബത്തേരി നഗരസഭ | 36,000 |
| 22 | 06/01/25 | 2 ലോഡ് | മീനങ്ങാടി ഗ്രാമപഞ്ചായത്ത് | 24,000 |
| 23 | 07/01/25 | 2 ലോഡ് | മീനങ്ങാടി ഗ്രാമപഞ്ചായത്ത് | 24,000 |
| ആകെ | | | | 2,95,000 |

ഇത് സംബന്ധിച്ച ചുമതലയുള്ളത് ക്ലീൻ സിറ്റി മാനേജർക്കാണ്. വിഷയം ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (4/17.01.2026)സമർപ്പിച്ച മറുപടിയിൽ തുക ഈടാക്കാൻ കത്ത് നൽകിയതായി അറിയിച്ചിട്ടുണ്ട്.മേൽ ഖണ്ഡികയിലെ ക്രമനമ്പർ 18മുതൽ 23വരെ ഈടാക്കാനുള്ള തുക ₹132000 2024-25 വർഷത്തെ വരവ് നഷ്ടമായി കണക്കാക്കുന്നു.തുക ഉത്തവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്. തുക ഈടാക്കി അറിയിക്കാത്തപക്ഷം ചാർജ്ജ് നടപടികൾ സ്വീകരിക്കുന്നതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ്

എ). മെഡിസെപ് പ്രീമിയം അടവ് (റഗുലർ ജീവനക്കാർ)

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം* | മെഡിസെപ് പ്രീമിയം ഇനത്തിൽഈടാക്കിയ തുക | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| 55 | 324500 | 324500 | 0 | |

*01-04-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ

ബി). മെഡിസെപ് പ്രീമിയം ഒടുക്ക് (01.04.24 മുതൽ 30.06.24 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക ഉൾപ്പടെ | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |

സി). മെഡിസെപ് പ്രീമിയം ഒടുക്ക് (01.07.24 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |

ഡി). മെഡിസെപ് പ്രീമിയം ഒടുക്ക് (01.08.24 മുതൽ 31.03.25 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽഈടാക്കിയ തുക മുതലുള്ള കുടിശ്ശിക ഉൾപ്പടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്കാസ് |
|---|---|---|---|---|---|
| ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |

## 4-2 വാർഷിക കണക്ക് പരിശോധിച്ച വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2024-25 | 12.01.2026 മുതൽ 13.01.2026 വരെ | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ച. |

## 4-3 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-4 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

നിക്ഷേപപ്രവൃത്തികൾ ഇല്ല എന്നാണ് സെക്രട്ടറി മറുപടി ലഭ്യമാക്കിയത്. എന്നാൽ വാർഷിക കണക്കിലെ B-18 ഷെഡ്യൂളിൽ തുക നീക്കിയിരിപ്പുണ്ട്.അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.വിശദവിവരങ്ങൾക്ക് ഖണ്ഡിക 1-1-14 കാണുക

## 4-5 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-6 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-7 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1000000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 1000000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |

| | |
|---|---|
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1000000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| സ്ഥാപനത്തിന്റെ പേര് | നിക്ഷേപിച്ച നമ്പർ /തീയതി | തുക | റിമാർക്സ് |
|---|---|---|---|
| ക്ലീൻ കേരള | 029 | 1000000 | |

4-8 ഓഡിറ്റ് റിക്കവറി

ഇല്ല

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 26 | 1999-2000 | 4-70(എ) | അധികദൂരം കൺവേയൻസ് ചാർജ്ജിനായി കണക്കാക്കിയതിൽ നഷ്ടം | നടപടി തുടരുന്നു. |
| 1998-99 | 40 | 1999-2000 | 4-70(ബി) | മിനി സ്റ്റേഡിയം സ്ഥലം വാങ്ങിയതിൽ ക്രമക്കേടുകൾ | നടപടി തുടരുന്നു. |
| 1998-99 | 42(B) | 1999-2000 | 4-70(സി) | കൃത്രിമമായി ചെലവ് പെരുപ്പിച്ച് കാണിച്ചു | നടപടി തുടരുന്നു. |
| 1997-98 | 37 | 2001-02 | VI-10(Ii) | വസ്തുനികുതി പുനർ | നടപടി |

| | | | | | |
|---|---|---|---|---|---|
| | | | | നിർണ്ണയം - 1997-98 – അപാകതകൾ - നഷ്ടം 5,664 രൂപ | തുടരുന്നു. |
| 1997-98 | 32(A) | 2001-02 | VI-10(Ii) | വസ്തുനികുതി നിർണ്ണയം - കുടിശ്ശിക ഈടാക്കാത്തത് നഗരസഭയ്ക്ക് നഷ്ടം | നടപടി തുടരുന്നു. |
| 99-00 | 34, 18(3) | 2004-05 | 3-12(111) (7)(1) | മരാമത്ത് ബില്ലുകളിൽ അധിക ചെലവ് | നടപടി തുടരുന്നു. |
| 99-00 | 23(4) | 2004-05 | 3-12(111) (7) (2) | ടാറിംഗ് കരാറുകാർ ലാഭകരമായി തീർപ്പാക്കി | നടപടി തുടരുന്നു. |
| 2000-01 | 3-9 | 2007-08 | 4.12.1 | ലക്ഷം ഭവന പദ്ധതിക്ക് ഹഡ്കോ അനുവദിച്ച തുക ചെലവ് ചെയ്തതിലെ അപാകതകൾ | നടപടി തുടരുന്നു. |
| 2013-14 | - | 2013-14 | 5.2.14 | സെപ്റ്റ് വിഷൻ ഇന്ത്യ- ഫുട്ബോൾ പരിശീലന പരിപാടികളിൽ സജീപങ്കാളികൾ | നടപടി തുടരുന്നു. |
| 2014-15 | - | 2014-15 | അധ്യായം 2 | നഗരസഭയുടെ ഓഡിറ്റ് റിപ്പോർട്ടിൻമേൽ സമയബന്ധിതമായി തുടർനടപടികൾ സ്വീകരിക്കുന്നില്ല | നടപടി തുടരുന്നു. |
| 2015-16 | 3-19 | 2016-17 | 9.1 | ഗ്യാസ് ക്രിമിറ്റോറിയം - പ്രവർത്തനക്ഷമമായില്ല | നടപടി തുടരുന്നു. |
| 2017-18 | 2-15 | 2018-19 | 1-2 | ബി ഒ ടി ആന്വിറ്റി | നടപടി തുടരുന്നു. |
| 2018-19 | 3-5 | 2019-20 | 3-12(1) | തെരുവു വിളക്ക് പരിപാലനം | നടപടി തുടരുന്നു. |

## 4-11 ഓഡിറ്റ് പ്രത്യാവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 256908852 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 223214150 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹132000 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹11406611 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡികനമ്പർ | ചാർജ്ജ് ചെയ്യാവുന്ന തുക | സർചാർജ്ജ് ചെയ്യാവുന്ന തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപേരും |
|---|---|---|---|
| 2-1 | 24000 | | വിൻസന്റ് .സി.എ, ക്ലീൻ സിറ്റി മാനേജർ |

| | | | |
|---|---|---|---|
| 2-1 | 24000 | | ബിന്ദുമോൾ എസ്.<br>ക്ലീൻ സിറ്റി മാനേജർ |
| 2-1 | 84000 | | കെ.സത്യൻ ,<br>ക്ലീൻ സിറ്റി മാനേജർ |
| | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 3,22,000 | കെ. മുനവർ, അസി. എഞ്ചിനീയർ |
| 1-22 | 1,39,111 | കെ. മുനവർ, അസി. എഞ്ചിനീയർ |
| 1-23 | 7,72,820 | കെ. മുനവർ, അസി. എഞ്ചിനീയർ |
| 1-25 | 10,81,461 | ശ്രീ. അലി അസ്ഹർ എൻ. കെ., സെക്രട്ടറി |
| 1-26 | 6,99,999 | ഡോ എം. മൊയ്തീൻ ഷാ, മെഡിക്കൽ ഓഫീസർ, ജനറൽ ഹോസ്പിറ്റൽ |
| 1-27 | 83,456 | ഡോ എം. മൊയ്തീൻ ഷാ, മെഡിക്കൽ ഓഫീസർ, ജനറൽ ഹോസ്പിറ്റൽ |
| 1-28 | 4,71,192 | ഡോ എം. മൊയ്തീൻ ഷാ, മെഡിക്കൽ ഓഫീസർ, ജനറൽ ഹോസ്പിറ്റൽ |
| 1-29 | 3,14,856 | ഡോ എം. മൊയ്തീൻ ഷാ, മെഡിക്കൽ ഓഫീസർ, ജനറൽ ഹോസ്പിറ്റൽ |
| 1-30 | 3,00,000 | ഡോ എം. മൊയ്തീൻ ഷാ, മെഡിക്കൽ ഓഫീസർ, ജനറൽ ഹോസ്പിറ്റൽ |
| 1-32 | 15,00,000 | ശ്രീ. അലി അസ്ഹർ എൻ. കെ., സെക്രട്ടറി |
| 1-33 | 22,37,626 | ശ്രീ. അലി അസ്ഹർ എൻ. കെ., സെക്രട്ടറി |
| 1-36 | 4,93,746 | ശ്രീ സജീവൻ പി .ടി., പ്രിൻസിപ്പൽ |
| 1-39 | 53,844 | ശ്രീ. അലി അസ്ഹർ എൻ. കെ., സെക്രട്ടറി |
| 1-41 | 2,00,000 | ഡോ എം. മൊയ്തീൻ ഷാ, മെഡിക്കൽ ഓഫീസർ, ജനറൽ ഹോസ്പിറ്റൽ |
| 1-46 | 27,36,500 | കെ. സത്യൻ, ക്ലീൻ സിറ്റി മാനേജർ |
| ആകെ | 1,14,06,611 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| കെ.മുനവർ,അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ<br>കൽപ്പറ്റ നഗരസഭ | നസ്ല മൻസിൽ,<br>കാപ്പംകൊല്ലി<br>മേപ്പാടി പി.ഒ<br>വയനാടി |
| അലി അസ്ഹർ എൻ കെ ,സെക്രട്ടറി | സെക്രട്ടറി<br>കൽപ്പറ്റ നഗരസഭ | നായ്ക്കേരി കോമത്ത് വീട്<br>പിണങ്ങോട് .പി.ഒ<br>കൽപ്പറ്റ<br>വയനാടി |
| സത്യൻ കെ,ക്ലീൻ സിറ്റി മാനേജർ | ക്ലീൻ സിറ്റി മാനേജർ | കുഴിച്ചാലിൽ വീട്<br>മുതുകാടി പി.ഒ<br>പെരുവണ്ണാമൂഴി<br>കോഴിക്കോട് |
| ഡോ എം മൊയ്തീൻ ഷാ ,<br>മെഡിക്കൽ ഓഫീസർ,<br>ജനറൽ ഹോസ്പിറ്റൽ | മെഡിക്കൽ ഓഫീസർ,<br>ജനറൽ ഹോസ്പിറ്റൽ | |

| | | |
|---|---|---|
| ശ്രീ സജീവൻ പി.ടി, പ്രിൻസിപ്പൽ | പ്രിൻസിപ്പൽ<br>ജി.വി.എച്ച്.എസ്.എസ് കൽപ്പറ്റ | പുളിക്കൽ ഹൗസ്,<br>വാഴവറ്റ പി.ഒ<br>വയനാട് |
| ബിന്ദുമോൾ എസ്.<br>ക്ലീൻ സിറ്റി മാനേജർ | - | കക്കറയിൽ വീട്<br>ഇരിങ്ങൽ പി.ഒ<br>മൂരാട്<br>കോഴിക്കോട് |
| വിൻസന്റ് .സി.എ,<br>ക്ലീൻ സിറ്റി മാനേജർ | - | സിങ്കലേൽ വീട്<br>എടവക പി.ഒ<br>മാനന്തവാടി |

## 4-12 തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1992-93<br>1993-94 | എൽ.എഫ്.ഡബ്ല്യ.ഇ2.181/2009 തീയതി.03.03.2009 | 5 |
| 1994-95 | എൽ.എഫ്.ഡബ്ല്യ.പി1.633/2008 തീയതി.15.4.2009 | 3 |
| 1995-96 | എൽ.എഫ്.ഡബ്ല്യ.പി2.724/2008തീയതി.15.4.2009 | 2 |
| 1996-97 | എൽ.എഫ്.ഡബ്ല്യ.ഇ2.204/2009 തീയതി.03.03.2004 | 14 |
| 1997-98 | എൽ.എഫ്.ഡബ്ല്യ.ഇ4.43/2015 തീയതി 21.03.2015 | 4 |
| 1998-99 | എൽ.എഫ്.ഡബ്ല്യ.ഇ4.278/2013 തീയതി.16.5.2013 | 26 |
| 1999-00 | എൽ.എഫ്.ഡബ്ല്യ.ഇ4.303/2013 തീയതി.8.7.2013 | 20 |
| 2000-01 | എൽ.എഫ്.ഡബ്ല്യ.ഇ4.302/2013 തീയതി.08.07.2013 | 35 |
| 2001-02<br>(Plan) | എൽ.എഫ്.ഡബ്ല്യ.പി1.342/2004/27.03.2006 | 4 |
| 2001-02 | എൽ.എഫ്.ഡബ്ല്യ.ഇ4.604/2013/25.08.2014 | 9 |
| 2002-03 | എൽ.എഫ്.ഡബ്ല്യ.പി7-.463/2007 തീയതി.18.11.2008 | 24 |
| 2003-04 | എൽ.എഫ്.ഡബ്ല്യ.ഇ2.759/2009 തീയതി.15.1.10 | 22 |
| 2004-05 | എൽ.എഫ്.ഡബ്ല്യ.ഇ2.562/2009 തീയതി.2.1.2010 | 11 |
| 2005-06 | എൽ.എഫ്.ഡബ്ല്യ.ഇ2.562/2009 തീയതി.11.2.2010 | 14 |
| 2006-07 | എൽ.എഫ്.ഡബ്ല്യ.ഇ4.473/2013 തീയതി.24.7.2013 | 17 |
| 2007-08 | എൽ.എഫ്.ഡബ്ല്യ.ഇ2.859/2012 തീയതി.21.11.2012 | 33 |
| 2008-09 | എൽ.എഫ്.ഡബ്ല്യ.ഇ2.97/2010 തീയതി.2.2.2012 | 44 |
| 2009-10 | എൽ.എഫ്.ഡബ്ല്യ.ഇ2.858/2012 തീയതി.06.05.2013 | 31 |
| 2010-11 | എൽ.എഫ്.ഡബ്ല്യ.ഇ2.932/2009 തീയതി.12.5.2013 | 29 |
| 2011-12 | എൽ.എഫ്.ഡബ്ല്യ.ഇ4.1036/2014 തീയതി.24.3.2015 | 22 |
| 2012-13 | കെ.എസ്.എ.ഡബ്ല്യ.വൈ.ഡി.എം1-21/2015 തീയതി.3.5.2016 | 8 |
| 2013-14 | കെ.എസ്.എ.ഡബ്ല്യ.വൈ.ഡി.എം.1.866/15 തീയതി23.8.2016 | 25 |
| 2014-15 | കെ.എസ്.എ.ഡബ്ല്യ.വൈ.ഡി.എം.1.426/16 തീയതി 30.12.2019 | 32 |
| 2015 -16 | കെ.എസ്.എ.ഡബ്ല്യ.വൈ.ഡി.എം.2-70/2017 തിയതി 7.02.2017 | 28 |
| 2016-17 | കെ.എസ്.എ.ഡബ്ല്യ.വൈ.ഡി.എം2 622/17തീയതി 10.05.2019 | 40 |
| 2017-18 | കെ.എസ്.എ.ഡബ്ല്യ.വൈ.ഡി-എം2-931/18(1)തീയതി 22.06.2020 | 36 |
| 2018-19 | കെ.എസ്.എ.ഡബ്ല്യ.വൈ.ഡി.എം.3- 1014/19തിയതി 22.06.2020 | 49 |

| | | |
|---|---|---|
| 2019-20 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി-എം.3- 214/22തീയതി 28.05.2022 | 30 |
| 2020-21 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി-എം.3- 423/22തീയതി 23.06.2022 | 70 |
| 2021-22 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി-എം.3- 170/23തീയതി 29.03.2023 | 30 |
| 2022-23 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി-എം.3- 183/24തീയതി 13.08.2024 | 51 |
| 2023-24 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി-എം.3- 271/25 തീയതി 29.03.2025 | 102 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,വയനാട്

# Annexure-1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 1/2025 dated 1/1/2025 dated 28-11-2025 and submitted on 02-12-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Kalpetta Municipality as per section 295(4) of Kerala Municipality act 1994, Kerala Municipality (Accounts) rules 2007, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the ULB's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of Local Bodies issued by C&AG. These standards/ guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Kalpetta Municipality as on 31-03-2025

Date: 10/03/2026 Senior Deputy Director

Kerala State Audit Department

Audit Report appended to the Audit Certificate of Kalpetta Municipality for the Year 2024-2025.

1.Major Observations

1.Non Discolsure of Asset- Municipal Bus stand annuity amount receivable Rs 41,19,319 is not accounted in AFS as income

2.An amount of Rs 2,30,80,502/- was accounted as tax- remission and refund in income and expenditure account. But the documents were not produced.

2.Other Observations

1.All statements as per the accounting rules have not been submitted with AFS.

2.Distress Relief Fund as per B-2 schedule of AFS does not match the amount as per bank book

3.Reconciliation statement and bank statement of following accounts are not produced for audit

| Sl no | Account no | B-17 |
|---|---|---|
| 1 | CB - 100097912 | 21,320 |
| 2 | SBoI - 67014688618 | 12,807 |
| 3 | 1801 - 100000050 | 2,09,754 |
| 4 | 1801 - 100000107 | 1,00,000 |
| 5 | 1801 - 100000108 | 40,02,897 |
| 6 | 1801 - 100000186 | 8,724 |

4.Provision on doubtful arrears were not provided in AFS

5.Lack of authenticated journal vouchers for supporting the adjustment entries recorded in prior period items.

6.Lapses in making timely and accurate demand entries in respect of tax and non tax revenue

7. The Assets register of municipality has not been updated.

8.The details of the amount recorded under the head of account, capital work in progress, in balance sheet is not produced for audit.

9.The Festival Advance in adavance register does not match with AFS

10.The following registers related to own fund revenue have not been produced for audit

Eg. Loan register, Deposit register, Advance (revenue- head code 3504101) register,

profession tax, entaitainment tax,Building permit register,tender form register, licence register

11.Despite the completion of the projects advances given to various implementing agencies have not been adjusted

12.The expired stale cheques have not been credited back to ownfund accounts

13 The DCB statement of Property tax does not match with AFS

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

വയനാട് ജില്ലയിലെ കൽപ്പറ്റ മുൻസിപ്പാലിറ്റിയുടെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-3

## Abstract of Annual Financial Statements

**Kalpetta Municipality**
**BALANCE SHEET**

For the period from 01-April-2024 to 31-March-2025

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 3100000 | Panchayat / Municipal Fund | B1 | 470203306.21 |
| 3110000 | Earmarked Funds | B2 | 12203.00 |
| 3120000 | Reserves | B3 | 369213465.00 |
| | **Total Reserve & Surplus** | | **839428974.21** |
| | **Grants, Contributions for Specific Purposes** | | |
| 3200000 | Grants, Funds & Contribution for Specific Purposes | B4 | 39657727.00 |
| | **Total Grants, Contributions for Specific Purposes** | | **39657727.00** |
| | **Loans** | | |
| 3300000 | Secured Loans | B5 | 117967943.00 |
| | **Total Loans** | | **117967943.00** |
| | **Current Liabilities & Provisions** | | |
| 3400000 | Deposits Received | B7 | 13347125.99 |
| 3500000 | Other Liabilities | B8 | 37977162.30 |
| | **Total Current Liabilities and Provisions** | | **51324288.29** |
| | **Total LIABILITY** | | **1048378932.50** |
| | **ASSETS** | | |
| | **Fixed Assets** | | |
| 4100000 | Fixed Assets | B9 | 537484728.00 |
| 4110000 | Accumulated Depreciation | B10 | -58519238.00 |
| 4120000 | Capital Work in Progress | B11 | 217410953.00 |
| | **Total Fixed Assets** | | **696376443.00** |
| | **Investments** | | |
| 4200000 | Investments | B12 | 1000000.00 |
| | **Total Investments** | | **1000000.00** |
| | **Current Assets, Loans and Advances** | | |
| 4300000 | Stock-in-hand | B13 | 1045835.00 |
| 4310000 | Sundry Debtors (Receivables) | B14 | 46445809.50 |
| 4400000 | Pre-paid Expenses | B16 | 84136849.00 |
| 4500000 | Cash and Bank Balance | B17 | 180399063.00 |
| 4600000 | Loans, Advances and Deposits | B18 | 38974933.00 |



Digitally signed by ALI AS
Date: 2025.12.02 14:11:5
Reason: Approval
Location: Kerala

| | | |
|---|---|---|
| | **Total Current Assets, Loans and Advances** | **351002489.50** |
| | **TOTAL ASSET** | **1048378932.50** |

**Kalpetta Municipality**
**RECEIPT & PAYMENT STATEMENT**

For the period from 01-April-2024 to 31-March-2025

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | OB | 146217854.00 |
| Cash | Cash | OB | 486507.00 |
| | **Operating** | | |
| 1100000 | Tax Revenue | R1 | 17646949.00 |
| 1300000 | Rental income | R3 | 121468.00 |
| 1400000 | Fees & User Charges | R4 | 17649031.00 |
| 1500000 | Sale & Hire Charges | R5 | 1101488.00 |
| 1600000 | Revenue Grants, Contributions and Subsidies | R6 | 0.0 |
| 1700000 | Income from Investments | R7 | 3327.00 |
| 1710000 | Interest Earned | R8 | 3430605.00 |
| 1800000 | Other Income | R9 | 37565.00 |
| 2800000 | Prior Period Item | R19 | 5421063.00 |
| 3100000 | Panchayat Fund | R21 | 949290.00 |
| 3110000 | Earmarked Funds | R10 | 591.00 |
| 3200000 | Grants, Funds & Contributions for Specific Purposes | R11 | 64807817.00 |
| 3300000 | Secured Loans | R12 | 33802942.00 |
| 3400000 | Deposits Received | R13 | 619328.00 |
| 3500000 | Sundry Creditors | R14 | 14076985.50 |
| 3500000 | Sundry Creditors | R15 | 1541455.00 |
| 4310000 | Sundry Debtors | R20 | 6131693.00 |
| 4310000 | Sundry Debtors | R17 | 88925689.50 |
| 4600000 | Advances Received | R18 | 641565.00 |
| | **Non Operating** | | |
| | **TOTAL RECEIPT** | | **256908852.00** |
| | **GRAND TOTAL (Opening Balance+ Receipt)** | | **403613213.00** |
| | **PAYMENTS** | | |
| | **Operating** | | |
| 2100000 | Establishment Expenses | P1 | 10133245.00 |
| 2200000 | Administrative Expenses | P2 | 3297419.00 |
| 2300000 | Operations & Maintenance | P3 | 10207536.00 |



Digitally signed by ALI AS
Date: 2025.12.02 14:11:3
Reason: Approval
Location: Kerala

| | | | |
|---|---|---|---|
| 2400000 | Interest on Loans | P4 | 4066254.00 |
| 2500000 | Programme Expenses | P5 | 152174.00 |
| 2510000 | Expenses related to Productive Sector | P6 | 1650066.00 |
| 2520000 | Expenses related to Service Sector | P7 | 34687192.00 |
| 2530000 | Expenses related to Infrastructure Sector | P8 | 2940473.00 |
| 2540000 | Expenses related to State Sponsored Schemes | P9 | 10841390.00 |
| 2600000 | Revenue Grants, Contribution and Subsidies | P11 | 108900.00 |
| 2800000 | Prior Period Item | P12 | 23385785.00 |
| 3200000 | Grants, Funds & Contributions for Specific Purposes | P14 | 119517.00 |
| 3300000 | Repayment of Loans | P15 | 492936.00 |
| 3400000 | Deposits Paid | P16 | 177264.00 |
| 3500000 | Sundry Creditors | P17 | 108885827.00 |
| 4100000 | Fixed Assets | P18 | 2569674.00 |
| 4310000 | Redemption amount | P24 | 7659146.00 |
| 4600000 | Loans, Advances and Deposits | P23 | 1839352.00 |
| | **Non Operating** | | |
| | **TOTAL PAYMENT** | | **223214150.00** |
| | **Closing Balance** | | |
| Bank | Bank | CB | 179632773.00 |
| Cash | Cash | CB | 766290.00 |
| | **Grand Total (Payment + Closing Balance)** | | **403613213.00** |

**Kalpetta Municipality**

**INCOME & EXPENDITURE STATEMENT**

For the period from 01-April-2024 to 31-March-2025

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **INCOME** | | |
| 1100000 | Tax Revenue | I - 1(a) | -23080502.00 |
| 1100000 | Tax Revenue | I -1 | 77230757.00 |
| 1300000 | Rental Income from Panchayat / Municipal Properties | I - 3 | 7763820.00 |
| 1400000 | Fees and User Charges Remission and Refund | I - 4 | 21540024.00 |
| 1500000 | Sale & Hire Charges | I - 5 | 1124248.00 |
| 1600000 | Revenue Grants, Funds, Contributions & Compensations / Subsidies | I - 6 | 259251973.00 |
| 1700000 | Income from Investments | I - 7 | 3327.00 |
| 1710000 | Interest Earned | I - 8 | 3389505.00 |
| 1800000 | Other Income | I - 9 | 37565.00 |
| | **Total Income** | | **347260717.00** |
| | **EXPENDITURE** | | |
| 2100000 | Establishment Expenses | I - 10 | 48227292.00 |
| 2200000 | Administrative Expenses | I - 11 | 3342419.00 |
| 2300000 | Operations & Maintenance | I - 12 | 23595945.00 |
| 2400000 | Interest & Finance Charges | I - 13 | 4094406.00 |
| 2500000 | Programme Expenses | I - 14 | 533214.00 |
| 2510000 | Expenses related to Productive Sector | I - 14(a) | 7143966.00 |
| 2520000 | Expenses related to Service Sector | I - 14(b) | 116637937.00 |
| 2530000 | Expenses related to Infrastructure Sector | I - 14(c) | 11401893.00 |
| 2540000 | Expenses related to State Sponsored Schemes | I - 14(d) | 96274790.00 |
| 2600000 | Revenue Grants, Contributions & Compensation from Own Fund / Subsidies | I - 15 | 15408900.00 |
| 2720000 | Depreciation | I - 18 | 14904626.00 |
| | **Total Expenditure** | | **341565388.00** |
| | **Gross Surplus / Deficit of income over Expenditure** | | **5695329.00** |
| 2800000 | Prior Period Item | I - 19 | 24363021.00 |
| | **Gross Surplus/Deficit of Income over Expenditure after prior period items.** | | **-18667692.00** |



Digitally signed by ALI AS
Date: 2025.12.02 14:12:1
Reason: Approval
Location: Kerala

SENIOR DEPUTY DIRECTOR
DISTRICT AUDIT OFFICE,WAYANAD